
ഏഴംകുളം ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട ജില്ല




ജനകീയാസൂത്രണം

വികസന രേഖ

1996

ഡിസംബർ



കർണ്ണാടക
തമിഴ്നാട്
ലക്ഷദ്വീപ് കടൽ

33-3

ഒൻപതാം പദ്ധതി


വികസന രേഖ


ഏഴംകുളം ഗ്രാമപഞ്ചായത്ത്




വാർഡുകൾ

I	ഇളങ്ങമംഗലം
II	ഏനാത്ത് പടിഞ്ഞാറ്
III	ഏനാത്ത് കിഴക്ക്
IV	കടിക
V	കൈതപ്പറമ്പ്
VI	നെടുമൺ
VII	ഏഴംകുളം തെക്ക്
VIII	ഏഴംകുളം കിഴക്ക്
IX	ഏഴംകുളം പടിഞ്ഞാറ്
X	അറുകാലിക്കൽ കിഴക്ക്
XI	അറുകാലിക്കൽ പടിഞ്ഞാറ് A
XII	അറുകാലിക്കൽ പടിഞ്ഞാറ് B


കേരളം
ഏഴംകുളം
പത്തനംതിട്ട ജില്ല


N
S


പത്തനംതിട്ട ജില്ല
ഏഴംകുളം

ഏഴംകുളം ഗ്രാമപഞ്ചായത്ത് അംഗങ്ങൾ (1996)



ഇ. അബ്ദുൾ റഹിം (വാർഡ് 7)
പ്രസിഡന്റ്



തേരകത്ത് മണി (വാർഡ് 11)
വൈസ് പ്രസിഡന്റ്



റോയി പനവിള (വാർഡ് 4)
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



സരസ്വതി കൃഷ്ണൻ
(വാർഡ് 1)



ഉഷാ ഗോപിനാഥ്
(വാർഡ് 2)



അഡ്വ. ചെറിയാൻ കാവന
(വാർഡ് 3)



മറിയാമ്മ ശാമുവൽ
(വാർഡ് 5)



ജോർജ് ഏബ്രഹാം
(വാർഡ് 6)



പ്രസന്നകുമാർ
(വാർഡ് 8)



ഉഷാകുമാരി
(വാർഡ് 9)



ജി. കുട്ടപ്പൻ പിള്ള
(വാർഡ് 10)




തുളസീധരൻ
(വാർഡ് 12)


ഏഴംകുളം ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണ വികസന രേഖ

അകം പേജുകളിൽ

1. പര്യടന രേഖാചിത്രം
2. ആമുഖം
3. പൊതുവിവരങ്ങൾ
4. സാംസ്കാരിക സാമൂഹിക ചരിത്ര പശ്ചാത്തലം
5. ഭൂപ്രകൃതി
6. വിവിധ മേഖലകളുടെ അവലോകനം
   1. പ്രാഥമിക മേഖല
      a. കൃഷി, ജലസേചനം
      b. മൃഗപരിപാലനം, മത്സ്യക്കൃഷി
   2. ദ്വിതീയ മേഖല
      a. വ്യവസായ മേഖല
      b. ഊർജ്ജം
         ഗതാഗതം.
      c. പാർപ്പിടം
         സാമൂഹികക്ഷേമം.
   3. തൃതീയ മേഖല
      a. വിദ്യാഭ്യാസം
      b. കുടിവെള്ളം, പൊതുജനാരോഗ്യം.
      c. സംസ്കാരം
         കല, കായികരംഗം
      d. സഹകരണ മേഖല
      e. വനിതാക്ഷേമം
      f. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
7. വിഭവ സമാഹരണം
8. ഉപസംഹാരം
9. അയൽ പഞ്ചായത്തുകൾ
   അടൂർ താലൂക്കിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ
   പഞ്ചായത്ത് ജീവനക്കാർ
10. ഏഴംകുളം ഗ്രാമപഞ്ചായത്ത്
    കഴിഞ്ഞകാല പ്രസിഡന്റ് അംഗങ്ങൾ
11. വികസന റിപ്പോർട്ട് സംയോജനസമിതി



ഏഴംകുളം ഗ്രാമപഞ്ചായത്ത്



പഠന പര്യടന രേഖാചിത്രം – 1

ചിരണിക്കൽ ലക്ഷ്യം വീട് കോളനി – തൊടുവക്കാട് – പരുത്തിപ്പാറ
(വടക്കുപടിഞ്ഞാറ് – കിഴക്കുവടക്ക് – പടിഞ്ഞാറ്തെക്ക്)




1 – ചിരണിക്കൽ
2 – പനയ്ക്കമുരുപ്പ
3 –ചീരംകുന്ന്
4 – തൊടുവക്കാട്
5 – പരുത്തിപ്പാറ

പഠന പര്യടന രേഖാചിത്രം – 2

മാങ്കൂട്ടം – ഇളങ്ങമംഗലം – ദേശക്കല്ലുമൂട്
(വടക്ക് – തെക്കുപടിഞ്ഞാറ് – വടക്കുപടിഞ്ഞാറ്)



1 – മാങ്കൂട്ടം
2 – കർത്താമല
3 – വെള്ളാരംകുന്ന്
4 – കിഴക്കുപുറം
5 – കൊയ്പ്പള്ളിമല
6 – ഇളങ്ങമംഗലം
7 – ഏനാത്ത്
8 – ദേശക്കല്ലുംമൂട്



ആമുഖം

കേരളത്തിന്റെ ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പങ്കാളിത്തത്തോടുകൂടി ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിനു വേണ്ടിയാണ് ബഹുമാനപ്പെട്ട സംസ്ഥാന ഗവണ്മെന്റും ആസൂത്രണ ബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിരിക്കുന്നത്. സമൂഹത്തിലെ സമസ്ത ജനവിഭാഗങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഇത്തരത്തിലൊരു ജനകീയ പ്രസ്ഥാനത്തിന് രൂപം നൽകാൻ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും ഇതുവരെ കഴിഞ്ഞിട്ടില്ല. ആസൂത്രണ പ്രക്രിയയെ പ്ലാനിംഗ് ബോർഡിന്റെ നാലു ചുവരുകൾക്കുള്ളിൽനിന്ന് പുറത്തേക്കുകൊണ്ടുവന്ന് ജനതയുടെ ആവശ്യവും കൂട്ടായ്മയുമാക്കി മാറ്റുന്നു എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രത്യേകത. 30 40 ശതമാനം ആസൂത്രണ നടത്തിപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന നടപടി പ്രാദേശിക സന്തുലിതവികസനം ഉറപ്പാക്കുകതന്നെ ചെയ്യും.

പത്തനംതിട്ട ജില്ലയിലെ അടൂർ താലൂക്കിൽ ഏനാത്ത്, ഏഴംകുളം വില്ലേജുകളിലായി ഏഴംകുളം ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നു. 1951ൽ രൂപീകരിച്ച ഏഴംകുളം പഞ്ചായത്തിന് 12 വാർഡുകളുണ്ട്. ഏഴംകുളം ഗ്രാമപഞ്ചായത്ത് അടൂർ ലോകസഭാ മണ്ഡലത്തിലും അടൂർ അസംബ്ലി മണ്ഡലത്തിലും ഉൾപ്പെടുന്നു. പറക്കോട് ബ്ലോക്ക് പഞ്ചായത്തിലെ ഏനാത്ത്, ഏഴംകുളം ഡിവിഷനുകൾ പത്തനംതിട്ട ജില്ലാപഞ്ചായത്തിലെ കൊടുമൺ, പള്ളിക്കൽ ഡിവിഷന്റെ ഭാഗങ്ങളും ഈ പഞ്ചായത്ത് പ്രദേശത്തിൽ ഉൾപ്പെടുന്നു. ശ്രീ. തുവയൂർ ബാലനും ശ്രീമതി ശാന്തി ദാമോദരനുമാണ് ജില്ലാപഞ്ചായത്തംഗങ്ങൾ. ശ്രീ. വൈ. തോമസും ശ്രീമതി ശാന്തമ്മയും ആണ് ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ.

ഇടതുപക്ഷമുന്നണി ഭരണസമിതിയാണ് ഈ ഗ്രാമപഞ്ചായത്തിലുള്ളത്. ശ്രീ. തേരകത്ത് മണി വൈസ് പ്രസിഡന്റും ശ്രീ. റോയ് പനവിള സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനുമാണ്.


ജനങ്ങളുടെ കൂട്ടായ്മ ആവശ്യമായ സാക്ഷരതപോലുള്ള പ്രവർത്തനങ്ങളിൽ നല്ല പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുള്ള നമുക്ക് ജനകീയാസൂത്രണ പ്രവർത്തങ്ങളും വിജയിപ്പിക്കാൻ തീർച്ചയായും കഴിയും. ആസൂത്രണം താഴേത്തലത്തിൽനിന്ന് എന്ന വിപ്ലവകരമായ ആശയം പ്രാവർത്തികമാക്കി ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തിനും മാതൃകയാകുന്ന ഈ മഹത്തായ ബഹുജന പ്രസ്ഥാനത്തിൽ വിഭാഗീയതകൾ കൂടാതെ നമുക്കും സർവ്വാത്മനാ പങ്കാളികളാകാം.

ഇ. അബ്ദുൾ റഹിം
പ്രസിഡന്റ്
ഏഴംകുളം പഞ്ചായത്ത്

പൊതുവിവരങ്ങൾ

വിസ്തൃതി	30.55 ച.കി.മീ.
വീടുകളുടെ എണ്ണം	8345
വില്ലേജുകൾ	ഏഴംകുളം ഏനാത്ത്
ജനസംഖ്യ	33868
സ്ത്രീകൾ	17685
പുരുഷന്മാർ	16183
പട്ടികജാതി	5311
പട്ടികവർഗ്ഗം	41
തൊഴിലുള്ളവർ	8484
ഭാഗികമായി തൊഴിൽ ലഭിക്കുന്നവർ	1656
തോഴിൽരഹിതർ	25384
സാക്ഷരർ	30481
കൃഷിഭൂമി	
നിലം	408 ഹെക്ടർ
പുരയിടം	2562 ഹെക്ടർ
പ്രധാനതോടുകൾ	12
അരുവികൾ	8
കുളങ്ങൾ	15
10 സെന്റിനു മുകളിലുള്ള കുളങ്ങൾ	2
പൊതുകിണർ	15
കുഴൽകിണർ	8
റോഡ്	
ടാറിട്ടത്	46 കി.മീ.
ടാറിടാത്തത്	232 കി.മീ.
സ്ഥാപനങ്ങൾ	
പോസ്റ്റാഫീസ്	2
സബ് പോസ്റ്റാഫീസ്	3
ടെലഫോൺ എക്സ്ചേഞ്ച്	1
മൃഗാശുപത്രി	1
കൃഷിഭവൻ	1
ഗ്രാമവികസന ആഫീസ്	2

വില്ലേജാഫീസ്	2
ഇലക്ട്രിസിറ്റി മേജർ സെക്ഷൻ ഓഫീസ്	1
ആശുപത്രികൾ	
സർക്കാർമേഖല	
അലോപ്പതി	3
ആയുർവ്വേദം	1
ഹോമിയോ	ഇല്ല.
സഹകാര്യമേഖല	
അലോപ്പതി	7
ആയുർവ്വേദം	2
ഹോമിയോ	4
പാരമ്പര്യ ചികിൽസ	
പൊതുവിതരണ കേന്ദ്രങ്ങൾ	
റേഷൻ കടകൾ	19
മാവേലിസ്റ്റോർ	ഇല്ല
വിദ്യാഭ്യാസ സ്ഥാപനങ്ങൾ	
അംഗൻവാടികൾ	23
എൽ.പി. സ്ക്കൂൾ	7
യു.പി. സ്ക്കൂൾ	2
ഹൈസ്ക്കൂൾ	2
വൊക്കേഷണൽ ഹയർ സെക്കണ്ടറി	1
സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം	1
കോളജ്	1
ജനവിദ്യാകേന്ദ്രങ്ങൾ	2
ലൈബ്രറികൾ	8
ധനകാര്യ സ്ഥാപനങ്ങൾ	
വാണിജ്യബാങ്കുകൾ	1
സഹകരണബാങ്കുകൾ	3
വായ്പാ സഹകരണസംഘങ്ങൾ	5



സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഏഴംകുളം എന്ന സ്ഥലനാമത്തിന്റെ നിഷ്പത്തിയെപ്പറ്റി പ്രബലമായ മൂന്ന് നിഗമനങ്ങൾ നിലവിലുണ്ട്. മദ്ധ്യകാലഘട്ടത്തിൽ കച്ച വടത്തിനും മറ്റുമായി വന്നിരുന്ന സംഘങ്ങളിലെ അസ്പർശ്യരായ ഏഴകൾക്ക് (പാവപ്പെട്ടവർക്ക്) കുടിക്കുവാനും കുളിക്കുവാനും ഉള്ള കുളം പ്രത്യേകമായി നിലനിർത്തിയിരുന്ന സ്ഥലം എന്ന നിലയിൽ 'ഏഴൈകുളം' എന്ന് പേരു വരികയും കാലാന്തരത്തിൽ രൂപഭേദം വന്ന് ഏഴംകുളമായി മാറുകയും ചെയ്തു എന്നതാണ് ഒന്ന്. ഏഴ് കുളങ്ങൾ ഉള്ള സ്ഥലം എന്ന അർത്ഥത്തിലുണ്ടായതാണ് ഏഴംകുളമെന്ന സ്ഥലനാമമെന്ന് മറ്റൊരു നിഗമനവും നിലവിലുണ്ട്. പണ്ട് കായംകുളത്തുനിന്നും കിഴക്കോട്ടു യാത്രതിരിച്ച ഒരു രാജാവ് കായംകുളം, താമരക്കുളം, പഴകുളം തുടങ്ങിയ ആറു കുളങ്ങൾ കടന്ന് ഇവിടെ ഏഴാമത്തെ കുളം കണ്ടെത്തിയെന്നും അതിൽനിന്നുമാണ് ഏഴംകുളം എന്ന സ്ഥലനാമം ഉണ്ടായതെന്ന ഒരു കേട്ടറിവും നിലനില്ക്കുന്നു.

ബി.സി. 300 മുതൽ എ.ഡി. 200 വരെ നിലനിന്നിരുന്നുവെന്നു ചരിത്ര പണ്ഡിതന്മാർ കരുതുന്ന സംഘകാലഘട്ടത്തോളം പഴക്കം ഏഴംകുളത്തിനും അവകാശപ്പെടാം. നേരിട്ട് ഏഴംകുളത്തെപ്പറ്റി പരാമർശമില്ലെങ്കിലും ഏഴംകുളത്തിനടുത്ത പ്രദേശമായ കൊടുമണ്ണിനെപ്പറ്റി കപിലരും അരശ്ശിൽ കീഴാറും പരാമർശിക്കുന്നതിൽനിന്ന് സംഘകാല തമിഴകത്തിന്റെ ഭാഗമായിരുന്നു ഏഴംകുളമെന്ന് കാണാം.

തുടർന്നുള്ള കാലഘട്ടത്തിൽ ബുദ്ധമത സംസ്കാരവുമായി ഉറ്റ ബന്ധം പുലർത്താൻ ഏഴംകുളത്തിന് കഴിഞ്ഞിരുന്നു എന്നതിന് തെളി

വുകൾ കാട്ടാൻ കഴിയും. ഏഴംകുളം ദേവീക്ഷേത്രത്തിലെ പ്രധാന കെട്ടുകാഴ്ചയായ എടുപ്പുകുതിര, സ്ഥലനാമങ്ങൾ എന്നിവ ബൗദ്ധ സ്വാധീനത്തിന്റെ നിദർശനങ്ങളാണ്.

എ.ഡി. 12ാം നൂറ്റാണ്ടിൽ ഏഴംകുളം ചെന്നീർക്കര സ്വരൂപത്തിന്റെ അധീനതയിലായിരുന്നുവെന്ന് വേണാട് ഇളംകൂർ ദേവമാർത്താണ്ഡവർമ്മയുടെ (കൊല്ലവർഷം 3430മാണ്ട്) കിളിമാനൂർ ശാസനത്തിൽ കാണുന്നു. ഏഴംകുളത്തിനടുത്ത പ്രദേശമായ നെടുമണ്ണിനെപ്പറ്റിയും രേഖയിൽ പരാമർശിക്കുന്നുണ്ട്. തുടർന്നുള്ള ദീർഘകാല ചരിത്രത്തെപ്പറ്റി വിശദവിവരങ്ങൾ ഒന്നും ലഭ്യമല്ല.

1817ൽ വാർഡും കോണ്ണറും ചേർന്നു നടത്തിയ തിരുവിതാംകൂർ സർവ്വേയിൽ ഏഴംകുളം ഇളയിടത്ത് സ്വരൂപമെന്ന പേരിലറിയപ്പെട്ടിരുന്ന കൊട്ടാരക്കരത്തമ്പുരാന്മാരുടെ അധീനതയിലായിരുന്നുവെന്ന് സ്പഷ്ടമാകുന്നു. പ്രദേശത്തിന്റെ അന്നത്തെ ഭൂമിശാസ്ത്രം, ജനജീവിതം എന്നിവയൊക്കെ സർവ്വേയിൽ പരാമർശിക്കുന്നുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ നടന്ന സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങളെയും സാമുദായിക പരിഷ്ക്കാരങ്ങളെയും തുറന്ന മനസ്സോടെ സ്വീകരിച്ച പാരമ്പര്യം ഏഴംകുളത്തിനുണ്ട്. ഹൈന്ദവ സമൂഹത്തിൽ തൊട്ടുകൂടായ്മയും ജാതി മേൽക്കോയ്മയും നിലനിന്നിരുന്ന ആ കാലത്ത് അയിത്ത ജാതിക്കാരായി കരുതിയിരുന്നവരെയും തന്റെ ഗൃഹത്തിൽ പ്രവേശിപ്പിച്ചിരുന്ന കിഴക്കേ മഠത്തിൽ പരശുരാമയ്യർ അയിത്തോച്ചാടനരംഗത്ത് ചെയ്ത വിപ്ലവകരമായ പരിവർത്തനം ശ്രദ്ധേയമാണ്. സാമുദായിക പരിഷ്ക്കർത്താക്കളായ മന്നത്ത് പത്മനാഭൻ, പി.സി. ആദിച്ചൻ എന്നിവരുടെ പ്രവർത്തങ്ങളും ഏഴംകുളത്തുണ്ടായിരുന്നു. അയിത്തോച്ചാടനരംഗത്ത് ഹിന്ദു മിഷനും അതിന്റെ പ്രവർത്തനത്തിന് നേതൃത്വം നൽകിയ തെങ്ങുവിളയിൽ നാരായണപിള്ളയും സ്മരണീയരാണ്. 1934ൽ ഏഴംകുളത്ത് കോണത്ത്മൂല കോളനിയിൽ മഹാത്മാ ഗാന്ധിയും 1961ൽ ഏനാത്ത് നെഹ്രുവും എത്തിച്ചേർന്നിരുന്നു എന്നത് ചരിത്ര സംഭവമാണ്. 1967ൽ ഏഴംകുളം പുതുമല പ്രദേശത്ത് എ.കെ. ഗോപാലൻ എത്തിച്ചേർന്ന് മിച്ചഭൂമി സമരത്തിന് നേതൃത്വം നൽകി എന്നതും എടുത്തു പറയേണ്ടതാണ്.



സ്വാതന്ത്ര്യത്തിന് ഗണനീയമായ സംഭാവനകൾ നൽകാനും ഈ പ്രദേശത്തിന് കഴിഞ്ഞിട്ടുണ്ട്. നാഷണൽ കോൺഗ്രസ്, സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ശ്രീ. ഐ. ജോസഫ് കാവനാൽ, തോട്ടത്തിൽ പരമേശ്വരൻ പിള്ള, തടത്തിൽ പരമേശ്വരൻ പിള്ള, മാനേജർ ഗോവിന്ദപ്പിള്ള, ഉഴവത്ത് ഗോപാലപിള്ള എന്നിവരൊക്കെ സ്മരണീയരാണ്. 1940ൽ നിരോധനം ലംഘിച്ച പറക്കോട്വച്ച് നടത്തിയ സ്റ്റേറ്റ് കോൺഗ്രസ് സമ്മേളനം ഈ പ്രദേശത്ത് സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സ്വാധീനം വർദ്ധിപ്പിച്ച സംഭവമായിരുന്നു.

1941 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം ഈ പഞ്ചായത്തിലും വ്യാപകമായി. കമ്മ്യൂണിസ്റ്റ് പാർട്ടിയെ അടിച്ചമർത്താൻ അധികാരികൾ ശ്രമിച്ച ആ കാലത്ത് ക്രൂരമായ പീഢനങ്ങൾക്ക് വിധേയരായ പലരും ഇന്നും ഈ പ്രദേശത്തുണ്ട്.

അവകാശ സമരങ്ങളുടെ നീണ്ട ചരിത്രവും ഏഴംകുളത്തിന് അവകാശപ്പെടാം. 1947-48 കാലത്ത് ഷെവലിയർ അന്ത്രപ്പേരുടെ തോട്ടത്തിൽ നടന്ന സമരങ്ങളിൽ പങ്കെടുത്ത പലരും പഞ്ചായത്തിലുള്ളവരായിരുന്നു. ഈ സമരങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന അവബോധം തൊഴിലാളികൾക്ക് സംഘടിതബോധവും അവകാശ സമരങ്ങൾക്ക് കരുത്തും നൽകി.

വൻകിട ജന്മിമാരെന്നു വിശേഷിപ്പിക്കാവുന്നവർ ആരുംതന്നെ ഈ പ്രദേശത്തുണ്ടായിരുന്നില്ലെങ്കിലും ഗണ്യമായ സ്വത്തുക്കൾ കൈവശം വച്ചിരുന്നവർ ഉണ്ടായിരുന്നു. 1957ലെ ഭൂപരിഷ്കരണ നിയമത്തിലൂടെയും തുടർന്ന് നിലവിൽവന്ന ഗവണ്മെന്റുകൾ കൈക്കൊണ്ട നടപടികളെത്തു

ടർന്നുമാണ് ഭൂമിയുടെ നീതിപൂർവ്വമായ വിതരണം സാദ്ധ്യമായത്.

1959ൽ രൂപികൃതമായ കൊടുമൺ റബ്ബർ പ്ലാന്റേഷൻ രൂപീകരണം ഏഴംകുളത്തിന്റെയും സാമൂഹ്യചരിത്രത്തിൽ വിപ്ലവകരമായ പരിവർത്തനങ്ങൾ വരുത്തി. അന്നത്തെ കർഷകസംഘം നേതാവും എം.എൽ.എ.യുമായിരുന്ന പന്തളം പി.ആർ. മാധവൻപിള്ള, ഈ പ്രദേശത്തുകാരനും പിൽക്കാലത്ത് എം.എൽ.എ.യുമായ പി. രാമലിംഗം എന്നിവരുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ് സർക്കാർ ഉടമസ്ഥതയിൽ റബ്ബർ പ്ലാന്റേഷന് രൂപം നൽകിയത്. എല്ലാ വിഭാഗങ്ങളിലുംപെട്ടവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഇത് സഹായകമായി.



"കായംകുളത്തെ തെങ്ങിൽ കയറിയാൽ ഏഴംകുളത്തെ തൂക്കം കാണാം" എന്ന പ്രസിദ്ധമായ ചൊല്ലുതന്നെ ഏഴംകുളം ദേവീക്ഷേത്രത്തിലെ പ്രസിദ്ധമായ തൂക്കത്തിന്റെ പ്രചാരവും പ്രാധാന്യവും വിളിച്ചോതുന്നതാണ്. 800ലേറെ വർഷത്തെ പഴമ ഈ ക്ഷേത്രത്തിനവകാശപ്പെടാനാവും. ഏഴംകുളത്തമ്മ ഭക്തിപ്രദായിനിയാണ്. കളമെഴുത്തും പാട്ടും, കുതിരയെടുപ്പ്, ആലുവിളക്ക് എന്നീ ആചാരങ്ങളും ഈ ക്ഷേത്രത്തിലുണ്ട്. കുംഭമാസത്തിലെ ഭരണി നാളിലാണ് ഉത്സവം. ജാതി മത ചിന്തകൾക്കതീതമായി എല്ലാ വിഭാഗവും ഉത്സവത്തിൽ പങ്കെടുക്കുന്നു. 40 വർഷം മുമ്പുവരെ ഈ ക്ഷേത്രത്തിൽ ഇരുപത്തിയൊന്നു തൂക്കവും നടന്നിരുന്നു. അറുകാലിക്കൽ മഹാദേവക്ഷേത്രം, ഏനാത്ത് മഹാദേവക്ഷേത്രം എന്നിവയ്ക്കും ചിരകാലത്തെ പഴമയും പെരുമയും അവകാശപ്പെടാനുണ്ട്.

ഷേഖ് മിയാ ഖാൻ ഔലിയയുടെ കബർ സ്ഥിതിചെയ്യുന്ന ഏനാത്ത് കളമലപ്പള്ളി ഒരു പ്രാചീന ആരാധനാകേന്ദ്രമാണ്. 500 വർഷത്തിലേറെ പഴക്കം ഈ പള്ളിക്കുണ്ട്. കബറിടത്തിൽ കെടാവിളക്ക് സൂക്ഷിച്ചിരിക്കുന്നു. പ്രസിദ്ധമായ ചന്ദനക്കുട മഹോത്സവം വൃശ്ചികമാസത്തിൽ നടന്നുവരുന്നു. ഹിന്ദു-ക്രൈസ്തവരും ഈ പള്ളിയിൽ ആരാധനയ്ക്കെത്തിവരുന്നു. ഉത്സവത്തോടനുബന്ധിച്ച് രണ്ടാഴ്ചക്കാലത്തെ വ്യാപാരമേളയും ഇവിടെ നടന്നുവരുന്നുണ്ട്.

ക്രൈസ്തവ ദേവാലയങ്ങളിൽ ആദ്യം സ്ഥാപിതമായത് ഏനാത്ത് മാർത്തോമ്മാപള്ളിയാണ്. കൊല്ലവർഷം 1035 (ക്രിസ്ത്വബ്ദം 1859 60) ലാണ് പള്ളി സ്ഥാപിച്ചത്. മണ്ണടി, പട്ടാഴി, കിഴക്കുപുറം, ഏനാത്ത് പ്രദേശങ്ങളിലെ വിശ്വാസികൾ ചേർന്ന് സ്ഥാപിച്ച പള്ളിയുടെ പ്രഥമ വികാരി കാവനാൽ മാമ്മൻ കത്തനാരായിരുന്നു. 1932ൽ സ്ഥാപിച്ച നെടുമൺ യാക്കോബായ സിറിയൻ പള്ളിയും പ്രശസ്തമാണ്. പള്ളിപ്പെരുനാളുകളിലും വിവിധ മതസ്ഥർ സഹകരിച്ചുപോരുന്നു.

പഞ്ചായത്ത് ഭരണസമിതികൾ

1951ലാണ് ഏഴംകുളം പഞ്ചായത്ത് നിലവിൽ വന്നത്. ഏനാത്ത്, ഏഴംകുളം വില്ലേജുകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിന് 12 വാർഡുകളുണ്ട്. 1951ൽ നടന്ന ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലായിരുന്നില്ല. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സി.പി. നാണുനായർ ആയിരുന്നു. തുടർന്ന് ശ്രീ. കെ.എൻ.വി. പണ്ടാല, ശ്രീ. കെ. വിശ്വനാഥൻ നായർ, ശ്രീ. പി.എസ്. മുരളീധരൻ എന്നിവരുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് കമ്മിറ്റികൾ നിലവിൽ വരികയുണ്ടായി. ഒന്നും രണ്ടും പഞ്ചായത്ത് കമ്മിറ്റികൾ ഒഴിച്ച് ഇപ്പോൾ ശ്രീ. ഇ. അബ്ദുൾ റഹിം പ്രസിഡന്റായ ഭരണസമിതിവരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലാണുണ്ടായിട്ടുള്ളത്.

ഏഴംകുളം ഗ്രാമ പഞ്ചായത്തിന്റെ ചരിത്രം സമഗ്രമായി പരിശോധിക്കുമ്പോൾ വളരെ ഉദാത്തവും മഹിതവുമായ ഒരു പാരമ്പര്യമാണ് കാണപ്പെടുന്നത്. ഒൻപതാം പഞ്ചവൽസര പദ്ധതിയുടെ ജനകീയ പങ്കാളിത്തത്തോടെ നമുക്കും മഹത്തായ നേട്ടങ്ങൾ തുടർന്നും കൈവരിക്കാൻ കഴിയുകതന്നെ ചെയ്യുമെന്ന് പ്രത്യാശിക്കാം.



ഭൂപ്രകൃതി

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു പ്രദേശമാണ് ഏഴംകുളം ഗ്രാമപഞ്ചായത്ത്. കുന്നുകളും മലനിരപ്പുകളും തോടുകളും ഉയർന്നപ്രദേശങ്ങളും പാടങ്ങളും കുളങ്ങളും കൊണ്ട് സമൃദ്ധമായ ഈ പ്രദേശത്ത് ഇവിടുത്തെ മനുഷ്യർ എല്ലാപ്രകൃതി സാഹചര്യങ്ങളേയും അനുകൂലമാക്കി മണ്ണിൽ പൊന്നു വിളയിക്കുന്നു. ഈ ഗ്രാമപഞ്ചായത്തിന്റെ കിഴക്ക്, പടിഞ്ഞാറ്, തെക്ക്. വടക്ക് പ്രദേശങ്ങളിൽ ചെറുതും വലുതുമായ കുന്നുകൾ ഉണ്ട്. തെക്ക് പ്രദേശത്ത് ഉയർന്ന മലനിരകൾ ഉണ്ട്. ഈ പഞ്ചായത്തിന് അതിരിട്ടുകൊണ്ട് തെക്കുഭാഗത്തുകൂടി ഒഴുകുന്ന കല്ലടയാർ ഈ പ്രദേശത്തിന് ഒരു നദിയുടെ സമൃദ്ധി നല്കുന്നു.

തെക്കുവടക്കായിട്ടാണ് ഏഴംകുളം ഗ്രാമപഞ്ചായത്ത് പരന്നുകിടക്കുന്നത്. കിഴക്കുപടിഞ്ഞാറ് വിസ്തൃതി കുറവാണ്. കൃഷിക്കു പര്യാപ്തമായ മണ്ണാണ് ഈ പഞ്ചായത്തിന്റെ മിക്ക പ്രദേശത്തും കാണപ്പെടുന്നത്.

മലനിരപ്പുകൾ

ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ പ്രത്യേകിച്ച് തെക്ക് മലനിരപ്പുകളാൽ സമൃദ്ധമാണ്. കൊയ്പ്പള്ളിമല, കർത്താമല, ഉടയൻകാവ്മല, മലമുരുപ്പ്, പനയ്ക്കമുരുപ്പ് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട മലനിരപ്പുകൾ.

കുന്നുകൾ

മിക്ക പ്രദേശത്തും കുന്നുകൾ കാണാവുന്നതാണ്. 8ാം വാർഡിൽ തൊടുവക്കാട്ട് പ്രദേശത്തുള്ള ചീരംകുന്ന്, മഞ്ഞക്കുന്ന്, മണ്ടച്ചൻപാറ, കാഞ്ഞിരംപാറ, പട്ടകുന്ന്, തെറ്റിമുകൾ എന്നിവയാണ് പ്രധാനപ്പെട്ട കുന്നുകൾ.

മണ്ണ്

കൃഷിക്കു പറ്റിയ എക്കൽമണ്ണ്, ചെമ്മണ്ണ്, കരിമണ്ണ്, ചരൽമണ്ണ് എന്നിവയാണ് ഈ പ്രദേശങ്ങളിൽ കാണപ്പെടുന്ന പ്രധാനപ്പെട്ട മൺതരങ്ങൾ. വിവിധതരം മൺതരങ്ങൾ ഇടകലർന്നാണ് കാണപ്പെടുന്നത്. കൃഷിക്കനുയോജ്യമായ മണ്ണാണ് മിക്കപ്രദേശത്തും ഉള്ളത്. ഒരു സാമാന്യവല്ക്കരണമല്ലാതെ ശാസ്ത്രീയമായ മണ്ണുപരിശോധന ഒന്നും ഈ പ്രദേശത്ത് നടത്തിയിട്ടില്ല. റബ്ബർ ബോർഡ് മറ്റ് കാർഷിക ഏജൻസികൾ, കൃഷിവകുപ്പ് എന്നിവ ചില പ്രദേശങ്ങളിൽ മണ്ണുപരിശോധന നടത്തിയിട്ടുണ്ടെങ്കിലും അത് വ്യാപകമാക്കാനോ മൺതരങ്ങളുടെ ഒരു രേഖതയ്യാറാക്കാനോ കഴിഞ്ഞിട്ടില്ല.

കുളങ്ങൾ

കുളങ്ങളാൽ അനുഗ്രഹീതമാണ് ഏഴംകുളം. ഏഴംകുളമെന്ന പേരിൽതന്നെ കുളമുണ്ട്. ഏഴുകുളങ്ങളുടെ നാട് എന്നർത്ഥത്തിലാണ് ഏഴംകുളം എന്ന നാമം ഉണ്ടായതെന്നും പറയ

പ്പെടുന്നു. ഈഴക്കോട്ടുചിറ ,ഏഴംകുളം, ഏഴാം വാർഡിലുള്ള വല്ല്യകുളം, അറുകാലിക്കൽ ക്ഷേത്രക്കുളം, ഏഴംകുളം ദേവീക്ഷേത്രക്കുളം, കാരക്കാട്ടുകുളം ഏഴംകുളം, ലക്ഷംവീട്കോളനി കുളം (6-ാം വാർഡ്), ഞക്കവള്ളിക്കൽ കുളം, കല്ലേത്ത് ഏലാകുളം, മറ്റത്തുപടി കുളം, ചെറുകരോട്ടു ചിറ, ഊരാന്നിക്കുളം, അമ്പലകുളം ഏനാത്ത് ഇവയാണ് പ്രധാനപ്പെട്ട കുളങ്ങൾ.

തോടുകൾ

ഈ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ : ഏനാത്ത് വലിയതോട്, കല്ലുപാലം തോട്, കളിയാടിക്കൽ ഏലാ തോട്, കീരത്തിൽ തോട്, കരിപ്പാൽ തോട്, കാഞ്ഞിരത്തിൽപടി തോട്, ചാവരുപടി കല്ലുപാത്രം തോട്, വല്യാംകുളം മൂലഭാഗം തോട്, പാറത്തോട്, കാവാടിത്തോട്, മൂവേലിൽത്തോട്, ദർഭക്കുഴിത്തോട്, മുകുഴിക്കൽ തോട്, ചിറയിൽ വലിയതോട്, കുഴിക്കോട് ചാവർപടി തോട്, കല്ലേത്ത് തോട്, കന്യാകുഴി-കൊല്ലാകുഴി തോട്, നെടുമ്പാലപ്പടി-പൂഴിക്കാട്ടുപടി തോട്.

ജൈവസമ്പത്ത്

കാർഷിക പ്രദേശമായ ഈ ഗ്രാമപഞ്ചായത്തിൽ വിവിധഇനം കാർഷിക വിളകളും, നാണ്യവിളകളും കൃഷിചെയ്തുവരുന്നു. നെല്ല്, തെങ്ങ്, റബ്ബർ, ചീനി, ചേമ്പ്, ചേന, കിഴങ്ങ്, ഇഞ്ചി, പാവൽ, പടവലം, വഴുതന, വെണ്ട, മുളക്, കുരുമുളക്, കമുക്, പയർവർഗ്ഗങ്ങൾ, വാഴ, വെറ്റക്കൊടി, കാച്ചിൽ, മാവ്, പ്ലാവ്, കശുമാവ്, അടയ്ക്ക എന്നിവ കൃഷിചെയ്തുവരുന്നു. തേക്ക്, വീട്ടി, ആഞ്ഞിലി, ഇലവ്, വയണ, വട്ട, ആൽ, പാല, ഞാറ, കുളമാവ്, അഴാന്ത എന്നീ വൃക്ഷങ്ങൾ പല പ്രദേശങ്ങളിലും കണ്ടുവരുന്നു. ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള ധാരാളം വൈവിധ്യമുള്ള സസ്യങ്ങളും കുറ്റിച്ചെടികളും ദൃശ്യമാണ്. ജൈവസമ്പത്താൽ സമൃദ്ധമാണ് ഈ ഗ്രാമപഞ്ചായത്ത്. ജൈവസമ്പത്തിനെപ്പറ്റി ഒരു ശാസ്ത്രീയ രേഖ തയ്യാറാക്കപ്പെട്ടിട്ടില്ല.

മഴ

കേരളത്തിന്റെ മറ്റു പ്രദേശങ്ങളിലെപ്പോലെ സമൃദ്ധമായ മഴ ലഭിക്കുന്ന പ്രദേശമാണ് ഈ ഗ്രാമപഞ്ചായത്ത്. തുലാവർഷം, ഇടവപ്പാതി എന്നിവ ഏറിയും കുറഞ്ഞും ലഭിക്കാറുണ്ട്. മഴയെ അടിസ്ഥാനമാക്കിയാണ് കൃഷി. മഴ തെറ്റിയാലും കൂടിയാലും അത് കൃഷിയെ ദോഷമായി ബാധിക്കാറുണ്ട്.

കാലാവസ്ഥ

കേരളത്തിലെ മറ്റ് പ്രദേശങ്ങളിലെപ്പോലെ സമശീതോഷ്ണാവസ്ഥയാണ് ഈ പ്രദേശത്തും അനുഭവപ്പെടുന്നത്. മഴക്കാലം, മഞ്ഞുകാലം, ഉണക്കുകാലം, എന്നീ ഋതുക്കളാണ് പ്രകടമായിട്ടുള്ളത്. ബാക്കി ഋതുക്കൾ അത്ര വേർതിരിഞ്ഞ് പ്രകടമല്ല.

ഭൂവിനിയോഗം

ഏഴംകുളം ഗ്രമപഞ്ചായത്തിന്റെ കൃഷിയോഗ്യമായ ഭാഗങ്ങൾ മുഴുവനും കൃഷിക്കുപയുക്തമാക്കിയിട്ടുണ്ട്. ഭൂവിനിയോഗത്തിൽ ശാസ്ത്രീയരീതി ഇനിയും അവലംബിച്ചിട്ടില്ല. മണ്ണുപിരശോധന നടത്തി അതിനുതകുന്ന കൃഷിരീതി നടപ്പിലാക്കാൻ ശ്രമം നടത്തേണ്ടതുണ്ട്. തരിശുഭൂമി ഇവിടെ തീരെയില്ല.


കുളങ്ങൾ, തോടുകൾ, മറ്റ് ജലസ്ത്രോതസുകൾ എന്നിവയും സംരക്ഷിച്ച് ഉപയുക്തമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല.

പാടശേഖരങ്ങളിൽ ഇരുപൂകൃഷി നടത്തുന്നുണ്ടെങ്കിലും നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പലരും തരിശിടുകയും മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. പാടശേഖരങ്ങൾ മണ്ണിട്ടു നികത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നു.

ജലസംരക്ഷണത്തിനും മണ്ണ് സംരക്ഷണത്തിനും ശാസ്ത്രീയമായ രീതികൾ അവലംബിച്ചിട്ടില്ല. കർഷകർ പരമ്പരാഗതമായ രീതിയിൽ ചില ശ്രമങ്ങൾ നടത്തുന്നുണ്ട്. അത് ഫലപ്രദവുമാണ്. പക്ഷേ പലപ്പോഴും പ്രകൃതിക്ഷോഭം മൂലവും മറ്റും വൻനാശനഷ്ടങ്ങളുണ്ടാകാറുണ്ട്.

വിവിധ മേഖലകളുടെ അവലോകനം

1. പ്രാഥമിക മേഖല



A. കൃഷി, ജലസേചനം

ഇടനാട്ടിൽപ്പെടുന്ന ഏഴംകുളം ഗ്രാമപഞ്ചായത്ത് ഒരു കാർഷിക പ്രാധാന്യമുള്ള പ്രദേശമാണ്. ബഹുഭൂരിപക്ഷം ജനങ്ങളും കർഷകരോ കാർഷികവൃത്തിയെ അടിസ്ഥാനമാക്കി ജീവിക്കുന്നവരോ ആണ്. കൃഷിക്കു പറ്റിയ അനുകൂല സാഹചര്യങ്ങളുള്ള ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. മണ്ണ്, മഴ, പുഴ, തോട്, കുളം, ജൈവസമ്പത്ത്, മനുഷ്യസമ്പത്ത്, മൃഗങ്ങൾ എന്നിവയാൽ സമ്പന്നമാണ് ഈ പ്രദേശം.

2970 ഹെക്ടറിൽ പരന്നുകിടക്കുന്ന ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിഭവം നെല്ലാണ്. മൊത്തം ഭൂമിയിൽ നിലത്തിന്റെ വിസ്തീർണ്ണം 408 ഹെക്ടറാണ്. അതിൽ 252 ഹെക്ടറിൽ മാത്രമാണ് നെൽക്കൃഷി നടത്തപ്പെടുന്നത്. നെൽക്കൃഷിക്കനുയോജ്യമായ കാലാവസ്ഥയാണ് ഈ പ്രദേശത്തനുഭവപ്പെടുന്നത്.

വേനൽക്കാലം, മഴക്കാലം, തണുപ്പുകാലം എന്നീ മൂന്നു കാലവസ്ഥാ ഭേദങ്ങളാണ് പ്രകടമായി കാണപ്പെടുന്നത്. മാർച്ച്, ഏപ്രിൽ, മെയ് വേനൽക്കാലവും ജൂൺ (ഇടവപ്പാതി), ഒക്ടോബർ (തുലാവർഷം) മഴക്കാലവും ഡിസംബർ, ജനുവരി തണുപ്പുകാലവുമാണ്. പത്തനംതിട്ട ജില്ലയിൽ ലഭിക്കുന്ന മഴയുടെ അളവിൽ ഏറിയതും കുറഞ്ഞുമായ മഴ ഈ പഞ്ചായത്തിലും ലഭിക്കുന്നു. ഒരു വർഷം ശരാശരി ആകെ 3218 മില്ലിമീറ്റർ മഴയാണ് ലഭിക്കുന്നത്. ഇത് സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. 3003 മില്ലിമീറ്റർ മഴയാണ് സംസ്ഥാന ശരാശരി.

കാലവർഷക്കാലമായ (ഇടവപ്പാതി) ജൂൺ-ജൂലൈ മാസങ്ങളിൽ 1160 മില്ലിമീറ്റർ മഴ ലഭിക്കുന്നുണ്ട്. കാലവർഷക്കാലത്താണ് കൂടുതൽ മഴ ലഭിക്കുന്നത്. തുലാവർഷക്കാലമായ ഒക്ടോബർ-നവംബർ മാസങ്ങളിൽ 906 മില്ലിമീറ്റർ മഴയാണ് ലഭിക്കുന്നത്.

കാലവർഷവും തുലാവർഷവും സമയത്ത് ലഭിക്കാതെവന്നാലും മോശമായാലും അത് കൃഷിയെയും കുടിവെള്ള ലഭ്യതയെയും ദോഷമായി ബാധിക്കാറുണ്ട്. ജലസേചന സൗകര്യങ്ങൾ കുറവായ ഈ പ്രദേശം മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. അതേപോലെതന്നെ കാലവർഷവും തുലാവർഷവും രൂക്ഷമായാൽ ഈ പഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ വെള്ളത്തിനടിയിലാവുകയും ചെയ്യും. വലിയ കൃഷി നാശത്തിന് അത് ഇടവരുത്തുകയും ചെയ്യും.

പണ്ടേക്കാലങ്ങളിലെപ്പോലെ മഴക്കാലത്തിന് ഇപ്പോൾ കൃത്യതയില്ല. കാലാവസ്ഥയിൽ ചെറിയ മാറ്റം വന്നിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇടവപ്പാതി ഇപ്പോൾ ഇടവത്തിൽ ലഭിക്കാറില്ല. അതുപോലെതന്നെയാണ് തുലാവർഷത്തിന്റെ കാര്യവും. മഴ ലഭ്യതയനുസരിച്ച് കാർഷിക പണിയ്ക്കും ചെറിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു.

കേരളത്തിൽ കഴിഞ്ഞ ദശകങ്ങളിൽ ഭൂഉടമാ ബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ ഏഴംകുളം ഗ്രാമപഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. കേരളത്തിലെ മറ്റു പ്രദേശങ്ങളിലേപ്പോലെ വൻകിട ഭൂജന്മിമാരൊന്നും ഇന്നാട്ടിലുണ്ടായിരുന്നില്ല. ഭൂമി ബ്രഹ്മസ്വവും ദേവസ്വവുമായിരുന്നു. ബ്രഹ്മസ്വം ഉടമസ്ഥർതന്നെ ചെറുകിട ജന്മിമാരുമായിരുന്നു. 1957ലെ സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമം മൂലം ചെറുകിട ജന്മിമാർക്ക് തങ്ങളുടെ ഭൂമിയുടെ മേലുള്ള അവകാശം നഷ്ടപ്പെടുകയും അതുവരെ ജന്മിയുടെ മുമ്പിൽ ഓച്ഛാനിച്ചു നില്ക്കേണ്ട ഗതികേടുണ്ടായിരുന്ന യഥാർത്ഥ കർഷകനും കുടികിടപ്പുകാരനും കർഷകത്തൊഴിലാളിയും ഭൂഉടമകളായിത്തീരുകയും ചെയ്തു. ഇത് കാർഷിക രംഗത്ത് ഒരു പുത്തനുണർവ്വുണ്ടാക്കി. കാർഷിക ഉല്പാദനം വർദ്ധിച്ചു. കർഷകരുടെയും അവശ ജനവിഭാഗങ്ങളുടെയും ജീവിത നിലവാരം ഉയർന്നു. സാക്ഷരതാ നിരക്ക്, ജീവിത ഗുണമേന്മ, മെച്ചപ്പെട്ട ആരോഗ്യ സൂചിക എന്നിവയ്ക്കെല്ലാം അടിസ്ഥാനം ഭൂപരിഷ്കരണം തന്നെയാണ്.

1957ലെ സർക്കാർ കൊണ്ടുവന്ന വിപ്ലവകരമായ ഭൂപരിഷ്കരണ ബില്ലിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ വിഭാഗംകൂടി കേരളീയ സമൂഹത്തിൽ പ്രത്യക്ഷപ്പെട്ടു. ഇടത്തരം നാമമാത്ര കർഷകരാണ് ആ പുതിയ വിഭാഗം. കുടികിടപ്പുകാർക്കും അവശ ജനവിഭാഗങ്ങൾക്കും ഭൂമിക്കുമേൽ അവകാശം ലഭിക്കുന്നതിന് കുടികിടപ്പ്, മിച്ചഭൂമി സമരങ്ങൾ നടത്തേണ്ടി വന്നിട്ടുണ്ട്. ഈ പഞ്ചായത്തിൽ മിച്ചഭൂമി വളച്ചുകെട്ടി അവകാശം സ്ഥാപിക്കുന്ന ഒരു സമരത്തിന് ഒരിക്കൽ മഹാനായ എ.കെ.ജി. തന്നെ നേരിട്ടെത്തി നേതൃത്വം വഹിച്ചിട്ടുണ്ട്. ഈ സമരങ്ങളിൽ പങ്കെടുത്ത പലർക്കും കൊടി മർദ്ദനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിട്ടുണ്ട്.

ഈ പഞ്ചായത്തിലെ കൃഷിക്കാരിൽ ബഹുഭൂരിപക്ഷവും ഇടത്തരം കർഷകരാണ്. ഒരേക്കറും അതിൽ താഴെയും മാത്രം കൈവശമുള്ളവരാണ് മിക്കവരും. 6985 കാർഷിക കുടുംബങ്ങൾ ഉള്ളതിൽ 6305 കുടുംബങ്ങളും നാമമാത്ര കർഷകരാണ്. അതായത് ഒരു ഹെക്ടറിൽ താഴെ കൈവശ ഭൂമിയുള്ളവർ. ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനുമിടയിൽ ഭൂമി കൈവശമുള്ള ചെറുകിട കർഷക്രുടെ എണ്ണം മുപ്പത്തയെട്ടാണ്. രണ്ടു ഹെക്ടറിനു മുകളിൽ ഭൂമി കൈവശമുള്ള (പ്രത്യേകിച്ച് റബ്ബർ തോട്ടം) കർഷകരുടെ എണ്ണം 212. കൃഷിയോഗ്യമോ അല്ലാത്തതോ ആയ തരിശു ഭൂമി ഈ പ്രദേശത്തില്ല.


ഈ പഞ്ചായത്തിലെ കാർഷികവിളചരിത്രം പരിശോധിക്കുമ്പോൾ വലിയ മാറ്റം ഉണ്ടായിട്ടുള്ളതായി കാണാവുന്നതാണ്. നേരത്തേ പ്രമുഖ കാർഷിക ഇനങ്ങളായിരുന്ന ചേമ്പ്, ചീനി, കരിമ്പ്, വിവിധയിനം വാഴകൾ, കാച്ചിൽ, കിഴങ്ങ്, മുധരക്കിഴങ്ങ്, എള്ള്, പച്ചക്കറികൾ - പ്രത്യേകിച്ച് മത്ത, വെള്ളരി, കുമ്പളം, പാവൽ, പടവലം, കോവൽ, ചീര, വെണ്ട, വഴുതനങ്ങ - പയർവർഗ്ഗങ്ങൾ - പ്രത്യേകിച്ച് മുതിര, ഉഴുന്ന് - എന്നിവയുടെ കൃഷി ഇപ്പോൾ നാമമാത്രമാണ്. മുതിര, ഉഴുന്ന്, മത്ത, ചീര, കുമ്പളം

എന്നിവയുടെ കൃഷി തീരെയില്ല എന്നുതന്നെ പറയാം. കൃഷിഭൂമിയുടെ ഭൂരിഭാഗവും കൂടുതൽ ലാഭകരമായ നാണ്യവിളകൾ – പ്രത്യേകിച്ച് റബ്ബർ – കയ്യേറിയതാണ് ഈ കൃഷികൾ കുറയുന്നതിനും ഇല്ലാതാകുന്നതിനും ഇടയാക്കിയിരിക്കുന്നത്. കൃഷി രീതികളിൽ വന്നിട്ടുള്ള ചില മാറ്റങ്ങൾ ആശാസ്യമാണ്. അതിൽ പ്രധാനം ഉല്പാദനക്ഷമതയുള്ള ആധുനിക വിത്തിനങ്ങൾ സുലഭമാണെന്നുള്ളതും അതുപയോഗിക്കാൻ കർഷകർ തയ്യാറാകുന്നതുമാണ്.

നെല്ല്, പയർ, എള്ള്, തെങ്ങ്, പച്ചക്കറികൾ, വാഴ, മരച്ചീനി, കുരുമുളക്, പ്ലാവ്, കശുമാവ്, മാവ്, റബ്ബർ, കവുങ്ങ്, മറ്റു പഴവർഗ്ഗങ്ങൾ, വെറ്റില, ഇഞ്ചി, കൈതച്ചക്ക എന്നിവയാണ് ഇപ്പോൾ ഈ പഞ്ചായത്തിലെ പ്രധാന വിളകൾ. അതിൽ പ്രധാനസ്ഥാനം റബ്ബറിനുതന്നെയാണ്. 2700 ഹെക്ടർ സ്ഥലത്താണ് റബ്ബർ കൃഷിയുള്ളത്. നെല്ല് 252 ഹെക്ടർ പ്രദേശത്തും തെങ്ങ് 169 ഹെക്ടർ പ്രദേശത്തും കൃഷി ചെയ്യപ്പെടുന്നു. രണ്ട് തവണയായി നെല്ല് കൃഷിചെയ്തുവരുന്നു. മൂന്നാം വിളയ്ക്കുള്ള സാദ്ധ്യത ഇവിടെയില്ല.

റബ്ബർ

ഏതാണ്ട് ഒരു നൂറ്റാണ്ടിന്റെ പഴക്കമുണ്ട് ഈ പഞ്ചായത്തിലെ റബ്ബർ കൃഷിക്ക്. തരിശുഭൂമികൾ പതിച്ചെടുത്താണ് ആദ്യകാലത്ത് റബ്ബർ കൃഷി ആരംഭിച്ചത്. ഏതാനും ചില ഭൂഉടമകളാണ് ആദ്യകാലത്ത് റബ്ബർ കൃഷിയിൽ ഏർപ്പെട്ടിരുന്നത്. ഈയടുത്തകാലത്താണ് റബ്ബർ കൃഷി വ്യാപകമായത്. 1975നു ശേഷമാണ് ചെറുകിട നാമമാത്ര കർഷകരും റബ്ബർ കൃഷിയിലേക്ക് തിരിയുന്നത്. അത് ഈ പ്രദേശത്തെ കാർഷിക വിളക്രമത്തിൽ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. നിലം നികത്തിപ്പോലും ഇപ്പോൾ കർഷകർ റബ്ബർ നട്ടുപിടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. റബ്ബർ ഉല്പാദനം മെച്ചപ്പെടുത്തുന്നതിന് റബ്ബർ ബോർഡ് തുടങ്ങിയ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ അവയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമല്ല.



ഇത്ര വ്യാകമാകാർഷികമായ മാറ്റങ്ങളുടെ കൃഷിയിലാതായതു റബ്ബർ കൃഷിവാനിടയായ

കർഷകർക്ക് അനുഭവപ്പെടുന്ന പ്രശ്നങ്ങൾ

1. അത്യുല്പാദനശേഷിയുള്ള റബ്ബർ തൈകൾ ഉത്തരവാദിത്വത്തോടെ ഇപ്പോൾ ലഭിക്കുന്നില്ല.
2. റബ്ബറിനുണ്ടാകുന്ന രോഗങ്ങൾ – പട്ടമരവിപ്പ്, ചീക്ക്, പട്ട ചീയൽ, മുതലായവയ്ക്ക് തക്കതായ മരുന്നുകളോ കീടനാശിനികളോ ലഭിക്കുന്നില്ല.
3. ശാസ്ത്രീയമായ മണ്ണുപരിശോധന നടക്കുന്നില്ല.
4. മണ്ണൊലിപ്പ് തടയുന്നതിനുവേണ്ട ശാസ്ത്രീയ രീതികൾ അവലംബിക്കപ്പെടുന്നില്ല.
5. പ്രകൃതിക്ഷോഭംകൊണ്ടോ രോഗം മൂലമോ റബ്ബർ മരം നഷ്ടപ്പെടുന്ന കർഷകന് ന്യായമായ നഷ്ടപരിഹാരം ലഭിക്കുന്നില്ല.
6. റബ്ബർ പാൽ സംസ്കരണത്തിനും വിപണനത്തിനും വേണ്ട സൗകര്യങ്ങളില്ല.
7. റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഫലപ്രദമല്ല.
8. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗ്രേഡ് കൂടിയ ഷീറ്റുകൾ ഉണ്ടാക്കുന്നതിനും വേണ്ട പരിശീലനം ലഭിക്കുന്നില്ല.


പരിഹാര നിർദ്ദേശങ്ങൾ

1. ഇടത്തരം നാമമാത്ര കർഷകർക്ക് ഇപ്പോൾ റബ്ബർ ബോർഡിൽനിന്നോ മറ്റ് ഏജൻസികളിൽനിന്നോ വായപയോ ധനസഹായമോ ലഭിക്കുന്നില്ല. ആ സ്ഥിതിക്ക് മാറ്റം വരണം. നാമമാത്ര കർഷകരുടെയിടയിലും റബ്ബർ കൃഷി പ്രോത്സാഹിപ്പിച്ച് വരുമാന വർദ്ധനവിന് ഇടയാക്കണം.
2. റബ്ബർ ബോർഡിൽനിന്നോ കൃഷിഭവനിൽനിന്നോ അത്യുല്പാദനശേഷിയുള്ള റബ്ബർ തൈകൾ വിതരണം ചെയ്യണം.

3. റബ്ബർ ഉല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
4. റബ്ബർ പാൽ സംസ്കരത്തിൽ ഉല്പാദക സംഘങ്ങൾ ഇടപെടണം.
5. റബ്ബർ സഹകരണ സംഘങ്ങൾ, കർഷകർ എന്നിവരുടെ സംയുക്ത സംരംഭങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കണം.
6. ടാപ്പർമാർക്ക് പരിശീലനം നല്കണം

നെല്ല്

മനുഷ്യന്റെ സാമൂഹ്യ പരിണാമ ചരിത്രത്തിൽ കൃഷി ആരംഭിച്ച കാലത്തുതന്നെ അതിൽ നെല്ല് ഒരു പ്രധാന വിളയായിരുന്നു എന്ന് അനുമാനിക്കാവുന്നതാണ്. ഈ പഞ്ചായത്തുപ്രദേശത്തും ഏറ്റവും പഴക്കം അവകാശപ്പെടാവുന്ന നെല്ലിന്റെ ഏതാണ്ട് പ്രദേശം കൃഷിയും തന്നെയാണ്. 252 ഹെക്ടർ ത്താണ് നെല്ല് കൃഷിചെയ്യപ്പെട്ടുവരുന്നത്. നവെള്ള, ചുവന്ന ചേറാടി, ചേറാടി, കുററാലൻ, മുണ്ടകൻ, കൊച്ചുവിത്ത് തുടങ്ങിയ ഇനങ്ങളായിരുന്നു പ്രധാനമായും കൃഷി ചെയ്തിരുന്നതെങ്കിൽ ഇപ്പോൾ അവയുടെ സ്ഥാനം അത്യുല്പാദനശേഷിയുള്ള പുതിയ ഇനം നെൽവിത്തുകൾ കരസ്ഥമാക്കിയിട്ടുണ്ട്. H4, IR8, ത്രിവേണി, ജ്യോതി, H2O, പവിഴം, സന്തോഷ്, ജയ, ആതിര, രമ്യ, ശബരി, പട്ടാമ്പി തുടങ്ങിയ കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ വികസിപ്പിച്ചെടുത്ത അത്യുല്പാദനശേഷിയുള്ള നെൽവിത്തുകളാണ് ഇന്ന് കർഷകർ ഉപയോഗിക്കുന്നത്.



നെൽക്കൃഷി ലാഭകരമല്ലാത്തതിനാൽ പല കർഷകരും നെല്ലിനെ ഒഴിവാക്കുന്ന ഒരു സ്ഥിതി ഉളവായിട്ടുണ്ട്. നിലങ്ങൾ നികത്തി വീടുവെക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്.

കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ, കാർഷിക വൃത്തിക്കു വേണ്ടത്ര ആളുകളെ സമയത്തു ലഭ്യമാകാതെവരിക, വളം, കീടനാശിനി തുടങ്ങിയവയുടെ അമിത വില എന്നിവ മൂലം നെൽക്കൃഷി ലാഭകരമല്ല എന്നു മാത്രമല്ല വലിയ നഷ്ടവും വരുത്തിവയ്ക്കുന്നു. ഇത്തരം അവസരങ്ങളിൽ നെൽ കർഷകരെ സഹായിക്കാൻ സർക്കാരോ സർക്കാർ ഏജൻസികളോ മുമ്പോട്ടു വരുന്നുമില്ല. അവഗണനയും സാമ്പത്തിക നഷ്ടവും സഹിച്ച നെൽക്കൃഷി മുമ്പോട്ടു കൊണ്ടുപോകുവാൻ കർഷകർക്ക് കഴിയാതെ വരുന്നു.

പ്രശ്നങ്ങൾ

1 അത്യുല്പാദന ശേഷിയുള്ള വിത്ത് വളം എന്നിവ മിതമായ വിലയ്ക്ക് ലഭിക്കുന്നില്ല.
2. നെൽക്കൃഷിക്ക് വേണ്ട പരിഗണന ഒരു ഭാഗത്തുനിന്നും ലഭിക്കുന്നില്ല.
3. നെല്ലിന് ഉല്പാദനച്ചെലവിനനുസൃതമായ വില ലഭിക്കുന്നില്ല.
4. നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട സഹായം ലഭിക്കുന്നില്ല. വരൾച്ചയും വെള്ളപ്പൊക്കവുംമൂലം കൃഷി നശിക്കുമ്പോൾ അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ


1. നെൽകർഷകർക്ക് വേണ്ട പ്രോത്സാഹനം നല്കണം. അത്യുല്പാദന ശേഷിയുള്ള വിത്ത്, വളം, കീടനാശിനികൾ എന്നിവ കൃഷിഭവനുകൾ, മറ്റ് ഏജൻസികൾ മുഖേന ലഭ്യമാക്കണം.
2. പാടശേഖര സമിതികൾ രൂപീകരിച്ച് അവയുടെ ചുമതലയിൽ ഗ്രൂപ്പ് ഫാമിങ് നടപ്പിലാക്കണം.
3. ശാസ്ത്രീയ കൃഷി രീതികൾ ഉപയോഗിക്കാൻ കർഷകരെ പ്രേരിപ്പിക്കണം.
4. നെല്ല് വിപണനത്തിന് സൗകര്യങ്ങൾ ചെയ്യണം. നെല്ലിന് ന്യായമായ വില ഉറപ്പാക്കണം. വരൾച്ച, വെള്ളപ്പൊക്കം മൂലും കൃഷി നശിച്ചാൽ അർഹമായ നഷ്ടപരിഹാരം നല്കണം.
5. ജലസേചനത്തിനും പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.
6. വിളയിറക്കൽ, കളയെടുക്കൽ, വിളവെടുപ്പ് തുടങ്ങിയ സീസണിൽ ആവശ്യത്തിന് തൊഴിലാളികളെ ലഭ്യമല്ല. അതിനാൽ യന്ത്ര

വല്ക്കൃത സാദ്ധ്യതയുള്ള ജോലികൾ നിർവ ഹിക്കാൻ ആവശ്യമായ യന്ത്രങ്ങൾ കൃഷിഭ വൻ മുഖേന വിതരണം ചെയ്യണം.

7. നെല്ല് അടിസ്ഥാനമാക്കി ഒരു ചെറുകിട വ്യവ സായ യൂണിറ്റ് ആരംഭിക്കണം.

തെങ്ങ്

വളരെ പഴക്കം അവകാശപ്പെടാവുന്ന നാണ്യവിളയാണ് തെങ്ങ്. നേരത്തേ വളരെ വ്യാപകമായി കൃഷി ചെയ്തുവന്നിരുന്ന തെങ്ങിന് ഇപ്പോൾ ശനിദശയാണ്. തെങ്ങിൻ തോട്ടങ്ങൾ ലാഭകരമായ യായ റബ്ബർ ക്കു ന്നു. വിലയിടിവും ണ്ടാ കുന്ന ങ്ങളുമാണ് കർഷകരെ



ഇപ്പോൾ നാണ്യവിള കയ്യേറിയിരി തേങ്ങയുടെ തെങ്ങിനു ചില രോഗ തെങ്ങു മറ്റു വിളകൾ തെരഞ്ഞെടുക്കുവാൻ പ്രേരിപ്പിക്കുന്നത്. ത്രതല കൃഷി സമ്പ്രദായ അനുവർത്തിക്കുന്ന കർഷകർ മാത്രമാണ് ഇപ്പോഴും തെങ്ങിന് പ്രാധാന്യം നല്കുന്നത്. വീട്ടാവശ്യത്തിനുമാത്രമുള്ള തേങ്ങ യ്ക്കുവേണ്ടി മാത്രമാണ് മിക്കവരും തെങ്ങു വളർത്തുന്നതുതന്നെ.

പ്രശ്നങ്ങൾ

1. തേങ്ങയ്ക്ക് ന്യായമായ വില ലഭിക്കുന്നില്ല.
2. രോഗങ്ങൾ മൂലം തെങ്ങു വെട്ടി മാറ്റേണ്ടിവ രുന്നു. കർഷകന് ന്യായമായ പരിഹാര ത്തുക ലഭിക്കുന്നില്ല. 500 രൂപയെങ്കിലും നല്കണം.
3. അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ലഭിക്കുന്നില്ല.
4. തെങ്ങുകയറ്റത്തിന് ആളെ ലഭിക്കുന്നില്ല.
5. തെങ്ങുകർഷകന് വേണ്ട സബ്സിഡിയോ സാമ്പത്തിക സഹായമോ പ്രോത്സാഹനമോ ലഭിക്കുന്നില്ല.

പരിഹാര മാർഗ്ഗങ്ങൾ

1. തെങ്ങു കർഷകന് ആവശ്യമായ സാമ്പ ത്തിക സഹായം ലഭ്യമാക്കണം.
2. അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യണം.
3. കേടുവന്ന് വെട്ടി മാറ്റുന്ന തെങ്ങിന് മൂടൊ ന്നിന് 500 രൂപാ പ്രകാരം പരിഹാരത്തുക നല്കണം.
4. തേങ്ങയ്ക്ക് ന്യായമായ വില ഉറപ്പാക്കണം.
5. ജലസേചനത്തിനായി പമ്പുസെറ്റുകൾ, വൈദ്യുതി എന്നിവ സൗജന്യ നിരക്കിൽ നല്കണം.
6. തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യ ണം.
7. കേരകർഷക സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. കേരകർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ഈ സമി തിയിലൂടെ പരിഹാരം ഉണ്ടാക്കാൻ ബന്ധ പ്പെട്ട കൃഷിഭവനുകൾ ശ്രദ്ധിക്കണം.

സാദ്ധ്യതകൾ

ഈ പഞ്ചായത്തിൽ തേങ്ങയുടെ ഉല്പാ ദനം വർദ്ധിപ്പിക്കാൻ കഴിയും. സമയബ ന്ധിതമായി ചില പരിപാടികൾ ആവിഷ്കരി ച്ചാൽ തേങ്ങയുടെ ഉല്പാദനം ഇപ്പോഴുള്ളതിന്റെ ഇരട്ടിയാക്കാൻ കഴിയും.

വെറ്റിലക്കൃഷി

ഏഴംകുളം പഞ്ചായത്തിന്റെ പല പ്രദേശ ങ്ങളിലും വെറ്റില കൃഷി ചെയ്തുവരുന്നു. വലിയ മുതൽമുടക്കില്ലാതെ അല്പം ശ്രദ്ധ ചെലുത്തി യാൽ ലാഭരമായി നടത്താവുന്ന ഒരു കൃഷി എന്ന നിലയിൽ പല കർഷകരും വെറ്റിലക്കൃ ഷിയിലേക്ക് നീങ്ങിയിട്ടുണ്ട്. കൃഷിഭവനും പഞ്ചാ യത്ത് സമിതിയും ഒക്കെ ശ്രദ്ധിച്ചാൽ നമ്മുടെ പഞ്ചായത്തിലെ വെറ്റിലക്കൃഷി കുറേക്കൂടി ലാഭ കരമായി നത്തിക്കൊണ്ടുപോകുവാൻ കഴിയും വെറ്റിലക്കൃഷിക്കാർക്ക് ഇന്നനുഭവപ്പെടുന്ന പ്രധാന പ്രശ്നങ്ങൾ കൊടിക്കുണ്ടാകുന്ന ചില രോഗങ്ങളാണ്. അതിന് ഒരു പരിഹാരവും ഇതു വരെ കണ്ടെത്തിയിട്ടില്ല. അതിനാൽ വെറ്റില ക്കൃഷി ഇൻഷ്വർ ചെയ്യാനുള്ള സൗകര്യം ഉണ്ടാ കണം. കൂടാതെ വെറ്റില കാൽ നിർത്തുന്നതിന് ഈറ്റ ആവശ്യമാണ്. ഇപ്പോൾ ഈറ്റ ലഭിക്കാൻ വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. അതിനാൽ

വെറ്റില കർഷകർക്ക് ഈറ്റ ലഭ്യമാക്കാൻ നടപടികൾ കൈക്കൊള്ളണം.

പച്ചക്കറി

ഒരു കാലത്ത് വളരെ വ്യാപകമായി പച്ചക്കറി കൃഷി ഉണ്ടായിരുന്ന ഈ പ്രദേശത്ത് ഇപ്പോൾ നാമമാത്രമായി മാത്രമേ പച്ചക്കറി കൃഷി ചെയ്തുവരുന്നുള്ളു. പച്ചക്കറികളുടെ കാര്യത്തിൽ സ്വയം പര്യാപ്തത ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ തമിഴ്നാട്ടിൽനിന്നു വരുന്ന പച്ചക്കറികളെ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്.


റബ്ബർ കൃഷിയുടെ കടന്നുകയറ്റം പച്ചക്കറിക്കൃഷി കുറയുന്നതിനിടയാക്കിയിട്ടുണ്ട്. നേരത്തേ ത്രിതല കൃഷി സമ്പ്രദായത്തിൽ ദീർഘകാല വിളകളായ തെങ്ങ്, മാവ്, കവുങ്ങ്, പറങ്കിമാവ്, പ്ലാവ് തുടങ്ങിയവയും വാർഷികവിളകളായ മരച്ചീനി, വാഴ, ഇഞ്ചി, ചേന, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ മുതലായവയും ഹ്രസ്വകാല വിളകളായ പയർ, പച്ചക്കറികൾ എന്നിവയും ഒരേ പറമ്പിൽ കൃഷി ചെയ്യുമായിരുന്നു. പക്ഷേ, ഇപ്പോൾ റബ്ബറിന്റെ അടിയിൽ മറ്റൊരു കൃഷിയും സാദ്ധ്യമല്ലാതെയാണിരിക്കുന്നത്. അതുകൊണ്ട് പച്ചക്കറി കൃഷി വളരെ ചുരുങ്ങിയിരിക്കുന്നു. പാവൽ, പടവലം, ചീര, മത്ത, വെണ്ട, വഴുതന, മുളക്, കുമ്പളങ്ങ തുടങ്ങിയവയാണ് ഇപ്പോഴും നാമമാത്രമായെങ്കിലും കൃഷി ചെയ്തുവരുന്നത്. പച്ചക്കറി കൃഷി വ്യാപകമാക്കാനും പച്ചക്കറികളുടെ കാര്യത്തിൽ പഞ്ചായത്തിനെ സ്വയംപര്യാപ്തമാക്കാനും ധാരാളം സാദ്ധ്യതകളുണ്ട്. കൃഷിഭവൻ മുഖേന ഓരോ വീട്ടിലും പച്ചക്കറി വിത്തുകൾ എത്തിക്കുകയും അവരുടെ കിണറിന്റെ അരികിലോ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിലോ വച്ചുപിടിപ്പിക്കുവാൻ പ്രേരിപ്പിക്കുകയും അത്യാവശ്യം ചില പ്രോത്സാഹനം നല്കുകയും ചെയ്താൽ ഇക്കാര്യത്തിൽ വിജയിക്കാൻ കഴിയും. കൃഷിഭവൻ, പഞ്ചായത്ത് സമിതി, മറ്റ് സംഘടനകൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ ഒന്നുചേർന്ന് പ്രവർത്തിച്ചാൽ ഇക്കാര്യത്തിലും കുതിച്ചുചാട്ടം നടത്താൻ കഴിയും.

കിഴങ്ങുവർഗ്ഗങ്ങൾ

നേരത്തേ ഈ പ്രദേശത്തെ ഒരു പ്രധാനപ്പെട്ട കാർഷിക ഇനമായിരുന്നു കിഴങ്ങുവർഗ്ഗങ്ങൾ, പ്രത്യേകിച്ച് മരച്ചീനി. കരപ്രദേശം മുഴുവനും ഈ വാർഷിക വിളകൾ കയ്യടക്കിയിരുന്നു ഇപ്പോൾ കിഴങ്ങുവർഗ്ഗങ്ങളുടെ, പ്രത്യേകിച്ച് മരച്ചീനിയുടെ, കൃഷി വളരെ നാമമാത്രമാണ്. പാടശേഖരങ്ങളിൽ ചിലർ ഇപ്പോഴും മരച്ചീനി കൃഷി ചെയ്തുവരുന്നു റബ്ബറിന്റെ കടന്നുകയറ്റമാണ് കിഴങ്ങുവർഗ്ഗങ്ങളെയും ബാധിച്ചിരിക്കുന്നത്.

വാഴ, ഇഞ്ചി

ഈ പ്രദേശത്തെ വാർഷിക വിളകളിൽ പ്രധാന സ്ഥാനം ഇഞ്ചിക്കുവിവിധകൾ ഈ കൃഷിരുന്നു. കണ്ടുവ ഏത്തവാപ്പട്ട വാഴയ്ക്കും മാണ്. ഇനം വാഴ പ്രദേശത്ത് ചെയ്തുവരുന്നത് ഴയാണ്.



പാളയംകോടൻ, പൂവൻ, മൈസൂർ, ചെങ്കലതി, കുമ്പിള്ളാക്കണ്ണൻ, കദളി തുടങ്ങിയ ഇനങ്ങളും കൃഷി ചെയ്തുവരുന്നു.

ഇഞ്ചിക്ക് പിടിപെടുന്ന ചില രോഗങ്ങൾ മൂലം ഇഞ്ചിക്കൃഷി ലാഭകരമല്ലാതായിരിക്കുന്നു. എങ്കിലും ഈ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ഇഞ്ചി കൃഷി ചെയ്തുവരുന്നു.

മറ്റു കൃഷികൾ

ഹ്രസ്വകാല വിളകളായ പയർ, വാർഷിക വിളകളായ കരിമ്പ്, ദീർഘകാല വിളകളായ മാവ്, പറങ്കിമാവ്, കമുക് തുടങ്ങിയ ഇനങ്ങളും ഈ പഞ്ചായത്ത് പ്രദേശത്ത് കൃഷിചെയ്തുവരുന്നു. കൊക്കോ, ഗ്രാമ്പൂ, ജാതി, വിവിധയിനം പച്ചമുളക്, മധുരക്കിഴങ്ങ്, വിവിധയിനം ഔഷധസസ്യങ്ങൾ എന്നിവയും കൃഷി ചെയ്തുവരുന്നു.

ജനകീയാസൂത്രണം 1996 20 ഏഴംകുളം ഗ്രാമപഞ്ചായത്ത്

കൈതച്ചക്കക്കൃഷി

ഈ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കടച്ചക്ക കൃഷിചെയ്തുവരുന്നു. വളരെ ലാഭകരമായി നടത്താവുന്ന ഒരു കൃഷിയാണിത്.

പുഷ്പക്കൃഷി

ഈ പ്രദേശത്തെ മിക്ക വീടുകളുടെയും മുറ്റത്ത് പൂച്ചെടികൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. മുല്ല, റോസ, ബന്തി, ഓർക്കിഡ്, അന്തൂറിയം, അശോകം, തെറ്റി, പിച്ചി, നന്ത്യാർവട്ടം, ജാതിമല്ലി, നാലുമണിച്ചെടി, ശവക്കോട്ടപ്പച്ച തുടങ്ങി ധാരാളം ഇനം ചെടികൾ ഈ പ്രദേശത്തുണ്ട്. പക്ഷേ, ഇതൊരു കൃഷിയായോ വ്യവസായമായോ ആരും കാണുന്നില്ല. കൃഷി എന്നുള്ള രീതിയിൽ വികസിപ്പിക്കാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്.

പൊതുനിർദ്ദേശങ്ങൾ

- കേരളത്തിലെയും ഏഴംകുളം പ്രദേശത്തെയും കാർഷിക മേഖല പുരോഗമിക്കണമെങ്കിൽ കൃഷിയോട് ഇന്ന് പൊതുജനങ്ങൾക്കുള്ള മനോഭാവം മാറണം. വെള്ളക്കോളർ ജോലിക്കുവേണ്ടി ആളുകൾ പരക്കംപായുകയാണ്. വളരെ ലാഭം കൊയ്യാവുന്ന കാർഷികമേഖലയിൽ നില്ക്കാൻ ആർക്കും താല്പര്യമില്ല. ആരെങ്കിലും നിന്നാൽത്തന്നെ അവർക്ക് അവഗണനയാണ് ലഭിക്കുന്നതും. കാർഷികവൃത്തിക്ക് വേണ്ടത്ര അംഗീകാരവും പ്രോത്സാഹനവും നല്കി അതും ഒരു തൊഴിലായി അംഗീകരിക്കണം. പൊതുജനങ്ങളുടെ മനോഭാവത്തിൽ വലിയ മാറ്റം വരുത്തുകയും വേണം. എങ്കിൽ മാത്രമേ കാർഷിക മേഖലയിൽ പുരോഗതിയുണ്ടാവൂ. വെള്ളക്കോളർ ജോലിയെപ്പോലെതന്നെയോ അതിലുപരിയോ ആയ മാന്യത കാർഷികവൃത്തിക്കും ലഭിക്കണം. അതിനുതകുന്ന നടപടികൾ സർക്കാർ ആവിഷ്കരിക്കണം. കർഷകർക്ക് സാമ്പത്തിക ഭദ്രതയുണ്ടാക്കുന്നതുകൂടാതെ വിവിധ ഇൻഷുറൻസ് പദ്ധതികൾ, നിക്ഷേപപദ്ധതികൾ, പെൻഷൻ പദ്ധതികൾ, മറ്റു നിക്ഷേപപദ്ധതികൾ എന്നിവ ഫലപ്രദമായി ആവിഷ്കരിച്ചു നടപ്പിലാക്കണം. കർഷകരുടെ കുട്ടികൾക്ക് സ്കൂൾ, കോളേജ്, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽ ഫീസാനുകൂല്യവും സംവരണവും ഏർപ്പെടുത്തണം. പഞ്ചായത്ത് - വാർഡ് തലത്തിൽ വർഷംതോറും കാർഷിക മേളകൾ സംഘടിപ്പിക്കണം. അത് ആ പ്രദേശത്തെ കാർഷിക ഉത്സവമാക്കി മാറ്റണം. തുടർന്ന് പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലത്തിൽ ഈ മേളകൾ നടത്തണം. ഈ മേളകളോടനുബന്ധിച്ച് കാർഷിക സെമിനാറുകളും ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കണം. നൂതന കൃഷി സമ്പ്രദായങ്ങളെപ്പറ്റി അവർക്ക് അറിവ് പകരണം. പുതിയ വിത്തിനങ്ങൾ പരിചയപ്പെടുത്തണം. പുതിയ പുതിയ യന്ത്രങ്ങൾ പരിചയപ്പെടുത്തണം. ഇത്തരത്തിൽ കർഷകരുടെ ഒരു കൂട്ടായ്മ വളർത്തിയെടുക്കണം.
- കർഷകനും കർഷകത്തൊഴിലാളിയും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണ്. അതുകൊണ്ട് ഇവർ തമ്മിൽ നല്ല തൊഴിൽ ബന്ധം നിലനിറുത്തുന്നതിന് പഞ്ചായത്ത് സമിതിയും മറ്റ് ബന്ധപ്പെട്ടവരും ശ്രദ്ധിക്കേണ്ടതുണ്ട്. കർഷകത്തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം മണ്ണിൽ പൊന്നു വിളയിക്കുന്ന കർഷകന്റെ താല്പര്യങ്ങൾ ഹനിക്കപ്പെടുകയുമരുത്. ഈ ബന്ധം ഉലച്ചിൽ തട്ടാതെ നിലനിർത്തുന്നതിന് നിതാന്ത ജാഗ്രത ആവശ്യമാണ്.
- കൃഷിയുമായി ബന്ധപ്പെടുത്തിത്തന്നെ കർഷകത്തൊഴിലാളികളെ കാണണം. കൃഷിക്കാരുടെ വിജയത്തിന് അവരുടെ പങ്കാളിത്തം ആവശ്യമാണ്. അതിനാൽ കർഷകത്തൊഴിലാളികൾക്കും വിവിധ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിക്കണം. അവർക്ക് ന്യായമായ കൂലി ഉറപ്പാക്കണം. ജോലി ഉറപ്പാക്കണം. ജോലിക്കിടയിൽ അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം സർക്കാർ തലത്തിൽ അനുവദിക്കാൻ കഴിയാതെവരുമ്പോൾ ജീവിക്കാൻ വേണ്ട പെൻഷനും ഉറപ്പാക്കേണ്ടതുണ്ട്. ആധുനിക കൃഷിരീതികൾ അവർക്കും മനസ്സിലാക്കാൻ വേണ്ട സമിതികൾ ഇതോടൊപ്പിക്കണം. കർഷകസമിതികളിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കണം.

ഏഴംകുളം ഗ്രാമപഞ്ചായത്ത് 21 ജനകീയാസൂത്രണം 1996

ഭൂമി സംബന്ധിച്ച വിവരങ്ങൾ (ആധാരം: അടിസ്ഥാന വിവര രജിസ്റ്റർ)

ഇനം	വിസ്തീർണ്ണം
നിലം	408 ഹെക്ടർ
പുരയിടം	2562 ഹെക്ടർ
പുറമ്പോക്ക്	
കൃഷിയോഗ്യ തരിശ്	NIL
കൃഷിയോഗ്യമല്ലാത്ത തരിശ്	NIL
ആകെ	2970 ഹെക്ടർ

വിള വിസ്തീർണ്ണവും ഉദ്പാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉദ്പാദനം	ഉദ്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	232 ഹെക്ടർ	696 MT	3 MT
നെല്ല് (രണ്ടാം വിള)	252 ഹെക്ടർ	554.4 MT	2 MT
നെല്ല് (മൂന്നാം വിള)	NIL	NIL	NIL
പയർ	45 ഹെക്ടർ	4500 MT	1000 Kg
എള്ള്	3 ഹെക്ടർ	1.2 MT	400 Kg
പച്ചക്കറികൾ	35 ഹെക്ടർ	140 MT	4 MT
തെങ്ങ്	169 ഹെക്ടർ	5.07 ലക്ഷം	3000 ലക്ഷം
വാഴ	95 ഹെക്ടർ	114 MT	1.2 MT
മരച്ചീനി	40 ഹെക്ടർ	400 MT	10 MT
കുരുമുളക്	25 ഹെക്ടർ	15 MT	600 Kg
പ്ലാവ്	20 ഹെക്ടർ	-	-
കശുമാവ്	32 ഹെക്ടർ	25.6 MT	800 Kg
മാവ്	3 ഹെക്ടർ		1000 MT
റബ്ബർ	2100 ഹെക്ടർ	2100 MT	NIL
കവുങ്ങ്	20 ഹെക്ടർ	20 ലക്ഷം	1 ലക്ഷം
മറ്റു പഴവർഗ്ഗങ്ങൾ	10 ഹെക്ടർ		

രാസവള കീടനാശിനി വിതരണം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം
	സഹകരണസംഘം SCB Parakodu - 1 SCB Enathu - 2 SCB Nedumon - 2 AMCOS - 1 6 Nos.	80 MT	67 ltr	42 Kg	88 MT	90 ltr	62 Kg	97 Mt	69 ltr	41 Kg
	സ്വകാര്യം 11 Nos	25 MT	39 ltr	26 Kg	36 MT	41 ltr	57 Kg	42 MT	28 ltr	31 Kg

ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതു ജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആയക്കെട്ട് (ഹെക്ടർ)
1	2	-	-	-	2
2	6	-	-	3	3 + 10
3	3	-	-	1	2 + 5
4	3	-	-	2	2 + 8
5	4	-	-	-1	3 + 5
6	2	-	-	-	1
7	6	-	-	1	3 + 6
8	7	-		1	3 + 6
9	3	-	-	-	1
10	1	-	-	-	1
11	3	-	-	-	2 + 6
12	4	-	-	-	2

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993- 94	1994- 95	1995- 96
തെങ്ങ്	140	500	820
കശുമാവ്	NIL	NIL	NIL
കുരുമുളക്	4500	4250	4400
കവുങ്ങ്	100	40	100
പഴവർഗ്ഗങ്ങൾ	180	180	200

ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1993-94	-	-	-	-	-	-
1994-95	14714	-	-	-	21-	77580
1995-96	-	-	-	-	-	-

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

വാർഡ് നമ്പർ	തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
	തെങ്ങ് കൃഷി ചിസ്തീർണ്ണം ഹെക്ടർ,	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
I	20	1,300	2,700	4,000	2,100	2,600	80	-	100	2,780
II	20	1,400	2,600	4,000	2,200	2,900	100	12	150	3,162
III	14	1,000	1,800	2,800	2,000	2,400	150	10	100	2,660
IV	15	1,000	2,000	3,000	1,800	2,100	82	-	120	2,302
V	10	1,200	800	2,000	1,400	1,700	60	-	100	1,860
VI	13	1,200	1,400	2,600	1,900	2,400	50	6	125	2,581
VII	11	1,200	1,000	2,200	1,800	2,000	25	-	120	2,145
VIII	10	1,000	1,000	2,000	1,700	1,800	20	12	80	1,912
IX	11	1,000	1,200	2,200	1,600	1,800	25	20	100	1,945
X	15	1,200	1,800	3,000	2,100	2,600	50	8	120	2,778
XI	15	1,200	1,800	3,000	2,000	2,200	80	12	100	2,792
XII	15	1,200	1,800	3,000	2,000	2,200	100	4	150	2,454
	169	13,900	19,900	33,800	23,000	27,100	822	84	1,365	29,371

ലീഫ് റൂട്ട് രോഗം റൂട്ട് വിൽറ്റ് (കാറ്റുവീഴ്ച) രോഗത്തിന്റെ പ്രാഥമിക ലക്ഷണമാകയാൽ കാറ്റു വീഴ്ച ബാധിച്ച എല്ലാ തെങ്ങുകൾക്കും ലീഫ് റോട്ട് രോഗം കാണുന്നു. എന്നാൽ, ലീഫ് റോട്ട് മാത്രമായും കാറ്റുവീഴ്ച ഇല്ലാതെയും കാണുന്നുണ്ട്. ആയതിനാൽ റൂട്ട് വിൽറ്റ് ബാധിച്ച തെങ്ങ് മുകളിൽ പ്രത്യേകമായി പരിഗണിച്ചിട്ടില്ല.

കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങ് കയറ്റയന്ത്രം	ഷോർട്ടബിൾ പമ്പ് സെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക്	മറ്റുള്ളവ			
I	-	-	-	2	5	-	-	-	-
II	1	2	-	2	8	-	-	-	-
III	-	-	-	1	3	-	-	-	-
IV	-	1	-	3	5	-	-	-	-
V	-	-	-	2	3	-	-	-	-
VI	-	-	-	2	4	-	-		-
VII	-	-	-	2	2	-	-		-
VIII	-	-	-	2	3	-	-	-	-
IX	-	1	-	2	3	-	-	-	-
X	-	-	-	2	4	--	-	-	-
XI	-	-	-	2	3	-	-	-	-
XII	-	-	-	2	3	-	-	-	-
	1	4	-	24	46	-	-	-	-

കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1–2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ)
I	520	16	2
II	524	17	3
III	523	30	15
IV	569	36	22
V	502	67	37
VI	538	51	28
VII	512	56	34
VIII	510	71	29
IX	524	31	11
X	533	24	6
XI	529	31	8
XII	521	38	17
	6305	468	212

കാർഷിക കാലാവസ്ഥ

മേഖല	തെക്കൻ ഇടനാട്
ഉയരം	ടൈപ്പ് 1 – സമുദ്രനിരപ്പിൽനിന്നും 500 മീറ്ററിൽ താഴെ
മഴ	ടൈപ്പ് 1 – കാലവർഷവും തുലാവർഷവും ഏതാണ്ട് തുല്യം
മണ്ണ്	ടൈപ്പ് 4 – സ്തരം വ്യക്തമല്ലാത്ത ലാറ്ററൈറ്റ്
ഭൂതലം	ടൈപ്പ് 3 – നിമ്നോന്നത പ്രകൃതി

പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണ്ണം	മറ്റ് വിവരങ്ങൾ
1.	ഏനാത്ത് കരിപ്പാൽ	1994- 95		1.97		പണി
2.	കല്ലുപാലം ഏലാ			ലക്ഷം		ആരംഭിച്ചു
	തോട് ഉദ്ധാരണ പണികൾ	1995		1.48		പണി
				ലക്ഷം		ആരംഭിച്ചു
3.	അറുകാലിക്കൽ ഏലാ ബണ്ട് സംരക്ഷണം					
	(മൈനർ ഇറിഗേഷൻ)	1996		1.90		പണി
				ലക്ഷം		ആരംഭിച്ചു

പുതിയ പണികൾ – 1997- 98ലേക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

1.	ചിറക്കര തോട് വെള്ളപ്പൊക്ക നിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയട്ടുള്ളത്	2 ലക്ഷം
2.	കൈതപ്പറമ്പിൽ ഏലാ (വാർഡ് 5) ഉദ്ധാരണപ്പണികൾ	2 ലക്ഷം

1996- 97 കാലയളവിലെ നടപ്പു പദ്ധതികൾ

ഏഴംകുളം കൃഷിഭവൻ

1. കിഴക്കുപുറം വാട്ടർ ഷെഡ് വികസന പദ്ധതി

വ്യക്തികളുടെ കൃഷിയിടങ്ങളിലും പൊതു നീർച്ചാൽ സംരക്ഷണത്തിനുമായി 8–ാം പദ്ധതി കാലയളവിൽ വകയിരത്തിയ 9.28 ലക്ഷം രൂപയിൽ 1,39,332 രൂപ ഈ വർഷം ചിലവഴിക്കേണ്ടതുണ്ട്. ഇത് പൂർത്തീകരിക്കുന്നതിനുള്ള നടപടി ജില്ലാ മണ്ണ് സംരക്ഷണ ആഫീസിൽ സ്വീകരിച്ചിട്ടുണ്ട്.

വളർത്തുമൃഗ പരിചരണത്തിനായി വകയിരുത്തിയിട്ടുള്ള 1.74 ലക്ഷം രൂപയിൽ 1,17,579 രൂപ ഈ വർഷം ചിലവഴിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടി നെടുമൺ വെറ്റിനറി ഡിസ്പൻസറിയും അടൂർ ഡയറി എക്സ്റ്റൻഷൻ ആഫീസും സ്വീകരിച്ചിട്ടുണ്ട്.

മറ്റ് പദ്ധതി പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷം കിഴക്കുപുറം വാട്ടർ ഷെഡ്ഡിൽ ചെയ്യുവാനില്ല. 9–ാം പഞ്ചവത്സര പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുള്ള ഏഴംകുളം വാട്ടർ ഷെഡ്ഡിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്.

2. **കീരത്തിൽ തോട് വെസ്റ്റേൺ ഗാട്ട് വികസന പദ്ധതി**

ഏഴംകുളം, ഏറത്ത്, അടൂർ എന്നീ മൂന്ന് മേഖലകളിലായി ഈ പദ്ധതി വ്യാപിച്ചിരിക്കുന്നു. ഏറത്ത് പഞ്ചായത്ത് ആസ്ഥാനമാക്കിയുള്ള കീരത്തിൽ തോട് വെസ്റ്റേൺ ഗാട്ട് കമ്മിറ്റിയുടെ തീരുമാനമനുസരിച് ഈ വർഷത്തെ കാർഷിക വികസന പരിപാടികൾ നടപ്പാക്കാനുണ്ട്.

3. **സമഗ്ര കേര വികസന പരിപാടി**

താഴെപ്പറയുന്ന പരിപാടികൾ ഈ പഞ്ചായത്തിൽ നടപ്പാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്.

ഇനം	എണ്ണം	സബ്സിഡി
ജലസേചന കിണർ	30	പരമാവധി 2,500 രൂപ
പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള കിണർ	2	പരമാവധി 10,000 രൂപ
ജലസേചന പമ്പ്സെറ്റ്	55	പരമാവധി 2,500 രൂപ
റോക്കർ സ്പ്രെയർ	3	പരമാവധി 1,000 രൂപ
തെങ്ങ് കയറ്റ യന്ത്രം	1	പരമാവധി 500 രൂപ
രാസവളം കിറ്റ്	5560	1 തെങ്ങിന് 8 രൂപ
പച്ചിലവളം കിറ്റ്	55 Kg	

4. **കാർഷിക യന്ത്രവൽക്കരണം**

പാടശേഖര സമിതി, സഹകരണ സംഘങ്ങൾ എന്നീ സംഘടനകൾക്ക് 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത് യന്ത്രം, മെതി യന്ത്രം എന്നിവ നൽകുന്നു. ഈ പരിപാടി 1 ഏക്കർ സ്വന്തമായി നിലമുള്ള വ്യക്തികൾക്കുകൂടി കൊടുക്കുന്നതിന് ഗവണ്മെന്റ് ആലോചിക്കുന്നു.

5. **സമഗ്രനെൽക്കൃഷി വികസന പദ്ധതി**

നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി പ്രധാനപ്പെട്ട ഉല്പാദന ഉപാധികളുടെ മൊത്തം ചെലവിന്റെ 50% സബ്സിഡിയായി നൽകുന്നതാണ്. 5 പാടശേഖര സമതികളിലായി 155 ഹെക്ടർ നെൽക്കൃഷിയും രജിസ്റ്റർ ചെയ്യാത്ത മേഖലകളിൽ 70 ഹെക്ടറും ഇപ്പോൾ നെൽക്കൃഷി ഉണ്ട്. സെന്റിന് 1 രൂപ പ്രകാരം പാടശേഖര സമിതികളിലൂടെ ഉല്പാദന പ്രോത്സാഹന ധനസഹായം കൊടുക്കുന്നുണ്ട്.

6. **യുവജനങ്ങൾക്കുള്ള കാർഷിക മേഖലയിൽ തൊഴിൽദാന പദ്ധതി**

178 പേർ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ 14 പേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പദ്ധതി വിഹിതം ഗവണ്മെന്റ് തന്നെയടച്ചു. ജനറൽ വിഭാഗത്തിൽനിന്നും 128 പേർ പൂർണ്ണ അംഗങ്ങളായി. ആകെ 142 പേർ മെമ്പർമാരായതിൽ 1,56,200 രൂപ അടച്ചിട്ടുണ്ട്. ഭാഗികമായി അടച്ച ശേഷിച്ച 36 പേർ 11,000 രൂപ അടച്ചിട്ടുണ്ട്. ആകെ 1,67,200 രൂപ ഏഴംകുളം കൃഷിഭവൻ പരിധിയിൽനിന്ന് അടച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് റബ്ബർ റോളർ, വെറ്റിലക്കൊടി കൃഷി, പച്ചക്കറി കൃഷി, മിനി നഴ്സറി, കുറ്റിമുല്ല കൃഷി, മുയൽ വളർത്തൽ, പാൽ പാത്രം, കാലിത്തീറ്റ എന്നിവയ്ക്ക് സഹായധനം അനുവദിച്ചു.

7. **വിള ഇൻഷ്വറൻസ് പരിപാടി**

204 കൃഷിക്കാർ വിവിധ വിളകൾ ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇതിൽ വിളനാശം സംഭവിച്ചവരുടെ പ്രാപേക്ഷ നടപടികൾക്കായി അയച്ചിട്ടുണ്ട്.

8. **പ്രത്യേക ഘടക പദ്ധതി**

കുടുക്കച്ചിറ ഐ.എച്ച്.ഡി.പി. യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പു വർഷം നടീൽ വസ്തുക്കൾ വിതരണം ചെയ്തു. ഇനിയും കാർഷിക പണിയായുധങ്ങൾ വിതരണം ചെയ്യാനുണ്ട്. കൂടാതെ ഫാം ഹൗസ്, ജലസേചനക്കിണർ എന്നിവയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്. മറ്റു വാർഡുകളിൽ ഓരോ കോളനി വീതം വിവിധ പദ്ധതികൾക്കായി ശുപാർശ ചെയ്തിട്ടുണ്ട്.

9. **പ്രകൃതിക്ഷോഭം**

251 പേർക്കായി 3,38,838 രൂപ വിതരണം ചെയ്തിട്ടുണ്ട്.

10. **കുരുമുളക് കൃഷി, ഇഞ്ചി കൃഷി, സുഗന്ധ വിളകൾ**
എന്നിവയ്ക്കായി 26,000 രൂപ സബ്സിഡി നലകിയിട്ടുണ്ട്.

11. **ഓണത്തിന് ഒരു വാഴക്കുല പദ്ധതി**

ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കുന്ന ഹൈസ്ക്കൂളിലെ കുട്ടികൾക്ക് 3 നേന്ത്രവാഴ വിത്ത് സൗജന്യമായി കൊടുക്കുന്നു.

ഇവയ്ക്കു പുറമെ, വെറ്റിലക്കൊടി, പച്ചക്കറി കൃഷി തുടങ്ങിയവയ്ക്കും സഹായം നൽകുന്നുണ്ട്.


11. **ദേശീയ നീർമറി വികസന പദ്ധതി**

ഏഴംകുളം പഞ്ചായത്തിലെ I, III, IV, V എന്നീ വാർഡുകളിലായി ചാവരുതൊടി മുതൽ ഏനാത്ത് വരെയുള്ള തോടിനെ അടിസ്ഥാനമാക്കി നീരൊഴുക്കുള്ള 580 ഹെക്ടർ സ്ഥലത്ത് എട്ടാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണിത്. പദ്ധതി പ്രദേശത്ത് ഏകദേശം 1200 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 29 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതിയിൽ പദ്ധതിപ്രവർത്തനത്തിന് 17.4 രൂപയും പദ്ധതി ഇതര പ്രവർത്തനത്തിന് 11.6 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു. പദ്ധതിപ്രവർത്തനത്തിൽ കൃഷി, മൃഗസംരക്ഷണം, ഡയറി, സോയിൽ കൺസർവേഷൻ എന്നീ വകുപ്പുകൾ കൂട്ടായി പ്രവർത്തിക്കുന്നു. 96-97 സാമ്പത്തിക വർഷം ഇത് പൂർത്തീകരിക്കുന്നതാണ്. കൃഷി, ഡെയറി എന്നീ വകുപ്പുകളുടെ പദ്ധതി പ്രവർത്തനം പൂർത്തീകരിച്ചു. എന്നാൽ സോയിൽ കൺസർവേഷൻ, മൃഗസംരക്ഷണം എന്നിവയുടെ പ്രവർത്തനങ്ങൾ തീരേണ്ടതുണ്ട്. മാർച്ച് 31നു മുമ്പ് ഇവയും പൂർത്തീകരിക്കും.

പുതുതായി ഒമ്പതാം പദ്ധതിയിൽ എടുത്തിട്ടുള്ളതാണ് ഏഴംകുളം വാട്ടർഷെഡ്. 900 ഹെക്ടർ സ്ഥലം ഇതിൽ വരും. ഏഴംകുളം പഞ്ചായത്തിൽപ്പെട്ട വല്യംകുളം മുതലുള്ള തോടാണ് അടിസ്ഥാനം.

മണ്ണ് സംരക്ഷണം

	25% സബ്സിഡിയുള്ള സംസ്ഥാനതല സ്കീം	100% കേന്ദ്രാവിഷ്കാര പദ്ധതി ദേശീയ നീർമറി വികസനം
പദ്ധതിയുടെ പേര്	ഏഴംകുളം ലോൺ സ്കീം	കിഴക്കുപുറം വാട്ടർ ഷെഡ്
പദ്ധതി പ്രദേശ വിസ്തീർണ്ണം	409.06 ഹെക്ടർ	580 ഹെക്ടർ
പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ നീളം		12 കി. മീറ്റർ
അടങ്കൽ തുക	6,15,000 രൂപ	9,28,000 രൂപ
മൊത്തം ഗുണഭോക്താക്കൾ	398	
പദ്ധതി ആരംഭിച്ച വർഷം	1969	1992- 93
പൂർത്തിയായ വർഷം	1972	1996- 97ൽ പൂർത്തീകരിക്കും
സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം	43 ഹെക്ടർ	520 ഹെക്ടർ
പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	65	613
ചെലവായ തുക	30,298 രൂപ	7,47,422 രൂപ



B. മൃഗപരിപാലനം മത്സ്യക്കൃഷി

മൃഗസംരക്ഷണം

വർഷങ്ങൾക്കുമുമ്പ് ഈ പഞ്ചായത്തിൽ നാടൻ ഇനം കന്നുകാലികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അന്ന് മേച്ചിൽ സ്ഥലങ്ങളുടെ ലഭ്യത കാരണം ഇവയെ സംരക്ഷിക്കുന്നതിനുള്ള ചെലവ് വളരെ കുറഞ്ഞിരുന്നു. അന്ന് ഇത് ഒരു വ്യവസായമായി ആരും പരിഗണിച്ചിരുന്നില്ല. കന്നുകാലി വളർത്തൽ കേവലം വീട്ടാവശ്യങ്ങൾക്കു മാത്രമായിരുന്നു.

കാലക്രമേണ പാൽ ഒരു വരുമാനമാർഗ്ഗമായി. ക്ഷീരോൽപ്പന്നങ്ങളുടെ ഉപഭോഗം വർദ്ധിച്ചു. നാടൻ ഇനങ്ങളേക്കാൾ ഉല്പാദനക്ഷമതയുള്ള സങ്കര ഇനങ്ങൾ പ്രചാരത്തിലായി. കൃത്രിമ ബീജസങ്കലന പ്രക്രിയയിലൂടെ സങ്കര ഇനം കാലികളുടെ പ്രജനനം എളുമായി. കർകൻ ആ മാർഗ്ഗത്തെ എളുപ്പം ഉൾക്കൊണ്ടു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 12 വാർഡുകളിലും ഇന്ന് വളർത്തപ്പെടുന്ന പശു ഇനങ്ങൾ താഴെപ്പറയുന്നു.

1. സങ്കരവർഗ്ഗ സ്വിസ്സ് ബ്രൗൺ
2. സങ്കരവർഗ്ഗ ജേഴ്സി
3. സങ്കര ഹോൾസ്റ്റീൽ ഫ്രീഷൻ
4. സുനന്ദിനി
5. മറ്റ് സങ്കരയിനങ്ങൾ

ഇവയ്ക്ക് പുറമേ പത്തു ശതമാനത്തോളം നാടൻ ഇനങ്ങളുമാണ് ഉള്ളത്.

ക്ഷീരോൽപ്പാദനവും വിതരണവും

ഈ പഞ്ചായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന നല്ലൊരു ഭാഗം ജനങ്ങളും കാലി വളർത്തൽ ഒരു മുഖ്യ തൊഴിലായും ജീവിതമാർഗ്ഗമായും സ്വീകരിച്ചിരിക്കുന്നവരാണ്. പാൽ തൊട്ടടുത്ത് ആവശ്യമുള്ള വീടുകളിലോ കടകളിലോ അവർ നല്കുന്നു. ചിലർ ഏഴംകുളത്തുള്ള പാൽ സഹകരണം സംഘത്തിൽ നല്കുന്നു. മറ്റ് വിപണന സൗകര്യങ്ങൾ ലഭ്യമല്ല.

അത്യുൽപ്പാദനശേഷിയുള്ള ഇനം കന്നുകാലികളെ വാങ്ങുവാനുള്ള സാമ്പത്തികശേഷി പല കർഷകർക്കുമില്ല. ഇവർക്ക് സാമ്പത്തിക സഹായം സബ്സിഡി നിരക്കിൽ സർക്കാരിൽനിന്നും നൽകേണ്ടത് അത്യാവശ്യമാണ്.

ശാസ്ത്രീയ രീതിയിലുള്ള കാലിത്തൊഴുത്ത്, കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ എന്നിവ സർക്കാർ സഹായത്തോടെ അനുവദിച്ചു നൽകുവാനുള്ള വ്യവസ്ഥ ഉണ്ടാകണം. പുല്ല് കൃഷിചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പശുവിനെക്കൂടാതെ എരുമ, ആട് എന്നിവയും പാലിനുവേണ്ടി പരിപാലിക്കപ്പെട്ടുവരുന്നു. കാള, പോത്ത് എന്നിവയെ കൃഷി ആവശ്യങ്ങൾക്കും വളർത്തുന്നു. പട്ടി, പൂട്ട, മുയൽ, പന്നി എന്നിവയെയും വളർത്തുന്നുണ്ട്. പക്ഷി ഇനങ്ങളിൽ കോഴിയെയും താറാവിനെയും മുട്ടയ്ക്കും ഇറച്ചിക്കുമായി വളർത്തുന്നു. പൂവൻ കോഴികളെ ഇറച്ചിക്കുവേണ്ടി വളർത്തുന്നുണ്ട്. മിക്ക വീടുകളിലും കോഴികളുണ്ടെങ്കിലും അവയൊക്കെ നാടൻ കോഴികളായതിനാൽ ഉല്പാദനം കുറവാണ്. അത്യുല്പാദന ശേഷിയുള്ള കോഴികളെ നല്കി മുട്ട ഉല്പാദനും ഇറച്ചി ഉല്പാദനവും വർദ്ധിപ്പിക്കാവുന്നതാണ്.

കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ ഉൽപ്പാദിപ്പിക്കുവാനുള്ള ഒരു സംവിധാനം ആവശ്യമാണ്. അതിലേക്ക് വേണ്ടതായ നടപടികൾ



സർക്കാരിൽനിന്നും പഞ്ചായത്തുമുഖേന ഉണ്ടാവണം.

വിതരണം

എല്ലാ വാർഡിലും ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആവശ്യമാണ്. ക്ഷീരോൽപ്പന്ന നിർമ്മാണ കേന്ദ്രങ്ങളും ശീതീകരണം സംവിധാനവും ഉണ്ടാകണം

രോഗം, രോഗപ്രതിരോധം

കാലികളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ ക്യാൻസർ, അകിടുവീക്കം, മുടന്തൻ പനി, കുളമ്പുരോഗം, പരാദ രോഗങ്ങൾ എന്നിവയാണ്. വേണ്ട രീതിയിൽ ഫലപ്രദമായ ചികിത്സ ലഭ്യമാകുന്നില്ല. ഈ രോഗങ്ങളുടെ ചികിത്സക്കാവശ്യമായ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകത്തക്ക സംവിധാനം ഉണ്ടാകണം. ക്ഷീരകർഷകർ നമ്മുടെ പഞ്ചായത്തിൽ നേരിടുന്ന അനേകം പ്രശ്നങ്ങളുണ്ട്.

പ്രശ്നങ്ങൾ

1. ക്ഷീരകർഷകർക്ക് പാലിന് ന്യായമായ വില ഇന്ന് ലഭിക്കുന്നില്ല.
2. മൃഗാശുപത്രിയുടെ അപര്യാപ്തത
3. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വിലക്കയറ്റവും വിതരണകേന്ദ്രങ്ങളുടെ അഭാവവും.
4. കന്നുകാലികൾക്കുള്ള ഇൻഷുറൻസ് പദ്ധതികളുടെ അഭാവം.
5. മുട്ട, ഇറച്ചി ഉല്പാദനം വിതരണം എന്നിവയ്ക്കുള്ള സംവിധാനങ്ങളില്ല.
6. ശാസ്ത്രീയമായ കാലിത്തൊഴുത്തിന്റെയും പൗൾട്രി ഫാമിന്റെയും അഭാവം.
7. ഗുണനിലവാരമുള്ള ധാതുലവണ മിശ്രിതങ്ങളുടെ അഭാവം.
8. ഉയർന്ന വിലയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ പശുക്കളെ വാങ്ങാനുള്ള പ്രാപ്തിക്കുറവ്.
9. ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പ കിട്ടാനുള്ള കാലതാമസം.
10. പാലുൽപ്പന്നങ്ങൾ നിർമ്മിക്കാനും വിറ്റഴിക്കാനുമുള്ള സംവിധാനം.

പരിഹാരമാർഗ്ഗങ്ങൾ

1. മൂന്ന് വാർഡുകൾക്ക് ഒരു മൃഗാശുപത്രി എന്ന കണക്കിന് മൃഗാശുപത്രികൾ അടിയന്തിരമായി സ്ഥാപിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. നിലവിലുള്ള മൃഗാശുപത്രി കുറെക്കൂടി പരിഷ്ക്കരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുകയും ആവശ്യമായ മരുന്നും ജീവനക്കാരെയും ലഭ്യമാക്കുന്നതിനും ക്ലെറിക്കൽ ആവശ്യങ്ങൾക്ക് ആളുകളെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലുള്ളത് മൃഗാശുപത്രി ഒന്ന്, സബ്സെന്റർ മൂന്ന്.
2. എല്ലാ വാർഡുകളിലും ഒരു ഐ.സി.ഡി.പി. സബ്സെന്റർ സ്ഥാപിക്കുക.
3. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവ സൗജന്യ നിരക്കിൽ വിതരണകേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കണം.
4. കന്നുകാലികൾക്കുള്ള ഇൻഷുറൻസ് പദ്ധതിയിൽ എല്ലായിനം കന്നുകാലികളെയും ഉൾപ്പെടുത്തുക.
5. സഹകരണ മേഖലയിൽ ഉൽപ്പാദന-വിതരണ കേന്ദ്രങ്ങൾ എല്ലാ വാർഡിലും ആരംഭിക്കുക.
6. വൃത്തിയുള്ള കാലിത്തൊഴുത്തിന്റെയും പൗൾട്രി ഫാമിന്റെയും നിർമ്മാണ ആവശ്യത്തിന് ധനസഹായവും സാങ്കേതിക സഹായവും നൽകുക.
7. ഗുണനിലവാരമുള്ള മീൻ എണ്ണ, ധാതുലവണ മിശ്രിതം എന്നിവ ലഭ്യമാക്കണം.
8. അത്യുൽപ്പാദന ശേഷിയും ഉയർന്ന വിലയുമുള്ള പശുക്കളെ കർഷകന് സൗജന്യ നിരക്കിൽ ലഭ്യമാക്കണം.
9. നാടൻ പശുക്കളിൽ കൃത്രിമ ബീജസങ്കലനം വ്യാപകമാക്കുക. നാടൻ കാളകളെ ഉപയോഗിച്ചുള്ള പ്രജനനം നിർത്തലാക്കുക.
10. ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പാപദ്ധതികളുടെ കാലതാമസം ഒഴിവാക്കുകയും ഉദാരവൽക്കരിക്കുകയും ചെയ്യുക.
11. വീടുകളിൽ വളർന്നുന്ന എല്ലായിനം നായകൾക്കും ലൈസൻസ് എടുത്തിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കർശന നടപടി എടുക്കേണ്ടതും ആവശ്യമാക്കുക.
12. കൃഷിയും കാലിവളർത്തലും പരസ്പരപൂരകങ്ങളായാൽ മൃഗസംരക്ഷണത്തിന് വേണ്ടത്ര ശ്രദ്ധ നൽകുക.
13. പൗൾട്രി ഫാം നടത്തുന്നവർക്ക് ആവശ്യമായ

ധനസഹായം നൽകി ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.

14. വീട്ടമ്മമാർക്കും തൊഴിലന്വേഷകരായ ചെറുപ്പക്കാർക്കുംവേണ്ടി ആട് വളർത്തൽ, കോഴി വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവയ്ക്ക് വേണ്ട പരിശീലനവും പ്രോത്സാഹനവും നൽകുക.
15. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന് കിടാരി, ആട്, കോഴി, മുയൽ എന്നിവ സൗജന്യമായി നൽകുക.
16. കാലിത്തീറ്റ ഉൽപ്പാദനത്തിന് ചെറുകിട യൂണിറ്റുകൾ സ്ഥാപിച്ച് ഉൽപ്പാദിപ്പിക്കുന്ന തീറ്റകൾ, പാൽ സൊസൈറ്റി മുഖേന നിയന്ത്രിത നിരക്കിൽ വിതരണം ചെയ്യുക.
17. പേവിഷ ബാധയ്ക്കുള്ള വാക്സിനേഷൻ സൗജന്യമായി നൽകുക.

സാദ്ധ്യതകൾ:

1. ക്ഷീരോല്പാദക സഹകരണ സംഘത്തെ ഒരു വ്യവസായ സ്ഥാപനമായി വളർത്തിയെടുക്കുക.
2. കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ച് മുട്ട, ഇറച്ചി ഉല്പാദനം, വിതരണം നടത്തുക.
3. ബോധവൽക്കരണ ക്യാമ്പ്

   ലാഭകരമായ രീതിയിൽ ഉന്നതയിനം പശുക്കളെയും കോഴികളെയും വളർത്തുന്നതിനെക്കുറിച്ചും അവയ്ക്ക് സാധാരയുണ്ടാകാറുള്ള രോഗങ്ങളെക്കുറിച്ചും മൃഗസംരക്ഷണോപാധികളെക്കുറിച്ചും മനസിലാക്കുന്നതിനുള്ള ചർച്ചാക്ലാസ്സുകളും സെമിനാറുകളും നടത്തുക.
4. മൃഗങ്ങൾ, കോഴികൾ എന്നിവയ്ക്കുണ്ടാകുന്ന പല മാരക രോഗങ്ങൾക്കുമെതിരെയുള്ള കുത്തിവയ്പുകൾ സംഘടിപ്പിക്കാവുന്നതാണ്. കന്നുകാലികളുടെ കുളമ്പുരോഗം, കുരലടപ്പൻ, കാലിപ്ലേഗ്, കോഴിവസന്ത എന്നീ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾക്കുള്ള സംവിധാനം ഉണ്ടാക്കണം.
5. ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച് ഏഴംകുളം പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും നല്ലയിനം കാലികളെ ലാഭകരമായി വളർത്തുവാനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുക.
6. ക്ഷീര വികസന മേഖലയിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തുതലത്തിൽ ക്ഷീര വികസന ഓഫീസ് അനുവദിക്കണം.
7. പുല്ലുകൃഷിക്ക് ആവശ്യമായ വിത്ത്, വളം, സാങ്കേതിക പരിജ്ഞാനം, സാമ്പത്തിക സഹായം എന്നിവ നൽകിയാൽ കൂടുതൽ കന്നുകാലികളെ ഈ പഞ്ചായത്തിൽ വളർത്താവുന്നതാണ്.
8. നമ്മുടെ പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകണം.
9. ആട്, കോഴി, മുയൽ എന്നിവയെ വളർത്തുന്നതിന് താൽപ്പര്യമുള്ള ഒട്ടനേകം കർഷകർ നമ്മുടെ പഞ്ചായത്തിലുണ്ട്. ആ സാദ്ധ്യത പ്രയോജനപ്പെടുത്തണം.
10. ഇറച്ചിക്കോഴി, മുട്ടക്കോഴി, മുയൽ, മീൻ എന്നിവയുടെ കുഞ്ഞുങ്ങളെ സൗജന്യമായി ലഭിക്കുന്നതിനും വളർത്തുന്നതിനുമുള്ള ധനസഹായം ലഭ്യമാകുന്നതിനും സൗകര്യങ്ങളുണ്ടാകണം.
11. നമ്മുടെ പഞ്ചായത്തിൽ രണ്ട് വാർഡിന് ഒരു പാൽ സൊസൈറ്റിവീതം സ്ഥാപിക്കുക. സ്വകാര്യ വ്യക്തികളുടെ പാൽ ശേഖരണവും വിതരണവും കർശനമായി നിരോധിക്കുക.
12. ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനം സഹകരണ സംഘങ്ങൾ വഴി വിപുലമാക്കുക.
13. പൗൾട്രി ഫാം നടത്തുന്നവർക്ക് ആവശ്യമായ ധനസഹായവും ഇൻഷുറൻസ് പദ്ധതിയും നടപ്പാക്കണം.

മത്സ്യബന്ധനം

ഈ പഞ്ചായത്തിലുള്ള പല കുളങ്ങളും മത്സ്യക്കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

1. ഈഴക്കോട്ടുചിറ
2. ചിറക്കരോട്ടുചിറ
3. വല്യാംകുളം
4. ഏഴംകുളം ജംഗ്ഷനിലുള്ള കുളം
5. ഇളംഗമംഗലം കിളിയടിക്കൽ ഏലായിലുള്ള കുളം
6. അയത്തിനോടി കുളം

ഇപ്പോൾ ഇവയെല്ലാം ജലസേചനവുമായി ബന്ധപ്പെട്ടവയാണ്. എന്നാൽ മത്സ്യക്കൃഷിക്കുകൂടി ഉപയോഗയോഗ്യമാക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടാക്കണം.

മൃഗസംരക്ഷണം ചാർട്ട്-I

വളർത്തുമൃഗ സംഖ്യ


വാർഡ് നമ്പർ	കാള		പശു				എരുമ		പോത്ത്	ആട്	പട്ടി
	നാടൻ	സങ്കരം	നാടൻ		സങ്കരം		കറവ-യുള്ളത്	കറവ-യില്ലാ-ത്തത്			
			കറവ-യുള്ളത്	കറവ-യില്ലാ-ത്തത്	കറവ-യുള്ളത്	കറവ-യില്ലാ-ത്തത്					
1	2	1	120	80	220	180	6	1	4	280	98
2	1		140	70	223	272	10	4	2	290	103
3	3	2	180	40	292	238			2	350	104
4	2		170	40	390	220			6	260	132
5	2	2	200	60	223	200	3	2	4	358	91
6	4	3	170	100	292	198	4	3	6	330	97
7	2		210	70	290	250	1	2	2	400	120
8	3	4	180	110	246	302	8	4	4	380	81
9	8	6	140	100	300	200	2	6	4	385	85
10	4		125	125	176	174	6	3	4	420	201
11	2	1	108	100	36	334	2	3	2	275	120
12	6	2	103	102	264	141	5		4	280	110

ചാർട്ട്-II

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്	
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ
1	200	560	420	31	27
2	220	610	400	17	16
3	217	700	307	12	28
4	213	708	212	12	8
5	320	620	419	-	-
6	316	708	700	14	38
7	201	497	496	-	-
8	196	508	617	3	27
9	177	617	702	-	-
10	314	637	464	5	34
11	233	578	700	-	-
12	265	596	300	-	-

2. ദ്വിതീയ മേഖല



A. വ്യവസായം

ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രദേശം വ്യാവസായികമായി വളരെ പിന്നോക്കാവസ്ഥയിലാണ്. സർക്കാർ-സ്വകാര്യ ഉടമസ്ഥതയിൽ വൻകിട- ഇടത്തരം വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. ഉള്ളത് ഏതാനും ചെറുകിട വ്യവസായസ്ഥാപനങ്ങളും പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുമാണ്. വൈദ്യുതിയുടെ അഭാവം, മൂലധന ലഭ്യതയില്ലായ്മ, അസംസ്കൃതവസ്തുക്കളുടെ അഭാവം, ഗതാഗതസൗകര്യങ്ങളുടെ കുറവ്, തൊഴിൽസംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും സാമ്പത്തിക സഹായവും ലഭിക്കാനുള്ള പ്രയാസം എന്നിവയൊക്കെ വ്യാവസായിക പിന്നോക്കാവസ്ഥയ്ക്കു കാരണമാണ്.

പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

നമ്പർ	വ്യവസായം	എണ്ണം	തൊഴിലാളികൾ
1.	സോപ്പുനിർമ്മാണം	3	20
2.	ഇഷ്ടികനിർമ്മാണം	3	40
3.	ഫർണിച്ചർ	8	24
4.	സാമില്ലുകൾ	4	12
5.	റൈസ് മില്ലുകൾ	16	16
6.	പർപ്പടക നിർമ്മാണ യൂണിറ്റ്	4	8
7.	ആട്ടോമൊബൈൽ വർക്ക്ഷോപ്പുകൾ	15	45
8.	ഫോട്ടോസ്റ്റാറ്റ് യൂണിറ്റുകൾ	3	3
9.	ലതർ, റക്സിൻ ബാഗ് നിർമ്മാണ യൂണിറ്റുകൾ	3	3
10.	ഐസ് ഫാക്ടറി	1	2
11.	പ്രിന്റിംഗ് പ്രസ്സ്	5	20
12.	ഇറച്ചിക്കോഴിവളർത്തൽ	3	6
13.	മെറ്റൽ ക്രഷർ	1	10
14.	എല്ലുപൊടി മിൽ	1	20
15.	കശുവണ്ടി ഫാക്ടറി	2	2000
16.	തയ്യൽ സ്ഥാപനങ്ങൾ	20	50
17.	ആഭരണ വ്യവസായം	5	10
18.	ബേക്കറി യൂണിറ്റ്	5	15
19.	ഇലക്ട്രോപ്ലേറ്റിംഗ്	1	2
20.	ടയർ റീട്രെഡിംഗ്	3	6

ചെറുകിട വ്യവസായമേഖല

പ്രശ്നങ്ങൾ

1. കശുവണ്ടി, സോപ്പ് ഫാക്ടറികളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വർഷത്തിൽ എല്ലാ ദിവസവും പണി ലഭിക്കുന്നില്ല.
2. അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റവും ലഭ്യതയില്ലായ്മയും.
3. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസം.
4. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച തൊഴിൽ സംരംഭകർക്ക് ആവശ്യമായ വായ്പകളും ലൈസൻസും ലഭിക്കാനുള്ള കാലതാമസം.
5. ഉല്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയാതിരിക്കുക. വിപണന സാദ്ധ്യത കുറവ്.
6. വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും കിട്ടാത്ത അവസ്ഥ.

സാദ്ധ്യതകൾ

1. റബ്ബർ തടി സംസ്കരിച്ച് വീട്ടുപകരണങ്ങൾ, പായ്ക്കിംഗ് കെയ്സ് എന്നിവ നിർമ്മിക്കാൻ പഞ്ചായത്ത് പ്രദേശത്ത് നല്ല സാദ്ധ്യതകൾ ഉണ്ട്.
2. തൊഴിൽ സംരംഭകർക്ക് വായ്പ ലഭിക്കാനുള്ള കാലതാമസവും തടസ്സവും ഒഴിവാക്കണം.
3. യന്ത്രോപകരണങ്ങൾ കിട്ടാനും റിപ്പയർ ചെയ്യാനും സംവിധാനം ഉണ്ടാകണം.
4. പഞ്ചായത്ത് പ്രദേശത്തുനിന്ന് വിദേശരാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നവർ 1500ൽപരമുണ്ട്. അവരിൽനിന്ന് സാമ്പത്തിക സഹായവും ഷെയറും സ്വീകരിച്ച് ചെറുകിട-ഇടത്തരം വ്യവസായങ്ങൾ തുടങ്ങാൻ സാദ്ധ്യതകൾ ഉണ്ട്.
5. അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തിയാൽ മുടങ്ങിപ്പോയ വ്യവസായങ്ങൾതന്നെ പഞ്ചായത്ത് പ്രദേശത്ത് പുനരുദ്ധരിക്കാൻ കഴിയും.
6. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കാനും വിറ്റഴിക്കാനും വിപണന മേളകൾ പഞ്ചായത്ത്തലത്തിൽ സംഘടിപ്പിക്കണം.
7. ചെറുകിട വ്യവയസായികൾ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പരിഹാരനിർദ്ദേശങ്ങൾ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ചർച്ചചെയ്ത് പരിഹാരമുണ്ടാക്കുക.

കുടിൽവ്യവസായ-പരമ്പരാഗത വ്യവസായ മേഖല



ഉല്പന്നതനിച്ച പാർപ്പടക മൺപാത്ര കാർഷിക ളുടെ ആഭരണ ഈറ്റ-ചൂരൽങ്ങളുടെ നിർമ്മാണം, വളർത്തൽ, നിർമ്മാണം, നിർമ്മാണം, ഉപകരണങ്ങ നിർമ്മാണം, നിർമ്മാണം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ പഞ്ചായത്തിൽ വ്യാപകമായി നിലനിന്നിരുന്നു. എന്നാൽ ഇന്ന് അവ നാമമാത്രമായേ നിലനിൽക്കുന്നുള്ളു.

പ്രശ്നങ്ങൾ

1. ഈറ്റ, ചൂരൽ എന്നിവ യഥേഷ്ടം കിട്ടാനില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാംബു കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.
2. വീട്ടമ്മമാർക്ക് ആദായമുണ്ടാക്കാവുന്ന ചെറുകിട-ഇടത്തരം തൊഴിൽ സംരംഭങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവം.
3. സാമൂഹ്യക്ഷേമ വകുപ്പ്, ബാങ്ക് എന്നിവയിൽനിന്ന് ആവശ്യമായ സഹായവും പ്രോത്സാഹനവും കിട്ടാതിരിക്കുന്ന അവസ്ഥ.
4. വിപണനമേഖല കണ്ടെത്താൻ കഴിയാത്ത പ്രശ്നം.
5. കൃഷിഭവന്റെ പ്രവർത്തനം എല്ലാ മേഖലയിലും എത്തത അവസ്ഥയുണ്ട്.


സാദ്ധ്യതകൾ

1. ബാംബു കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയാൽ കുടിൽവ്യവാസങ്ങളായ വട്ടി, കുട്ട, പനമ്പ് എന്നിവയുടെ വിപണന സാദ്ധ്യതകൾ വർദ്ധിക്കുന്നതാണ്.
2. മഹിളാ സമാജങ്ങൾ, അംഗൻവാടികൾ എന്നിവയുടെ നേതൃത്വത്തിൽ വീട്ടമ്മമാർക്ക് കുടിൽവ്യവസായങ്ങൾ ആരംഭിക്കാൻ പരിശീലനവും പ്രോത്സാഹനവും നൽകണം.
3. കുടിൽവ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വിപണി ലഭ്യത ഉറപ്പാക്കുക.
4. കാലിവളർത്തൽ, കോഴിവളർത്തൽ, പന്നിവളർത്തൽ എന്നിവയ്ക്ക് പ്രോത്സാഹനവും വായപയും നൽകുക.
5. പച്ചക്കറിക്കൃഷി പരിപോഷിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക.
6. വിവിധ ഏജൻസികളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

ഗ്രാമസഭയിൽ ഉയർന്ന പൊതുനിർദ്ദേശങ്ങൾ

1. ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചു വരുന്ന പൊതുമേഖലാ ധനകാര്യ സ്ഥാപനം ഏനാത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ആണ്. ഏഴംകുളം പ്രദേശത്ത് ഒരു പൊതുമേഖലാ ബാങ്ക് തുടങ്ങണം.
2. വനിതാ വ്യവസായ യൂണിറ്റുകൾക്ക് പഞ്ചായത്തിൽ നല്ല സാദ്ധ്യതകളുണ്ട്. വനിതകൾക്കായി സഹകരണ മേഖലയിലും, ഖാദി-കുടിൽവ്യവസായ മേഖലയിലും സംരംഭങ്ങൾ തുടങ്ങാൻ വേണ്ട മുൻഗണന നൽകണം.
3. ക്ഷീരവ്യവസായ സംഘങ്ങൾ സമാരംഭിക്കുന്നതിൽ 9, 8, 7, 12 എന്നീ വാർഡുകളിൽ കൂടുതൽ സാദ്ധ്യതകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.
4. റബ്ബർ തടി സംസ്കരണം, റബ്ബർ ഫോം മെത്ത, ചെരുപ്പ്, റബ്ബർ ബാൻഡ് തുടങ്ങിയ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങണം.
5. വെളിച്ചെണ്ണ ആട്ടിയെടുക്കുന്ന വ്യവസായത്തിനനുബന്ധങ്ങളും തുടങ്ങണം.
6. ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് ലൈസൻസ് ലഭിക്കാനുള്ള തടസ്സങ്ങൾ ഒഴിവാക്കണം.
7. K.I.P.-റവന്യൂ പുറമ്പോക്കുകൾ കണ്ടെത്തി അക്വയർ ചെയ്ത് സഹകരണമേഖലയിലോ പൊതുമേഖലയിലോ വ്യവസായങ്ങൾ തുടങ്ങാനുള്ള സാദ്ധ്യതകൾ കണ്ടെത്തുക.
8. കെട്ടിട നിർമ്മാണ സാമഗ്രികളായ ഗേറ്റ്, ഗ്രിൽ, കതക്, ജനാല എന്നിവയുടെ നിർമ്മാണത്തിന് നല്ല സാദ്ധ്യതയുംവിപണനസൗകര്യങ്ങളും പഞ്ചായത്തിലുണ്ട്.
9. പഞ്ചായത്തിലെ പരമ്പരാഗത വ്യവസായികൾക്ക് സഹായം നൽകി ആ മേഖല പുനരുദ്ധരിക്കേണ്ടതാണ്.
10. വ്യവസായ വാണിജ്യ മേളകളും വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കുന്നതിന് തുടക്കമിടുകയും ചെയ്യുക.





B. ഊർജ്ജം

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ആളുകൾ പാചകത്തിനായി പ്രധാനമായി ഉപയോഗിക്കുന്ന ഇന്ധനം വിറകാണ്. കാർഷികപ്രാധാന്യമുള്ള പ്രദേശമെന്ന നിലയിലും റബ്ബർ, തെങ്ങ്, മറ്റ് പാഴ്മരങ്ങൾ എന്നിവ ആവശ്യത്തിന് ഉള്ളതിനാലും വിറക് ക്ഷാമം അത്ര രൂക്ഷമായി അനുഭവപ്പെട്ടിട്ടില്ല. പാചകത്തിന് മണ്ണെണ്ണ, ഗ്യാസ്, ഗോബർ ഗ്യാസ് തുടങ്ങിയ ഇന്ധനങ്ങളും വൈദ്യുതിയും ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിവരികയാണ്. നേരത്തേ പാചകവാതകം നാമമാത്രമായ വീടുകളിലാണുണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് കുറേക്കൂടി വ്യാപകമായിട്ടുണ്ട്.

പ്രധാനപ്പെട്ട ഊർജ്ജം വൈദ്യുതി തന്നെയാണ്. കേരള സംസ്ഥാന വൈദ്യുതി വിതരണ ശൃംഖലയിൽനിന്നും ഗൃഹങ്ങൾക്കും തെരുവുവിളക്കുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ആവശ്യമായ വൈദ്യുതോർജ്ജം ലഭിക്കുന്നു. പക്ഷേ, ഈ വിതരണ ശൃംഖല കുറ്റമറ്റതല്ല. ചില സ്ഥലങ്ങളിൽ ആവശ്യത്തിനുവേണ്ട വോൾട്ടത ഉറപ്പാക്കാൻ വൈദ്യുതി ബോർഡിന് കഴിയുന്നില്ല. ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടുമില്ല. കൊയ്പള്ളിമല, തേക്കുവിളഭാഗം, ഏനാത്ത് തെക്കേക്കര, കുലശ്ശേരി, ഈട്ടിമൂട്, പാലേലികുഴി, കക്കാട്ടുകുഴി, നിരപ്പിൽമുക്ക്, ചാവരുപടി, കിടങ്ങിൽപടി, കാവുങ്കൽപടി, പട്ടരുകോണം, ലക്ഷംവീട്, പാറത്തോട് മുസ്ലീംപള്ളി, ചേർക്കാട്, കാടൻകുഴി, അരിയിനിക്കോണം, പനയ്ക്കമുരുപ്പ്, ചിരണിക്കൽ ലക്ഷംവീട് കോളനി, നെല്ലിക്കാമുരുപ്പ്, കമ്പംകോടുകോളനി, കുഴിക്കോട്ടുഭാഗം, മാങ്കൂട്ടം, കുതിരമുക്ക്, വയലാ പള്ളജംഗ്ഷൻ, വേണ്ടവിളപടി എന്നീ പ്രദേശങ്ങളിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥയും ചില സ്ഥലങ്ങളിൽ ബോർഡിന്റെ നിർദ്ദേശപ്രകാരമുള്ള പണം കെട്ടിവെക്കാൻ സ്ഥലവാസികൾക്ക് സാമ്പത്തികശേഷിയില്ലാത്തതുമാണ് വൈദ്യുതി എത്താത്തിന്റെ പ്രധാന കാരണങ്ങൾ.

എല്ലാ വാർഡുകളിലും തെരുവുവിളക്കുകൾ ഉണ്ട്. പക്ഷേ മിക്കപ്പോഴും അവ കത്താറില്ല. വൈദ്യുതി വകുപ്പിന്റെ ഒരു മേജർ സെക്ഷൻ ആഫീസും ഒരു ഓവർസിയർ ആഫീസും ഏഴംകുളം ഗ്രാമപഞ്ചായത്തിലുണ്ട്. കേരള സംസ്ഥാനത്ത് പൊതുവെ അനുഭവപ്പെടുന്ന വൈദ്യുതോർജ്ജ കമ്മി ഒരു പ്രതിസന്ധിതന്നെയാണ്. പവർകട്ട് ചെറുകിട വ്യവസായങ്ങളെയും കൃഷിയെയും ദോഷമായി ബാധിക്കുന്നുണ്ട്.

വൈദ്യുതി, പാചകവാതകം, മണ്ണെണ്ണ തുടങ്ങി പഞ്ചായത്തിന് യാതൊരു നിന്ത്രണവുമില്ലാത്ത ഊർജ്ജ മേഖലകൾ ഒഴിച്ചാൽ പിന്നീടുള്ളത് വിറക്, മൃഗങ്ങൾ എന്നിവയാണ്. വിറകിന് ക്ഷാമം ഇതുവരെയും അനുഭവപ്പെട്ടിട്ടില്ല. പക്ഷേ, രൂക്ഷവും നിയന്ത്രണമില്ലാത്തതുമായ മരംമുറിക്കൽ പ്രശ്നം സൃഷ്ടിക്കുകതന്നെ ചെയ്യും.

മൃഗോർജ്ജം കാർഷികമേഖലയിലും ചരക്ക് ഗതാഗതത്തിലും ഉപയോഗിക്കുന്നുണ്ട്. ഏതാണ്ട് എഴുപതോളം കാളകൾ ഈ പഞ്ചായത്തിലുണ്ട്. അതിൽ ബഹുഭൂരിപക്ഷത്തിനെയും നിലം ഉഴാൻ ഉപയോഗിക്കുന്നു. നാല് കാളവണ്ടികൾ ഈ പഞ്ചായത്തിലുണ്ട്. അവ ചരക്കു ഗതാഗതത്തിനായുപയോഗിക്കുന്നു. ഈ പഞ്ചായത്തിൽ ഏതാണ്ട് 44 പോത്തുകൾ ഉണ്ടെന്നാണ് കണക്ക്. അവയിൽ മിക്കതിനെയും നിലം ഉഴുന്നതിന് ഉപയോഗപ്പെടുത്തിവരുന്നു. ഈ പഞ്ചായത്തിൽ നിലം ഉഴുന്നതിന് ട്രാക്ടർ അത്ര പ്രചാരത്തിലായിട്ടില്ല. മിക്ക കർകരും കലപ്പതന്നെയാണ് ഉപയോഗിക്കുന്നത്. കൃഷിയിടങ്ങളിൽ വെള്ള തേവുന്നതിന് ചക്രമോ മറ്റുപകര

ണങ്ങളോ ഉപയോഗിക്കുന്നില്ല. നേരത്തേ എണ്ണയാട്ടുന്നതിന് ചക്കുണ്ടായിരുന്നു. ഇപ്പോൾ ചക്കുകൾ അപ്രത്യക്ഷമായിരിക്കുന്നു.

സോളാർ അടുപ്പുകൾ, ദക്ഷത കൂടിയ അടുപ്പുകൾ എന്നിവ പ്രചാരത്തിലുണ്ട്. ദക്ഷത കൂടിയ പരിഷത്തടുപ്പ് ഏതാണ്ട് മുന്നൂറോളം വീടുകളിൽ ഉണ്ട്. ഈ പഞ്ചായത്തിൽ നാല് സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വൈദ്യുതിയുടെ അപര്യാപ്തത, പവർകട്ട്, ലോഡ് ഷെഡ്ഡിംഗ്.
2. ഉള്ള വൈദ്യുതിക്ക് ചില പ്രദേശങ്ങളിൽ വോൾട്ടത ഇല്ല.
3. പല ഹരിജൻ കോളനികളിലും ലക്ഷംവീട് കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.
4. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്താനുണ്ട്.
5. ദുർബ്ബല വിഭാഗങ്ങൾക്ക് വീടുകൾ വൈദ്യുതീകരിക്കാൻ കഴിയുന്നില്ല.
6. പാചക വാതക വിതരണം കുറ്റമറ്റതല്ല. ആവശ്യത്തിന് കണക്ഷൻ ലഭിക്കുന്നില്ല.
7. മണ്ണെണ്ണയുടെ വിതരണവും കുറ്റമറ്റതല്ല.
8. ഭാവിയിൽ വിറകിന് ക്ഷാമം അനുഭവപ്പെടാനിടയുണ്ട്.

പരിഹാരമാർഗ്ഗങ്ങൾ

1. സംസ്ഥാനത്തിന്റെയും പഞ്ചായത്തിന്റെയും വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി ഇപ്പോൾ പണി ഇഴഞ്ഞുനീങ്ങുന്ന പത്തനംതിട്ടജില്ലയിലെ ജല വൈദ്യുതപദ്ധതികളായ കക്കാട്, അള്ളുങ്കൽ, കാരിക്കയം എന്നിവ ഉടനെ പൂർത്തീകരിക്കാൻ നടപടികൾ കൈക്കൊള്ളുക. പഞ്ചായത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കാൻ പറ്റിയ ജലസ്രോതസ്സോ അതിവേഗം വീശുന്ന കാറ്റോ ഇല്ല.
2. ഏനാത്ത് കേന്ദ്രമാക്കി ഒരു 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുക.
3. പത്തനംതിട്ടയിലുള്ള 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി. ആക്കുക.
4. അടൂരിൽ നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷനുകൾ 110 കെ.വി. ആക്കുക.
5. അടൂർ സബ്സ്റ്റേഷനിൽനിന്നും ഏനാത്തേക്ക് ഒരു സ്വതന്ത്ര ഫീഡർ സ്ഥാപിക്കുക.
6. നിലവിൽ അനുവാദം ലഭിച്ചിട്ടുള്ള വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ നടപ്പിലാക്കുക.
7. ലക്ഷം വീട് കോളനികൾ, ഹരിജൻ കോളനികൾ എന്നിവിടങ്ങളിലെ വീടുകൾ വയറിംഗ് ചെയ്യുക.
8. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എത്താൻ തടസ്സംനില്ക്കുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാരത്തിന് കൂട്ടായി ശ്രമിക്കുക.
9. ദുർബ്ബല വിഭാഗങ്ങൾക്ക് വീടുകൾ വൈദ്യുതീകരിക്കുന്നതിന് ധനസഹായം നല്കുക.
10. ഏഴംകുളം, ഏനാത്ത് കേന്ദ്രമാക്കി പുതിയ പാചക വാതക വിതരണ ഏജൻസികൾ ആരംഭിക്കുക.
11. വനവല്ക്കരണം വ്യാപിപ്പിക്കുക. മരങ്ങൾ വച്ചുപിടിപ്പിക്കുക.

വാർത്താവിനിമയരംഗം

വേണ്ടത്ര വാർത്താവിനിമയ സൗകര്യങ്ങൾ ഈ പ്രദേശത്തില്ല. ഒരു ടെലിഫോൺ എക്സ്ചേഞ്ച് മാത്രമാണുള്ളത്. ഈ പ്രദേശത്താകമാനം ഏതാണ്ട് 150 ടെലിഫോണുകളുണ്ട്. അടൂർ, ഏഴംകുളം, കുളക്കട എന്നീ ടെലിഫോൺ എക്സ്ചേഞ്ചുകളുടെ പരിധിയിലാണ് ഈ പഞ്ചായത്ത്. 5 പബ്ലിക് ടെലിഫോൺ ബൂത്തുകൾ ഏഴംകുളം, പട്ടാഴിമുക്ക്, ഏനാത്ത് എന്നീ പ്രദേശങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. ടെലിഫോണിന് അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ എണ്ണം വളരെയാണ്.

ഏഴംകുളം പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ യാതൊരുവിധ വാർത്താവിനിമയ സൗകര്യങ്ങളുമില്ല. അത്തരം പ്രദേശങ്ങളിലേക്ക് ടെലിഫോൺ ലൈൻ വലിക്കാനും ഏഴംകുളം എക്സ്ചേഞ്ച് വിപുലീകരിക്കാനും നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ (1996 നവംബർ)

1.	**നിലവിലുള്ള ഉപഭോക്താക്കൾ**		
		ഗാർഹികം	8,539
		വ്യാപാരം	1,366
		വ്യാവസായികം	121
		കാർഷികം	95
2.	**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**		
		Ordinary	450
		OTP	27
		OYEC	94
3.	**സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം**		
		ബൾബ്	490
		ട്യൂബ്	990
		മെർക്കുറി വേപ്പർ	1
		സോഡിയം വേപ്പർ	-
4.	**ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ**		
		മാട്ടുമുരുപ്പ്, കല്ലുംമുകൾ, പയറ്റുംവിള,	
5.	**വൈദ്യുതീകരിക്കാത്തത്**		
		കടുക്കാച്ചിറ, പനയ്ക്കമുരുപ്പ്	
6.	**തൻവർഷത്തെ കണക്ഷൻ**		
		ഓർഡിനറി	126
		OTP	15
		OYEC	163

7. **പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേരുകൾ**


ഏഴംകുളം	പ്ലാന്റേഷൻ	തൊടുവക്കാട്
തേപ്പുപാറ	കല്ലുംമുകൾ	പുതുമല
നെടുമൺ-1	നെടുമൺ-2	കിളിക്കോട്
വയലാ	തട്ടാരുപടി	ഏനാത്ത്
കളമല	ഇളങ്ങമംഗലം-1	ഇളങ്ങമംഗലം-2
കുതിരമുക്ക്	മാങ്കൂട്ടം	പടനിലം
പാലമുക്ക്.		

8. **സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക** 9,572 രൂപ മാത്രം.

B. ഗതാഗതം

ഒരു പ്രദേശത്തിന്റെ നാഡിഞരമ്പുകളാണ് ഗതാഗത മാർഗ്ഗങ്ങൾ. വാഹന ഗാതാഗതം, ചരക്കു ഗതാഗതം എന്നിവയ്ക്ക് പര്യാപ്തമായ മാർഗ്ഗങ്ങൾ ആ പ്രദേശത്തിന്റെ വികസനത്തെ ത്വരിതപ്പെടുത്തുന്നു. വികസനത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ ഗതാഗത മാർഗ്ഗത്തിന് ഒരു വലിയ സ്ഥാനമുണ്ട്.

ഗത്രാഗത മാർഗ്ഗങ്ങളുടെ കാര്യത്തിൽ – പ്രത്യേകിച്ച് റോഡ് – ഏഴംകുളം പഞ്ചായത്ത് പിറകിലല്ലെങ്കിലും വേണ്ടത്ര ഉണ്ടെന്ന് പറയാനും കഴിയില്ല. സ്റ്റേറ്റ് ഹൈവേയായ എം.സി. റോഡ് പഞ്ചായത്തിന്റെ ഒരു ഭാഗത്തുകൂടി കടന്നുപോകുന്നുണ്ട്. സ്റ്റേറ്റ് ഹൈവേയിലാണ് ഏനാത്ത് പട്ടണം സ്ഥിതിചെയ്യുന്നത്. മറ്റൊരു പ്രധാനപ്പെട്ട റോഡായ കായംകുളം–പുനലൂർ (കെ.പി.) റോഡ് പഞ്ചായത്തിന്റെ ആസ്ഥാനത്തുകൂടിയാണ് കടന്നുപോകുന്നത്. ഏഴംകുളം, പട്ടാഴിമുക്ക് എന്നീ സ്ഥലങ്ങൾ ഈ റോഡിലാണ്.



പ്രധാനപ്പെട്ടതും വർഷങ്ങൾ പഴക്കമുള്ളതുമായ ഈ റോഡുകൾ ഉണ്ടെങ്കിലും ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ ഏഴംകുളം അവഗണിക്കപ്പെട്ടുകിടക്കുകയാണ്. കായംകുളം–പുനലൂർ റെയിൽവേ ലൈൻ, തിരുവനന്തപുരം–ചെങ്ങന്നൂർ റെയിൽവേ ലൈൻ എന്നിവ നടപ്പിലാക്കാൻ നടപടിയെടുത്താൽ ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ ഏഴംകുളം പഞ്ചായത്തിന് ഒരു കുതിച്ചുചാട്ടം നടത്താൻ കഴിയുമായിരുന്നു. ഈ ലൈനുകളുടെ പണി നീണ്ടുപോകുന്നത് ഏഴംകുളത്തിന്റെ വികസനത്തെ ബാധിക്കുന്നുണ്ട്.

ജലഗതാഗത മാർഗ്ഗങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. ഏനാത്ത് കല്ലടയാറിന് അക്കരെയിക്കരെ കടക്കാൻ കടത്തുവള്ളം ഉപയോഗിക്കുന്നുണ്ട് എന്നതുമാത്രമാണ് ഈ രംഗത്തെടുത്തുപറയാൻ കഴിയുന്നത്.

ഇരുന്നൂറ്റി എഴുപത്തിയാറു കിലോമീറ്റർ റോഡാണ് ഈ പഞ്ചായത്തിൽ ആകെയുള്ളത്. അതിൽ 46 കിലോമീറ്റർ റോഡ് ടാറിട്ടതും ബാക്കി ടാറിടാത്തതുമാണ്. ആകെയുള്ളതിൽ 30 കിലോമീറ്റർ റോഡ് പി.ഡബ്ല്യു.ഡി. റോഡും ബാക്കി പഞ്ചായത്ത് റോഡുമാണ്. ഈ പഞ്ചായത്തിലുൾപ്പെടുന്ന എം.സി. റോഡിന്റെ നീളം ഏതാണ്ട് ഒരു കിലോമീറ്റർ മാത്രമാണ്. കെ.പി. റോഡ് രണ്ട് കിലോമീറ്ററോളം വരും. പത്തനംതിട്ട–ഏഴംകുളം റോഡ് രണ്ട് കിലോമീറ്റർ കടുന്നുപോകുന്നത് ഈ പഞ്ചായത്തിലൂടെയാണ്.

ഒന്നാം വാർഡിൽ ടാറിട്ട റോഡേ ഇല്ല. പതിനൊന്നാം വാർഡിൽ അര കലോമീറ്റർ ടാർ റോഡാണുള്ളത്. ഇനിയും വേണ്ടത്ര യാത്രാ സൗകര്യങ്ങളില്ലാത്ത പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഉള്ള റോഡുകൾതന്നെ ഗതാഗത യോഗ്യമല്ലാത്തതും ഒരു പ്രശ്നമാണ്.

ഈ പഞ്ചായത്തിലെ ആളുകൾ യാത്രയ്ക്ക് പ്രധാനമായും കെ.എസ്.ആർ.ടി.സി./സ്വകാര്യ ബസുകളെയാണ് ആശ്രയിക്കുന്നത്. കായംകുളം–പുനലൂർ, പത്തനംതിട്ട–കൊല്ലം, പത്തനംതിട്ട–അടൂർ, അടൂർ–കൊട്ടാരക്കര, കോട്ടയം–തിരുവനന്തപുരം തുടങ്ങിയ ഭാഗങ്ങളിലേക്കുള്ള ബസ്സുകൾ ഏഴംകുളം പഞ്ചായത്തിലൂടെയാണ് കടന്നുപോകു

ന്നത്. തിരുവനന്തപുരം-അങ്കമാലി എം.സി. റോഡിൽ കെ.എസ്.ആർ.ടി.സി.യാണ് സർവ്വീസ് നടത്തുന്നത്. ഏനാത്തുനിന്നും കൊട്ടാരക്കര, അടൂർ, മണ്ണടി, പട്ടാഴി, ഏഴംകുളം പ്രദേശങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി., സാധാരണ സർവ്വീസുകളും സ്വകാര്യ ബസുകളും ഉണ്ട്. ചില സമയത്ത് രൂക്ഷമായ യാത്രാക്ലേശം അനുഭവപ്പെടുന്നുണ്ട്. കെ.എസ്.ആർ.ടി.സി. സർവ്വീസ് കാര്യക്ഷമമല്ല.

കായംകുളം-പുനലൂർ റൂട്ടിൽ സർക്കാർ, സ്വകാര്യ ബസുകളുണ്ട്. പത്തനംതിട്ട-കൊല്ലം റൂട്ടിലും സ്ഥിതി അതാണ്. ഏഴംകുളം പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും യാത്രാക്ലേശം അനുഭവപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിൽ ഏഴംകുളം, പട്ടാഴി മുക്ക്, ഏനാത്ത് എന്നീ സ്റ്റാന്റുകളിലായി ഏതാണ്ട് 85ഓളം ഓട്ടോറിക്ഷകളും നൂറിപ്പത്തോളം കാറുകളുമുണ്ട്. ഏനാത്ത് സ്റ്റാന്റിലും മറ്റ് സ്വകാര്യവ്യക്തികളുടേതുമായി 65ഓളം ജീപ്പുകളുണ്ട്. മിനി ലോറികൾ ഏതാണ്ട് 12ഓളവും ടെമ്പോ 3 എണ്ണവും ലോറികൾ 20ഉം ഉണ്ട്. ഏതാണ്ട് 8 മിനി വാനുകളും 2 മിനി ബസുകളും 4 ടൂറിസ്റ്റ് വീഡിയോ കോച്ചുകളും 3 സർവ്വീസ് ബസുകളും ഈ പഞ്ചായത്തിലുണ്ട്. സ്വകാര്യ കാറുകളുടെ എണ്ണം ഏതാണ്ട് 60 ആണ്. ഇരുചക്ര മോട്ടോർ വാഹനങ്ങളുടെ എണ്ണം ഇരുനൂറോടടുത്തുവരും. അഞ്ഞൂറോളം സൈക്കിളുകളുണ്ട്. കാളവണ്ടികൾ രണ്ടെണ്ണമുണ്ട്. ട്രാക്ടർ 4 എണ്ണം. വാഹനങ്ങൾ ഇത്രയൊക്കെ ഉണ്ടെങ്കിലും ഇവയ്ക്ക് ഇന്ധനം ലഭിക്കുന്നതിന് ഒരു പെട്രോൾ ഡീസൽ പമ്പു മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഏനാത്താണ് പമ്പ് പ്രവർത്തിക്കുന്നത്.

ഏഴംകുളം പഞ്ചായത്ത് വാസികൾ ട്രെയിൻ യാത്രക്കായി ചെങ്ങന്നൂരൊ കായംകുളത്തോ പുനലൂരോ കൊട്ടാരക്കരയോ എത്തണം.

ചന്ത

ഏഴംകുളം ഗ്രാമപഞ്ചായത്തിൽ രണ്ട് ആഴ്ചച്ചന്തകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഏനാത്തേത് പഞ്ചായത്തു വകയും മറ്റേത് സ്വകാര്യവുമാണ്. കാർഷികപ്രധാനമായ പ്രദേശമാണെങ്കിലും ചന്തകൾ സജീവമല്ല. വലിയ വ്യാപാരമൊന്നും ഇവിടെ നടക്കുന്നില്ല. ചെറിയ തോതിൽ കൃഷി വിഭവങ്ങളും പച്ചക്കറിയും മത്സ്യവുമാണ് ഈ ചന്തകളിൽ കൈമാറ്റം ചെയ്യപ്പെടുന്നത്. ഏഴംകുളം പഞ്ചായത്തിനോടു തൊട്ടുകിടക്കുന്ന പ്രശസ്തമായ പറക്കോട്ട് ചന്തയിലേക്കാണ് ഈ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലെയും പ്രധാന കാർഷിക വിഭവങ്ങൾ ഒഴുകുന്നത്. കന്നുകാലി വില്പനച്ചന്തയും ഈ പഞ്ചായത്തിലില്ല. അതിനും പറക്കോടിനെയാണ് ആശ്രയിക്കുന്നത്. വയൽവാണിഭങ്ങളോ അതുപോലുള്ള പരിപാടികളോ ഈ പഞ്ചായത്തിലില്ല.

പ്രശ്നങ്ങൾ

1. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നില്ല.
2. എല്ലാ വാർഡിലെയും പഞ്ചായത്ത് റോഡുകളുടെ സ്ഥിതിയെപ്പറ്റി പരക്കെ ആക്ഷേപമുണ്ട്. ഗ്രാമസഭകളിൽ ഇക്കാര്യത്തിൽ വേണ്ടത്ര ചർച്ച നടന്നിട്ടുണ്ട് ഓരോ വാർഡിലെയും അടിയന്തിരശ്രദ്ധ വേണ്ട റോഡുകളുടെ പട്ടിക പഞ്ചായത്താഫീസിൽ സമർപ്പിച്ചിട്ടുണ്ട്.
3. പുതുതായി ധാരാളം റോഡുകൾ ആവശ്യമുണ്ട്. അവയുടെ ലിസ്റ്റ് പഞ്ചായത്ത് ആഫീസിൽ സമർപ്പിച്ചിട്ടുണ്ട്.
4. എല്ലാ പ്രദേശങ്ങളിലും വേണ്ടത്ര ഗതാഗത സൗകര്യങ്ങളില്ല. ചില പ്രദേശങ്ങളിൽ തീരെയില്ല. ഗതാഗത സൗകര്യങ്ങളുള്ള പ്രദേശങ്ങളിൽ ബസ് സർവീസുകൾ കാര്യക്ഷമമല്ല.
5. ഏഴംകുളം, ഏനാത്ത്, പട്ടാഴിമുക്ക് എന്നീ സ്റ്റാന്റുകളിൽ വേണ്ടത്ര പാർക്കിങ് സൗകര്യങ്ങളില്ല.

പരിഹാര മാർഗ്ഗങ്ങൾ

1. പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താൻ സംവിധാനം ഉണ്ടാകണം.

2. പഞ്ചായത്ത് റോഡുകളുടെ വാർഷിക അറ്റ കുറ്റപ്പണി അതതുപ്രദേശത്തെ ജനങ്ങളുടെ സഹകരണത്തോടെ സമയബന്ധിതമായി നടപ്പാക്കാൻ നടപടികളെടുക്കണം. ഇപ്പോൾ പഞ്ചായത്തു റോഡുകളുടെ അറ്റ കുറ്റപ്പണിക്ക് ധാരാളം പണം ചെലവാക്കുന്നുണ്ട്. പക്ഷേ അത് വേണ്ടത്ര ഫലപ്രദമാകുന്നില്ല. അതതു പ്രദേശത്തെ ജനങ്ങളുടെ ഇടപെടൽ ഉണ്ടെങ്കിൽ ഈ സ്ഥിതിക്ക് മാറ്റം വരും.
3. പല പഞ്ചായത്ത് റോഡുകളും പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്. അതിനുവേണ്ട നടപടികൾ കൈക്കൊള്ളണം.
4. ഏതെങ്കിലും പദ്ധതികളിൽപെടുത്തി പ്രധാനപ്പെട്ട പഞ്ചായത്ത് റോഡുകൾ ടാർ ചെയ്യാൻവേണ്ട നടപടികളെടുക്കണം.
5. പുതുതായിവേണ്ട റോഡുകളുടെ മുൻഗണന തീരുമാനിച്ച് അവ സമയബന്ധിതമായി നടപ്പാക്കണം.
6. ഗതാഗത സൗര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികളെടുക്കണം. ഒറ്റപ്പെട്ട സ്ഥലങ്ങളെ പ്രധാനകേന്ദ്രങ്ങളുമായി ബന്ധിപ്പിക്കാൻ ആ പ്രദേശങ്ങൾ വഴി ബസ് സർവീസ് ആരംഭിക്കുന്നതിനെപ്പറ്റി കെ.എസ്.ആർ.ടി.സി., സ്വകാര്യബസ് ഉടമകൾ എന്നിവരുമായി സംസാരിച്ച് ധാരണയുണ്ടാക്കണം.
7. ഇപ്പോൾ മുടങ്ങികിടക്കുന്ന ബസ് സർവീസുകൾ പുനരാരംഭിക്കാനും പുതിയ സർവീസുകൾ തുടങ്ങാനും നടപിടികൾ കൈക്കൊള്ളണം.
8. ഏനാത്ത്, ഏഴംകുളം, പട്ടാഴിമുക്ക് എന്നീ സ്ഥലങ്ങളിൽ ആട്ടോ, ടാക്സി സ്റ്റാന്റുകൾ ഉണ്ടാക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

സാദ്ധ്യതകൾ

റോഡ്

ഏഴംകുളം പഞ്ചായത്തിന്റെ സർവതോമുഖമായ വികസനത്തിന് ഗതാഗത സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്. റോഡ് ഗതാഗത സൗകര്യങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്താനുള്ള സാദ്ധ്യതകളുണ്ട്. തിരുവനന്തപുരത്തുനിന്നും കൊല്ലത്തുനിന്നും പത്തനംതിട്ട, റാന്നി, ശബരിമല തുടങ്ങിയ പ്രദേശങ്ങളിലെത്താനുള്ള എളുപ്പമാർഗ്ഗം എം.സി. റോഡിൽനിന്നും ഏനാത്തു വച്ചു തിരിഞ്ഞ് വയലാവഴി ഏഴംകുളത്തെത്തി പത്തനംതിട്ടയ്ക്കു പോകുന്നതാണ്. അതിനുവേണ്ടി ഏഴംകുളം ഏനാത്ത് റോഡ് വികസിപ്പിക്കണം. ശബരിമല സീസണിൽ അയ്യപ്പഭക്തർക്ക് ഈ വഴി പ്രയോജനപ്രദമായിരിക്കും. ഏനാത്ത് ഏഴംകുളം പത്തനംതിട്ട റോഡും ശബരിമല സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വേണ്ടത്ര വികസനം ഉണ്ടായിട്ടില്ല. ശബരിമല സ്കീമിലെ ഒരു പ്രധാന റോഡായി ഇതു മാറാൻവേണ്ട സമ്മർദ്ദം ചെലുത്തണം. ഏനാത്തു മണ്ണടി റോഡ്, ഏനാത്ത് പട്ടാഴിറോഡ്, മാങ്കൂട്ടം കൈതപ്പറമ്പ് റോഡ്, പാലമുക്ക് തേപ്പുപാറ റോഡ്, പട്ടാഴിമുക്ക് തേപ്പുപാറ റോഡ്, പട്ടാഴിമുക്ക് പട്ടാഴി റോഡ് എന്നിവ വികിസിപ്പിക്കാനും നടപടികൾ കൈക്കൊള്ളണം.

റെയിൽ

ചെങ്ങന്നൂർ – തിരുവനന്തപുരം, കായംകുളം – പുനലൂർ എന്നീ റെയിൽവേ ലൈനുകൾ പ്രാവർത്തികമായാൽ അത് ഏഴംകുളം പഞ്ചായത്തിന്റെ സർവ്വതോമുഖമായ വികസനത്തിന് ഇടയാക്കും. ചങ്ങന്നൂർ – തിരുവനന്തപുരം ലൈനിൽ ഏനാത്തും കായംകുളം – പുനലൂർ ലൈനിൽ ഏഴംകുളത്തും റെയിൽവേ സ്റ്റേഷനുകൾ ഉണ്ടാകണം. ഈ ലൈനുകളുടെ സർവ്വേ പൂർത്തീകരിക്കുന്നതിനും പണി ആരംഭിക്കുന്നതിനും വേണ്ട പ്രക്ഷോഭങ്ങൾ ഉയർന്നു വരണം.

കൊല്ലം – കൊട്ടാരക്കര – ഏനാത്ത് – പത്തനംതിട്ട – ശബരിമല റെയിൽവേ ലൈനിനുള്ള സാദ്ധ്യതയും പരിശോധിക്കപ്പെടേണ്ടതാണ്.

പഞ്ചായത്ത് റോഡുകൾ

വാർഡ് 1 – ഇളങ്ങമംഗലം

		നീളം	വീതി
1.	കണ്ണമത്ത് കടവ് – കളമല റോഡ്	3.00 KM	4.00 M
2.	കളമല മലങ്കാവ് ജംഗ്ഷൻ വഴി ഇടവഴിക്കടവ് റോഡ്	3.50 KM	4.50 M
3.	റീത്തുപള്ളി (മരോട്ടിമൂട്ടിൽ) പടി മുതൽ മാളിക ജംഗ്ഷൻ വഴി വെട്ടിയാറ്റുപടിവരെ	3.50 KM	4.50 M
4.	മുളയ്ക്കൽ പടി–പൂവണ്ണാൽപടി റോഡ്	2.00 KM	6.00 M
5.	കെ.എം.എസ്. കരയോഗ മന്ദിരം മുതൽ തുണ്ടത്തിൽപടി വരെയുള്ള റോഡ്	2.00 KM	4.00 M
6.	പൂവണ്ണാൽപടി മുതൽ കണ്ണമത്തു കടവുവരെ	3.00 KM	4.00 M
7.	കാരുവേലി പടി കാത്താട്ടുവിള ജംഗ്ഷൻ വഴി ഇടവഴിക്കടവ് റോഡ്	1.50 KM	4.50 M
8.	മലങ്കാവ് ജംഗ്ഷൻ മുതൽ കുഴിമണ്ണിൽപടി വഴി മുഴിക്കൽ കടവ് റോഡ്	1.50 KM	4.00 M
0.	തുണ്ടത്തിൽപടി മുതൽ ചെറുമണ്ണുകടവുവരെയുള്ള റോഡ്	0.50 KM	4.00 M
10.	മാമ്പിഴേത്തുപടി മുതൽ ചെറുമണ്ണുകടവുവരെയുള്ള റോഡ്	0.50 KM	4.00 M
11.	പുവത്താംകുഴി കുംഭമൺ ഏലാ റോഡ്	2.00 KM	4.00 M
12.	തട്ടാരേത്തുപടി – കുംഭമൺ ഏലാ റോഡ്	0.50 KM	4.00 M
13.	അമ്പല ജംഗ്ഷൻ മുതൽ കുംഭമൺ ഏലാ റോഡ്	0.50 KM	4.00 M
14.	തറയിലഴികത്ത് ജംഗ്ഷൻ മുതൽ പൊന്നിട്ടമുക്ക് വഴി കുംഭമൺ ഏലാ റോഡ്	0.50 KM	4.00 M
15.	റേഷൻകട ജംഗ്ഷൻ മുതൽ പനംകുന്നിൽ റോഡ്	0.50 KM	4.00 M
16.	വിളയിൽപടി കുംഭമൺ ഏലാ റോഡ്	0.75 KM	3.50 M
17.	വാഴവിളപ്പടി കുരോവിള ജംഗ്ഷൻ റോഡ്	1.00 KM	4.00 M
18.	തറയിലഴികത്ത്മുക്കു മുതൽ മുകളിൽ ചക്കാല ജംഗ്ഷൻ വരെയുള്ള റോഡ്	0.50 KM	4.00 M
19.	ലക്ഷം വീട് മുക്കുമുതൽ കുളത്തിൻകര പടിവരെ	1.00 KM	4.00 M
20.	തുമ്പോടുപടി – അയണിവേലിൽ ഏലാ റോഡ്	0.75 KM	3.50 M
21.	കാത്താട്ടുവിള – ഇടമുഴി ഏലാ റോഡ്	0.50 KM	3.50 M
22.	മാളികയിൽപടി – മങ്ങാട് മഠത്തിൽക്കടവ് റോഡ്	0.50 KM	4.00 M
23.	യാക്കോബാ പള്ളി മുതലൻ കൊയ്പ്പള്ളിമല റോഡ്	3.00 KM	5.00 M
24.	ചാലുവിളപ്പടി – പ്ലാംകുഴിപ്പടി – കല്ലിട്ടാംകുഴി ജംഗ്ഷൻ റോഡ്	0.75 KM	4.00 M
25.	വെൽഫെയർ സ്കൂൾ മുതൽ പടിഞ്ഞാറോട്ട് ഏലാവരെ (കരിപ്പാൽപടി വരെ)	1.00 KM	5.00 M
26.	കടുവാക്കുഴി ജംഗ്ഷൻ വഴി ടെമ്പിൾപടി പ്ലാക്കോട്ട് ജംഗ്ഷൻ റോഡ്	1.00 KM	4.00 M

വാർഡ് 2 – ഏനാത്ത്

1.	ബാലവാടി ജംഗ്ഷൻ – ചാലിൽ ഏലാ റോഡ്	0.50 KM	3.00 M
2.	വറവശ്ശേരിപ്പടി – കാഞ്ഞരവിളപ്പടി റോഡ്	0.25 KM	4.00 M
3.	പട്ടരുപടി – പട്ടുകുന്നിൽ ജംഗ്ഷൻ	0.50 KM	3.50 M
4.	കോടിയാട്ട് ജംഗ്ഷൻ – ഏനാത്ത് മാർക്കറ്റ് ജംഗ്ഷൻ	0.30 KM	4.50 M
5.	ഏനാത്ത് യു.പി.എസ്. ജംഗ്ഷൻ – എം.സി റോഡ്	0.25 KM	2.00 M
6.	ചുമടുതാങ്ങി ജംഗ്ഷൻ – ദേശക്കല്ലുംമൂട് ജംഗ്ഷൻ റോഡ്	3.00 KM	4.00 M
7.	മുസ്ലീം സ്ട്രീറ്റ് – ഇടഞ്ഞിപ്പടി ഏലാ റോഡ്	0.50 KM	2.50 M
8.	കീരത്തിൽ ജംഗ്ഷൻ – ദേശക്കല്ലുംമൂട് ജംഗ്ഷൻ	1.50 KM	4.00 M
9.	പള്ളിവടക്കേ ജംഗ്ഷൻ – ഇടപ്പഞ്ഞിപ്പടി ഏലാ റോഡ്	0.30 KM	3.50 M
10.	വലിയവിള ജംഗ്ഷൻ – പടനിലം മാർത്തോമ്മാ ചർച്ച് റോഡ്	0.75 KM	4.50 M
11.	ഇരുളംകുളഞ്ഞി ജംഗ്ഷൻ – ചുമടുതാങ്ങി ജംഗ്ഷൻ റോഡ്	1.50 KM	4.00 M
12.	കുനംപാലവിള ജംഗ്ഷൻ – ചീക്കക്കലുംപടി റോഡ്	0.75 KM	3.00 M

13.	മണ്ടച്ചൻപാറ വഴി അംബേദ്കർ ജംഗ്ഷൻ – എം.സി. റോഡ്	1.75 KM	5.00 M
14.	ഊരാളത്തിൽപടി – ഇരുളംകുളഞ്ഞി റോഡ്	1.20 KM	5.00 M
15.	തോട്ടത്തിൽപടി – മഠത്തിൽ കിഴക്കേതിൽപ്പടി റോഡ്	0.40 KM	4.00 M
16.	ചങ്ങഴിമുറ്റത്തുപടി – ഇരുളംകുളഞ്ഞി റോഡ്	0.40 KM	4.00 M
17.	ദേശക്കല്ലുംമൂട് – പട്ടരുപടി റോഡ്	1.50 KM	5.00 M
18.	പഴവൂർകാവ് – കല്ലുപാലം റോഡ്	0.35 KM	3.50 M
19.	കൂട്ടുംഗവിളപ്പടി – ചീക്കക്കല്ലിൽപടി റോഡ്	0.185 KM	3.50 M
20.	പ്ലാവിളയിൽപടി – കുഴിയിൽ ജംഗ്ഷൻ	0.250 KM	3.00 M

വാർഡ് 3 ഏനാത്ത് കിഴക്ക്

1.	കീരത്തിൽപ്പടി – എണ്ണശ്ശേരിമഠം റോഡ്	1 KM	4 M
2.	കാര്യാട്ടുപടി – പാലക്കുഴിപ്പടി റോഡ്	1 KM	5 M
3.	മഠത്തിൽപ്പടി – കാവനാൽപ്പടി റോഡ്	1 kM	8 M
4.	ഏനാത്ത് വെയിറ്റിംഗ് ഷെഡ് – ആറ്റുകടവ് റോഡ്	0.350 KM	5 M
5.	താവളത്തിൽപ്പടി – പോളച്ചിറവഴി – പുതുപ്പുരയ്ക്കൽപ്പടി റോഡ്	1 KM	4.25 M
6.	കാര്യാട്ടുപടി – താവളത്തുപടി റോഡ്	0.75 KM	3 M
7.	പാലക്കുന്നിൽപ്പടി – പയറ്റുംവിള റോഡ്	0.75 KM	4 M
8.	പാലക്കുന്നിൽപ്പടി – ഊരാളത്തിൽകടവുറോഡ്	0.400 KM	3 M
9.	ഏനാത്ത് സബ്രജിസ്ട്രാർ ജംഗ്ഷൻ – മല്ലശ്ശേരിപ്പടിവരെയുള്ള റോഡ്	0.75 KM	3 M
10.	കാഞ്ഞിരംവിളപ്പടി – കൊച്ചുതുണ്ടിൽപ്പടി റോഡ്	0.400 KM	3 M

വാർഡ് 4 കടിക

1.	കുരിശുംമ്മൂട് – പാറപ്പാട്ട് റോഡ്	0.900 KM	4 M
2.	തട്ടാരുപടി – തേമ്പാറപ്പള്ളി റോഡ്	2 KM	8 M
3.	ബാലവാടിപ്പടി – തോട്ടത്തിൽപ്പടിറോഡ്	1.5 KM	7.5 M
4.	വട്ടവിളപ്പടി – കാരൂർപ്പടിവരെയുള്ള റോഡ്	1 KM	3 M
5.	തോട്ടത്തിൽപ്പടി – അമ്മോണത്തുപടി റോഡ്	1 KM	6 M
6.	കൊട്ടാരംപടി – വയലാറോഡ്	1.25 KM	5 M
7.	അമ്പലമുക്ക് – ഓലിക്കുളങ്ങരറോഡ്	1.5 KM	3 M
8.	പാറയ്ക്കാട്ടുപടി – ഹിൽറോയ് – എസ്റ്റേറ്റ് റോഡ്	1.5 KM	4 M
9.	മാങ്കാലപ്പടി – വെള്ളാരംകുന്നു റോഡ്	3 KM	4 M
10.	മങ്ങാട്ടുകുഴിപ്പടി – തടവിളജംഗ്ഷൻ റോഡ്	1 KM	4 M
11.	തെങ്ങിൻതറ – പറയക്കുഴി റോഡ്	0.500 KM	5 M
12.	പാലക്കോട്ടുപടി – കടിക ഏലാറോഡ്	0.300 KM	5 M
13.	സി.എസ്.ഐ. ചർച്ച്പടി – തെങ്ങുംവിളപടി റോഡ്	0.300 KM	4 M
14.	ഗ്രീൻവില്ലാപ്പടി – തെങ്ങുംവിളപടി റോഡ്	0.350 KM	4 M
15.	കുഴിവിളപ്പടി – കടിക മാർത്തോമാപ്പള്ളി റോഡ്	1.200 KM	5 M

വാർഡ് 5 കൈതപ്പറമ്പ്

1.	നിരപ്പിൽമുക്ക് – മേസ്ത്രിമുക്ക് റോഡ്	0.250 KM	5 M
2.	പുവത്തിനാൽപ്പടി – പാലക്കോട്ട് ഏലാറോഡ്	0.150 KM	5 M
3.	മാങ്കൂട്ടം വെള്ളാരുംകുന്ന് കോളനി റോഡ്	2 KM	8 M
4.	ചാവരുപടി – കൈതപ്പറമ്പ് റോഡ്	1.75 KM	5 M
5.	പുലിക്കുഴി – കൈതപ്പറമ്പ് റോഡ്	1.250 KM	5 M
6.	കൈതപ്പറമ്പ് – തോട്ടുപാടൻമുക്ക് – മാമുക്ക് റോഡ്	1.250 KM	3 M
7.	മണ്ണിക്കരോട്ടുപടി – കളീലുവിളപ്പടി റോഡ്	0.500 KM	3 M
8.	മണ്ണിക്കരോട്ടുപടി – മുട്ടക്കാട് റോഡ്	0.300 KM	3 M
9.	ശ്രീനിലയംപടി – റീത്തുപള്ളിമുക്കുറോഡ്	0.400 KM	3 M
10.	കിടങ്ങിൽപടി – ഈട്ടിമൂട് റോഡ്	0.400 KM	3 M
11.	കരിക്കോട്ടുപടി – പുലിക്കുഴി – കോളനി റോഡ്	1 KM	3.5 M
12.	ഈട്ടിമൂട് ജംഗ്ഷൻ – പറമ്പുവയൽകാവ് റോഡ്	0.700 KM	4 M
13.	നിരപ്പിൽമുക്ക് – കക്കാട്ടുകുഴി കുളമാം പൊയ്ക റോഡ്	0.500 KM	3 M
14.	ഈട്ടിമൂട് – ഗവ. ഹൈസ്ക്കൂൾ റോഡ്	0.700 KM	3 M

15.	നിരപ്പുവിളപ്പടി – ഗവ. ഹൈസ്ക്കൂൾ റോഡ്	0.500 KM	3 M
16.	ഇളംശൂരനാട് – മഞ്ഞക്കുന്ന് റോഡ്	0.650 KM	5 M
17.	ഈട്ടിമൂട്ടിൽനിരപ്പിൽ – ഓണവിളപ്പടിറോഡ്	0.350 KM	3 M
18.	ഓണവിളപ്പടി – പോളച്ചിറയ്ക്കൽപടി റോഡ്	0.350 KM	3 M
19	കുലശ്ശേരി – സമിത്തേരി റോഡ്	0.250 KM	3 M
20.	കൈതപ്പറമ്പ് ജംഗ്ഷൻ – മണ്ണിക്കരോട്ടുപടി റോഡ്	1.100 KM	8 M
21.	വട്ടയത്തുനിരപ്പിൽ – ഗവ. ഹൈസ്ക്കൂൾ റോഡ്	0.550 KM	3.5 M
22.	പാലവിളപ്പടി – കോളച്ചിറപ്പടി റോഡ്	0.350 KM	3 M

വാർഡ് 6 നെടുമൺ

1.	കല്ലേത്തുജംഗ്ഷൻ – പറമ്പുവയൽ റോഡ്	0.800 KM	5 M
2.	തേവോട്ടുപടി – ഗവ. ഹൈസ്ക്കൂൾ കല്ലേത്തുതെക്കേജംഗ്ഷൻ റോഡ്	0.800 KM	5 M
3.	കല്ലേത്തുജംഗ്ഷൻ – കനകക്കുന്ന് റോഡ്	1.200 KM	8 M
4.	കിളിക്കോടുചുണ്ടമണ്ണിൽപ്പടി – പാലനിൽക്കുന്നതിൽപടി റോഡ്	1.200 KM	7 M
5.	കളത്രാപ്പടി – മങ്കോട്ടുപടി – മുരുപ്പുലക്ഷംവീട്കോളനി റോഡ്	1.100 KM	7 M
6.	വരവണ്ണൂർപ്പടി – പറമ്പുവയൽക്കാവ് കല്ലേത്തു റോഡ്	1.600 KM	4 M
7.	നെടുമൺ എൽ.പി.എസ്സ്. ജംഗ്ഷൻ – തുരുത്തിമഠത്തിൽപ്പടി – പ്ലാന്റേഷൻ ജംഗ്ഷൻ റോഡ്	0.25 KM	3 M
8.	ചാത്തവിളപ്പടി – ഇടിഞ്ഞുകുഴിപ്പടി റോഡ്	0.600 KM	3 M
9.	കല്ലുവിളപ്പടി – കിളിക്കോട്ടു റോഡ്	1.100 KM	5 M
10.	കല്ലേത്തുവടക്കേജംഗ്ഷൻ – ഒൻപത് ഏക്കർ റോഡ്	1.200 KM	5 M
11.	നെടുമൺ യു.പി.എസ്സ്. പടിയ്ക്കമുരുപ്പ് റോഡ്	0.500 KM	3 M
12.	തെങ്ങിൻപടി – കാരയ്ക്കാട്ടുപടി റോഡ്	0.200 KM	3.5 M
13.	ആനാംകോട്ടുപടി –പറയന്റയ്യത്തുപടി റോഡ്	0.600 KM	3 M
14.	മാമുക്ക് – ഇടന്തപ്പടി കൃഷ്ണവിലാസം എസ്റ്റേറ്റ് റോഡ്	0.300 KM	4 M
15.	മാങ്കോട്ടു മുരുപ്പുപാറയിൽപടി മുരുപ്പേൽ വടക്കേവലപ്പടി റോഡ്	0.700 KM	4 M
16.	കുവരംപറമ്പിൽപടി – ചരുവിൽപ്പടി ഏലാറോഡ്	0.300 KM	3 M
17.	നെടുമൺ L.P.S. കാഞ്ഞിരപ്പള്ളി വയൽവരവണ്ണൂർ റോഡ്	1.400 KM	3 M
18.	കിടങ്ങിൽപ്പടി – കാഞ്ഞിരപ്പള്ളി ഏലാവരെയുള്ള റോഡ്	1.250 KM	8 M
19.	വലുതുണ്ടിൽപള്ളിമുതൽ ചരുവിൽ പടിവരെയുള്ള റോഡ്	0.900 KM	4 M
20.	ഇളംശൂരനാട്ടുമുതൽ തേക്കുംവണ്ണം വരെയുള്ള റോഡ്	1.500 KM	6 M

വാർഡ് 7 ഏഴംകുളം തെക്ക്

1.	മുരുകൻകുന്ന് – തൊടുവക്കാട്റോഡ്	1 KM	5 M
2.	ലക്ഷംവീട് – തൊടുവക്കാട് റീത്തുപള്ളിറോഡ്	1.500 KM	5 M
3.	ലക്ഷംവീട് – തൊടുവക്കാട് യാക്കോബാപ്പള്ളി റോഡ്	1.500 KM	4 M
4.	തൊടുവക്കാട് – റീത്തുപള്ളി അവഞ്ഞിയിൽ കിഴക്കേക്കര റോഡ്	1 KM	3.5 M
5.	പട്ടരുകോണം – അവഞ്ഞിയിൽ പടിഞ്ഞാറെക്കര റോഡ്	0.400 KM	3 M
6.	ചരുവിളപ്പടി – അയണിയ്ക്കാമുകൾ റോഡ്	1 KM	3.5 M
7.	ആശാരിയയ്യത്തുപടി – അയണിയ്ക്കാമുകൾ റോഡ്	0.700 KM	3.5 M
8.	ഏഴംകുളം മുസ്ലീംപള്ളിക്കാവുംകുളം റോഡ്	0.900 KM	5 M
9.	മുസ്ലീപള്ളി – കാഞ്ഞിരവിളപ്പടി റോഡ്	1KM	3.5 M
10.	മുസ്ലീംപള്ളി – വിളയിൽപ്പടിവഴി പ്ലാന്റേഷൻ ജംഗ്ഷൻ റോഡ്	0.600 KM	3 M
11.	പട്ടാഴിമുക്ക് – കുഴിവിളതോണ്ടലിൽപടി കാഞ്ഞിരവിളപ്പടി റോഡ്	1.500 KM	3 M
12.	കുഴിവിളപ്പടി – വാഴവിളപ്പടി – കാഞ്ഞിരവിളപ്പടി റോഡ്	1.250 KM	3 M
13.	മുളമൂട്ടിൽപ്പടി – കല്ലുംപുറത്തുപടി റോഡ്	0.400 KM	3.5 M
14.	അയണിക്കാമുകൾ – കൊച്ചിരോട്ടുപടി റോഡ്	0.400 KM	3 M
15.	വിളയിൽപ്പടി – ഒറ്റപ്ലാവിളയിൽപ്പടി റോഡ്	0.350 KM	3 M
16.	പനവിളലക്ഷംവീട് റോഡ്	0.400 KM	3 M
17.	വാറുവിൽപ്പടി – കനാൽ റോഡ്	0.250 KM	3 M
18.	തോട്ടംമുക്ക് – കിഴക്കേക്കര റോഡ്	1 KM	6 M
19.	മുസ്ലീംപള്ളി പ്ലാന്റേഷൻ ജംഗ്ഷൻ റോഡ്	0.750 KM	

20.	M.S.C.L.P. സ്ക്കൂൾ ജംഗ്ഷൻ ചരുവിളപ്പടി മുതൽ ചരുവിള രാമൻപടിവരെയുള്ള റോഡ്	1.100 KM	3 M

വാർഡ് 8 ഏഴംകുളം കിഴക്ക്.

1.	കാടംകുഴി ജംഗ്ഷൻ – കല്ലറയ്ക്കൽപടി റോഡ്	1 KM	2.8 M
2.	മുക്കുഴിപ്പടി – കാടംകുഴിറോഡ്	1 KM	2.8 M
3.	പുന്നമൂട്ടിൽപടി ഓലിയ്ക്കൽ ജംഗ്ഷൻ കല്യാണിക്കൽ റോഡ്	1.250 KM	5.5 M
4.	ദർഭക്കുഴി – കാവാടി ജംഗ്ഷൻ റോഡ്	1.750 KM	6 M
5.	അരിയിനിക്കോണം – 18 ഏക്കർ റോഡ്	0.750 KM	4 M
6.	ഉഷസ്പടി – മറ്റത്തുപടി റോഡ്	1.250 KM	4.5 M
7.	തൊടുവക്കാട് ചർച്ച് – പാറയിൽപടി റോഡ്	2 KM	4 M
8.	വെട്ടൂർമുക്ക് – കാവാടിമുക്ക് റോഡ്	0.800 KM	6 M
9.	തൊടുവക്കാട് – ചാമക്കാലവഴി പാറയിൽ റോഡ്	1 KM	6 M
10.	പാറയിൽപ്പടി – വെള്ളപ്പാര മുരുപ്പ് റോഡ്	1 KM	6 M
11.	മൂലഭാഗം – നെല്ലിമൂട്ടിൽപ്പടി റോഡ്	0.500 KM	6 M
12.	ചാവക്കാലാപടി – നെല്ലിമൂട്ടിൽപ്പടി റോഡ്	0.700 KM	5 M
13.	ഓലിയ്ക്കൽ മുക്കുഴിയ്ക്കൽ ജംഗ്ഷൻ റോഡ്	1.500 KM	4.5 M
14.	പരപ്പന്നൂർ – പുന്നമൂട് റോഡ്	0.900 KM	5 M
15.	ശിപായിതോട് – വെള്ളപ്പാറമുരുപ്പ് റോഡ്	0.500 KM	4 M
16.	നിരപ്പിൽപ്പടി – തങ്കവിലാസം റോഡ്	0.500 KM	5 M
17.	മുക്കുഴിയ്ക്കൽ – 18 ഏക്കർ റോഡ്	1.500 KM	4 M

വാർഡ് 9 ഏഴംകുളം വടക്ക്

1.	കുളഞ്ഞിവേലിമഠംപടി – തെങ്ങുവിളപടി – വല്യാംകുളംപടി റോഡ്	1.500 KM	5 M
2.	കുംഭങ്കോട്ടുപടി – പുത്തൻമഠത്തിൽപടി – കുറ്റിയിൽപ്പടി റോഡ്	1.750 KM	4 M
3.	ഏഴംകുളം ഗവ: L.P.S. റോഡ് ചെങ്കള്ളിൽപ്പടിവഴി റൂബി ഭവൻപടി റോഡ്	1.300 KM	4 M
4.	പൊൻപുഴയിൽപടി – കേശവത്തുപടി – വല്യാംകുളം ഏലാറോഡ്	0.400 KM	3 M
5.	ഏഴംകുളം ദേവീക്ഷേത്രംപടി – വിൽജംഗ്ഷൻ – ആപ്പാട്ട്പടി റോഡ്	1 KM	5 M
6.	ഏഴംകുളം L.P.S. ചിറക്കരോട്ട്പടി – തറമേൽ റോഡ്	0.600 KM	4 M
7.	തറയിലയ്യത്തുപടി – കളീയ്ക്കൽപടി റോഡ്	0.500 KM	3 M
8.	ആദിക്കാട്ടേത്തുപടി – പാലമുറ്റത്തുപടി റോഡ്	0.300 KM	3 M
9.	കിഴക്കേമഠംപടി – വട്ടയ്ക്കാട്ടുപടി റോഡ്	0.300 KM	3 M
10.	ശാസ്താമഠംപടി – പാറയിൽപടി റോഡ്	1 KM	6 M
11.	വടക്കേക്കരപ്പടി – കിപ്പേരിൽപടി റോഡ്	0.500 KM	4 M
12.	കാവിളയിൽപ്പടി – പ്ലാങ്കുഴിപ്പടി റോഡ്.	0.750 KM	4 M
13.	വടക്കേക്കരപ്പടി – പാറയിൽപടി റോഡ്	1 KM	5 M
14.	പുതുമല ജംഗ്ഷൻ – കരിനിലക്കുഴി ഏലാറോഡ്	0.750 KM	8 M
15.	കരിനിലക്കുഴി – പ്ലാങ്കുഴി റോഡ്	1.500 KM	8 M
16.	ഇളംപ്ലാവിൽപടി – നാറാണത്ത്പടി റോഡ്	0.300 KM	3 M
17.	ചാങ്ങയിൽ തുണ്ടുപടി – ചക്കിനാട്ടുപടി തറയ്യിലയ്യത്തുപേങ്ങാട്ടുകിഴക്ക് ഏലാ റോഡ്	0.600 KM	4 M
18.	ആദിക്കാട്ടുപടി – വെള്ളാരംകുന്ന് ഹരിജൻകോളനി തേപ്പുപാററോഡ്	0.550 KM	4.5 M
19.	വാളാക്കോട്ടുപടി – പനയ്ക്കമുരുപ്പ് പുത്തൻവിളപടി ഹരിജൻകോളനി റോഡ്	1.500 KM	5 M
20.	കുളത്തിന്റെമേലേതിൽപടി – കാഞ്ഞിരവിളപുതുവല റോഡ്	1 KM	5 M
21.	വട്ടത്തുന്നിൽപ്പടി – വല്യത്തുപടി റോഡ്	1 KM	5 M
22.	പുതുമല – മുകളുവിളപ്പടി റോഡ്	1 KM	5 M
23.	കാഞ്ഞിരവിളപ്പടി – കൊച്ചുവിളപ്പടി റോഡ്	0.550 KM	5 M
24.	വടകോട്ടുപടി – ഇടക്കുന്നിൽപടിഞ്ഞാറ് ഏലാറോഡ്	0.500 KM	4 M
25.	എംബ്രോഭവനം – പുത്തൻവിളപടി റോഡ്	1 KM	5 M
26.	എബനേസർപടി – പനയ്ക്കമുരുപ്പ് കോളനിറോഡ്	0.500 KM	3.5 M
27.	വടക്കേവിളപ്പടി – പന്ക്കമുരുപ്പ് കോളനി റോഡ്	0.500 KM	3.5 M
28.	കോട്ടക്കുഴിപ്പടി – വട്ടമുരുപ്പ്റോഡ്	0.500 KM	3.5 M
29.	തറയിൽപ്പടി – കുളവയൽ റോഡ്	0.300 KM	5 M
30.	നെല്ലിവിളപ്പടി – പ്ലാംകുഴി ചിരണിയ്ക്കൽ ലക്ഷംവീട് റോഡ്	0.800 KM	3 M



31.	വല്യാംകുളംപടി – പാറയിൽപടി – മുക്കുഴിയ്ക്കൽ റോഡ്	2 KM	5 M
32.	താന്നിയ്ക്കൽപ്പടി – പുളിമുട്ടിൽപടി റോഡ്	0.500 KM	4 M
33.	കുറ്റിവിളയിൽപ്പടി – കോയിക്കലേത്തുപടി റോഡ്	0.500 KM	3 M
34.	ഏഴംകുളം ഭഗവതിവിലാസം കരയോഗകെട്ടിടംപടി – കോടത്തുപടിഞ്ഞാറേതിൽപടി കുറ്റിക്കാട്ടേത്തുപടി റോഡ്	0.800 KM	4 M
35.	പൊൻപുഴകിഴക്കേതിൽപ്പടി – നെല്ലിലഴികത്തുപടി – അയണിവേലിമഠംപടി റോഡ്	0.400 KM	3 M

വാർഡ് 10 അറുകാലിക്കൽ കിഴക്ക്.

1.	മാങ്കൂട്ടം താട്ടുപാറയ്ക്കൽ റോഡ്	1 KM	4.5 M
2.	അയണിവിളപ്പടി – കാഞ്ഞിരപ്പള്ളി ഏലാറോഡ്	0.600 KM	5 M
3.	ജയമന്ദിരം –നെടുമൺ L.P.S. റോഡ്	1.500 KM	5 M
4.	കിണറുവിളപ്പടി – ഏഴംകുളം പോസ്റ്റാഫീസ്പടി റോഡ്	1 KM	4 M
5.	തോണ്ടലിൽപടി – കല്ലേത്തുപടിറോഡ്	0.500 KM	5 M
6.	മാങ്കൂട്ടം ജംഗ്ഷൻ – ചിറവയൽപടി റോഡ്	0.500 KM	4 M
7.	മുട്ടത്തുപടി – കുലശ്ശേരിപ്പടി റോഡ്	1.500 KM	8 M
8.	എലിത്തിട്ടപ്പടി – കിടങ്ങിൽപടി റോഡ്	1 KM	5 M
9.	ഉടയാംവിളപ്പടി – കിടങ്ങിൽപ്പടി റോഡ്	0.750 KM	5 M
10.	മാങ്കൂട്ടം ജംഗ്ഷൻ – കോട്ടമുകൾപടി റോഡ്	0.300 KM	5 M
11.	അഴകത്തുപടി – കുഴിക്കോട്ട് റോഡ്	0.400 KM	4.5 M
12.	കെട്ടുങ്ങൽപ്പടി – കിടങ്ങിൽപ്പടി റോഡ്	0.800 KM	3.5 M
13.	ആലുംമൂട്ടിൽപ്പടി – കുവരംപറമ്പിൽപ്പടി റോഡ്	0.300 KM	3 M
14.	കലതിവിളപ്പടി – വണ്ടന്നൂർ കിഴക്കേതിൽപ്പടി റോഡ്	0.750 KM	4 M
15.	മുട്ടത്തുപടി – കനാൽപാലം റോഡ്	0.500 KM	4 M
16.	അപ്പച്ചേത്തുപടി – തട്ടാരഴികത്തുപടി റോഡ്	0.750 KM	4 M
17.	മാങ്കൂട്ടം – കൈതപ്പറമ്പ് തട്ടാരുപടി റോഡിൽ ആരംഭത്തിൽ അംഗൻവാടി ഭാഗത്തുള്ള റോഡ്	0.750KM	4 M

വാർഡ് 11 അറുകാലിക്കൽ പടിഞ്ഞാറ്.

1.	മുളയ്ക്കൽപടി – കനാൽപാലം റോഡ്	0.350 KM	5 M
2.	മുളയ്ക്കൽപടി – പെരുവായ്ക്കാട്ടുപടി റോഡ്	1.500 KM	2.5 M
3.	വലിയതോട്ടപാലം – കുളഞ്ഞിയിൽപടി റോഡ്	2 KM	6 M
4.	കുളഞ്ഞിയിൽപടി – പുത്തൻവിളപടി റോഡ്	1.500 KM	7 M
5.	മാങ്കൂട്ടം ജംഗ്ഷൻ – കുതിരമുക്ക് റോഡ്	3 KM	8 M
6.	കുതിരമുക്ക് – ഉടയാൻകാവപടി റോഡ്	1.500 KM	8 M
7.	കുതിരമുക്ക് – വേങ്ങവിളപടി റോഡ്	2 KM	8 M
8.	ഉടയാൻകാവ് – കൊയ്പ്പള്ളിക്കുഴിപടി റോഡ്	1.500 KM	8 M
9.	കളീയ്ക്കൽപടിപാലം – കുതിരമുക്ക് റോഡ്	2.00 KM	8 M
10.	ഗുരുമന്ദിരം ജംഗ്ഷൻ – മുകളുവിളപടി റോഡ്	1.250KM	6 M
11.	കനാൽപടി – കുതിരമുക്ക് റോഡ്	2 KM	6 M
12.	കുതിരമുക്ക് – പാലക്കോട്ടുപടി റോഡ്	1 KM	6 M
13.	മുട്ടത്തുപടി – മാളികകീഴിൽപടി റോഡ്	1.500 KM	6 M
14.	വാകയിൽപ്പടി – കുഴിഞ്ഞയ്യത്തുപടി റോഡ്	1 KM	3 M
15.	ചാമക്കച്ചിപ്പടി – കുഴിഞ്ഞയ്യത്തുപടി റോഡ്	1KM	3 M
16.	നെടിയത്തുപടി – കല്ലേത്തുകുളം റോഡ്	0.500 KM	4 M
17.	തെക്കുംചേരിപ്പടി – ഏലാറോഡ്	0.500 KM	6 M
18.	കളീയ്ക്കൽപ്പടി – ആലുവിളപ്പടി റോഡ്	1.500 KM	4 M
19.	ചക്കാലയിൽപ്പടി – കുളഞ്ഞിയിൽപ്പടി റോഡ്	2 KM	4 M
20.	മേലൂട്ടുപടി – കൊട്ടത്തൂർപടി റോഡ്	1.500 KM	4 M
21.	ആലുവിളപ്പടി – കുടുക്കച്ചിറ H.D.P. കോളനി റോഡ്	2 KM	6 M
22.	കൊട്ടത്തൂർപ്പടി – കുടുക്കച്ചിറ ഏലാറോഡ്	0.500 KM	3 M
23.	കുതിരമുക്ക് – പുത്തൻവീട്ടിൽപ്പടി റോഡ്	750 KM	4 M
24.	വയലാ കുരിശിൻമൂട് – മൂലയിൽപ്പടി റോഡ്	4 KM	8 M

25.	വേലൂട്ടുവിളപ്പടി – വള്ളിവിളപ്പടി റോഡ്	1 KM	8 M
26.	ചാവക്കച്ചിപ്പടി – കുതിരമുക്ക് റോഡ്	1.500 KM	6 M
27.	വേലൻപടി – തെക്കേമൊളികക്കീഴിൽപ്പടി	1 KM	6 M
28.	അഴകത്തുപടി – ഏലാപ്പടി	0.500 KM	4 M
29.	വേങ്ങവിളപ്പടി – I.H.D.P. കോളനി റോഡ്	1.500 KM	4 M
30.	ഈഴക്കോട്ടുചിറ – അയത്തിൽപ്പടി റോഡ്	1.500 KM	4 M
31.	I.H.D.P. കോളനിപ്പടി – പൂപ്പൻപാറവിള റോഡ്	1.500KM	4 M
32.	കളീയ്ക്കൽപ്പടി – മാളികക്കീഴിൽപ്പടി റോഡ്	0.500 KM	5 M


വാർഡ് 12 അറുകാലിക്കൽ പടിഞ്ഞാറ്

1.	മുളവനത്തുണ്ടിൽപ്പടി – വടകോട്ട് ഏലാവരെയുള്ള റോഡ്	0.350 KM	4 M
2.	നെടുമ്പിലക്കിഴക്കേ റോഡ് ഇടവഴിറോഡ്	0.300 KM	3 M
3.	വടശ്ശേരിപ്പടിമുതൽ വടക്കോട്ട് ഏലാവരെയുള്ള കോളനിറോഡ്	0.400 KM	4 M
4.	തട്ടയ്ക്കാട്ടുപടി മുതൽ കോടിയാട്ടുപടിവരെയുള്ള റോഡ്	0.300 KM	5 M
5.	വട്ടവിളപ്പടിമുതൽ കിഴക്കോട്ട് ഏലാവരെയുള്ള റോഡ്	0.300 KM	5 M
6.	പൂഴിക്കാടു ജംഗ്ഷൻ കോട്ടമുകൾ M.K.P. ജംഗ്ഷൻവരെയുള്ള റോഡ്	1.750 KM	5 M
7.	തട്ടയ്ക്കാട്ടുപടി – കോട്ടമുകൾ ജംഗ്ഷൻ റോഡ്	1 KM	5 M
8.	മംഗലേരിപ്പടി ഏലാമുതൽ കായംകുളം പുനലൂർ റോഡുവരെ	1.250 KM	4 M
9.	തൊണുങ്ങാട്ടുപടിമുതൽ കല്ലുപാലംവരെയുള്ള റോഡ്	1 KM	4 M
10.	കോടിയാട്ടുപടിഞ്ഞാറുമുക്കുമുതൽ കല്ലുപാലംവരെയുള്ള റോഡ്	0.300 KM	4 M
11.	തിരുവിനേത്തുമുക്കുമുതൽ പാലക്കോട്ടുപടിവരെയുള്ള റോഡ്	0.200 KM	4 M
12.	കൊച്ചുതുണ്ടിൽപ്പടിമുതൽ തെക്കേ ഏലാവരെയുള്ള റോഡ്	0.250 KM	4 M
13.	അമ്മൻകോവിൽപ്പടി മുതൽ വിളയിൽ കിഴക്കേമുക്കുവരെയുള്ള റോഡ്	0.250 KM	4 M
14.	ചാലമൂലയിൽപ്പടി മതൽ കിഴക്കേ ഏലാവരെയുള്ള റോഡ്	0.300 KM	3.5 M
15.	മുടിയിൽകുന്നിൽമുക്കുമുതൽ പനയ്ക്കൽചിറ ഏലവരെയുള്ള റോഡ്	0.250 KM	3.5 M
16.	കോളൂർജംഗ്ഷൻ തെക്കോട്ട് പൊടിവിളയിൽ പഞ്ചായത്തുകിണർവരെയുള്ള റോഡ്	0.750 KM	4 M
17.	തെക്കൻചേരിപടി – പാലക്കോട്ടുപടി കനാൽ പുരയിടം റോഡ്	0.600 KM	4.5 M
18.	തിരുമനവീട്ടിൽപടിമുതൽ കൂവക്കോട് ജംഗ്ഷൻവരെയുള്ള റോഡ്	0.500 KM	4.5 M
19.	വിളയിൽ കിഴക്കേ ജംഗ്ഷൻ (കോവളമന്ദിരംപടി) മുതൽ വടക്കോട്ട് പുത്തൻപുരം കിഴക്കേ ജംഗ്ഷൻവരെയുള്ള റോഡ്	0.300 KM	3.5 M
20.	തിരുവിനേത്ത് ബിജുനിവാസ്പടിമുതൽ കിഴക്കോട്ട് ഷിബു നിവാസ്പടിവരെയുള്ള റോഡ്	0.200 KM	3.5 M
21.	ശങ്കരവിലാസംപടിമുതൽ വടക്കോട്ട് അലക്സ് വിളപടിവരെയുള്ള റോഡ്	0.300 KM	3 M
22.	നിരവിൽ വടക്കേപടിമുതൽ കിഴക്കോട്ട് കോട്ടമുകൾ ജംഗ്ഷൻവരെയുള്ള ഇടവഴി റോഡ്	0.200 KM	2 M
23.	നെടുംപാലപടിമുതൽ വടക്കോട്ട് വിലതുണ്ടിൽ തെക്കേജംഗ്ഷൻ വരെയുള്ള റോഡ്	0.150 KM	2 M
24.	കളീലിൽപടിമുതൽ കിഴക്കോട്ട് ആശാരിഅയ്യത്ത്പടിഏലാവരെയുള്ള റോഡ്	0.350 KM	3 M
25.	വേളൂർകാവ്മുതൽ കിഴക്കോട്ട് ഏലാവരെയുള്ള റോഡ്	0.150 KM	3 M
26.	മുകളുവിളപടിമുതൽ പടിഞ്ഞാറോട്ട് കോളൂർജംഗ്ഷൻവരെയുള്ള റോഡ്	0.300 KM	4 M
27.	പനയ്ക്കൽച്ചിറ ഏലാമുതൽ സക്കീർഹുസൈൻ നഗർവരെയുള്ള റോഡ്	0.150 KM	3 M
28.	വയലയ്യത്തുമുക്കുമുതൽ കിഴക്കോട്ട് കാപ്പിൽ ഏലാവരെയുള്ള റോഡ്	0.100 KM	3 M
29.	കളീലിൽ ജംഗ്ഷൻമുതൽ പടിഞ്ഞാറോട്ട് നെടുംപാലവരെയുള്ള വഴി റോഡ്	0.100 KM	2 M
30.	കുളത്തിൻതറജംഗ്ഷൻമുതൽ തെക്കോട്ടിളപടിവരെയുള്ള റോഡ്	0.150 KM	3 M
31.	വിളയിൽതോക്കേതിൽ ജംഗ്ഷൻമുതൽ തെക്കോട്ട് വട്ടവിളപടി വരെയുള്ള റോഡ്	0.150 KM	3 M
32.	തോന്നയ്ക്കൽ കനാൽറോഡുമുതൽ വടക്കോട്ട് കോടിയാട്ടുപടിവരെയുള്ള റോഡ്	50 M	4 M
33.	തെക്കൻചേരിപ്പടിമുതൽ കിഴക്കോട്ടു പാലക്കോട്ടുവരെയുള്ള റോഡ്	50 M	3 M
34.	കോളൂർപടിമുതൽ പാലക്കോട്ടു ജംഗ്ഷൻവരെയുള്ള റോഡ്	700 M	4 M
35.	മെതിയിൽപ്പടിമുതൽ കോളൂർ ഏലാരെയുള്ള റോഡ്	100 M	3 M
36.	പാലക്കോട്ട് ജംഗ്ഷൻമുതൽ കോളൂർ ജംഗ്ഷൻ കനാൽപാലംവരെയുള്ള റോഡ്	150 M	4 M


C. പാർപ്പിടം

മനുഷ്യന്റെ സാമൂഹ്യ സുരക്ഷയുടെ ഒരു പ്രധാന മാനദണ്ഡമാണ് പാർപ്പിടം. പണ്ട് ചെറിയൊരു ന്യൂനപക്ഷത്തിനു മാത്രമേ മെച്ചപ്പെട്ട പാർപ്പിടങ്ങൾ ഉണ്ടായിരുന്നുള്ളു. ഇന്ന് ആ സ്ഥിതിക്ക് പൊതുവേ മാറ്റം വന്നിട്ടുണ്ട്. അതോടൊപ്പം പാർപ്പിട സങ്കൽപ്പത്തിനും മാറ്റം വന്നിരിക്കുന്നു.

1957ലെ സർക്കാർ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണം മൂലമാണ് ഇടത്തരം [illegible] കർഷകർക്കും അവശജനവിഭാഗങ്ങൾക്കും ഭൂമിയിൽ അവകാശം കിട്ടിയത്. പാർപ്പിടങ്ങളും പാർപ്പിട സൗകര്യങ്ങളും ഉയർന്നുവരുന്നതിൽ ഈ [illegible] പടി വിയ പങ്കുവഹിച്ചിട്ടുണ്ട്.



1979നു ശേഷമുണ്ടായ ഗൾഫ് പണത്തിന്റെ വരവ് ഏറ്റവും കൂടുതൽ പ്രതിഫലിച്ചു കാണുന്നത് പാർപ്പിടമേഖലയിലാണ്. ഏഴംകുളം പഞ്ചായത്തിന്റെ എല്ലാ [illegible] ങ്ങളിലും 'മണിസൗധങ്ങൾ' ഉയർന്നിട്ടുള്ളത് കാണാം. 1980നു ശേഷം കെട്ടിട നിർമ്മാണ [illegible] കളുടെ ലഭ്യത, ഭവന നിർമ്മാണ വായ്പ, ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ സുലഭത കൊണ്ട് പാർപ്പിട രംഗത്ത് പുരോഗതിയുണ്ടായി. സ്വന്തം പാർപ്പിടം എന്ന സങ്കൽപ്പം പ്രാവർത്തികമാക്കാൻ ബാങ്കുകളുടെയും സർക്കാർ ഏജൻസികളുടെയു പ്രവർത്തനം സഹായകരമായിട്ടുണ്ട്.




9600ഓളം കുടുംബങ്ങൾ ഉള്ളതിൽ 8400നടുത്ത് കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിടമുണ്ട്. 1200ഓളം കുടുംബങ്ങൾക്ക് ഇനിയും സ്വന്തമായി പാർപ്പിടം എന്നത് സ്വപ്നമായി അവശേഷിക്കുന്നു. സ്വന്തമായി വീടില്ലാത്തവർ ഏറ്റവും കൂടുതലുള്ളത് 7ാം വാർഡിലാണ്. 2, 11, 12, 8, 9 എന്നീ വാർഡുകളിലും പാർപ്പിടങ്ങളുടെ അഭാവം രൂക്ഷമായിത്തന്നെ അവശേഷിക്കുന്നു.

ആധുനിക പാർപ്പിട സൗകര്യങ്ങളുടെ പട്ടികയിൽ കക്കൂസ്, കുളിമുറി എന്നിവയ്ക്കും മുന്തിയ പരിഗണന നൽകുന്നു. താഴ്ന്ന വരുമാനക്കാർക്കിടയിൽ ഇനിയും ഈ അടിസ്ഥാനസൗകര്യങ്ങൾ എത്തിയിട്ടില്ല. അതോടൊപ്പം ശുദ്ധജല ലഭ്യതയുടെ കാര്യവും ഉറപ്പാക്കേണ്ടിയിരിക്കുന്നു. 50 ശതമാനത്തിലേറെ ആളുകൾക്ക് പഞ്ചായത്തിൽ സാനിട്ടറി ജല ലഭ്യതയില്ല.

പാർപ്പിടങ്ങളുടെ കാര്യത്തിൽ ഏഴംകുളം പഞ്ചായത്തിന്റെ അവസ്ഥ മോശമല്ല. പക്ഷേ, കക്കൂസ്, കിണർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുള്ള യഥാർത്ഥ പാർപ്പിട സങ്കല്പങ്ങൾ അനുസരിച്ചു നോക്കുമ്പോൾ സ്ഥിതി ഏറെ മെച്ചപ്പെടേണ്ടതുണ്ട്.

നിർമ്മിതികേന്ദ്രത്തിന്റെയും ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ ഏജൻസികളുടെയും പ്രവർത്തനം പഞ്ചായത്തിൽ നടപ്പിലാക്കുകയും കോളനി വാസികളിൽ പാർപ്പിടമില്ലാത്തവർക്ക് അതുണ്ടാക്കാൻ സമയബന്ധിത പരിപാടികൾ ആവിഷ്ക്കരിക്കണം.



[illegible] കളുടെ ലഭ്യതയില്ലായ്മയും വിലക്കയറ്റവും.

2. സിമന്റ്, കമ്പി, കല്ല്, മണൽ എന്നിവയുടെ വില വർദ്ധനവ്.
3. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണത്തെപ്പറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവം.
4. ഭവന നിർമ്മാണ വായ്പകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം.
5. വിദഗ്ദ്ധ തൊഴിലാളികളെ കിട്ടാനില്ലാത്ത

അവസ്ഥ. കൂലിനിരക്കിൽ ഉണ്ടായിട്ടുള്ള ഏകീകരണമില്ലായ്മ.

6. ഹൗസിംഗ് കോളനികളുടെ കുറവ്.
7. കക്കൂസ്, സാനിട്ടറി സൗകര്യങ്ങളുടെ അഭാവം.

സാദ്ധ്യതകൾ

1. കെട്ടിടനിർമ്മാണ സാമഗ്രികൾ സഹകരണ മേഖലയിൽ നിർമ്മിച്ച് കുറഞ്ഞ നിരക്കിലും കടമായും നൽകുക.
2. നിർമ്മിതികേന്ദ്രം, ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെനേതൃത്വത്തിൽ ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണത്തെപ്പറ്റി ബോധവൽക്കരണം നടത്തുകയും നിർമ്മിച്ചു നൽകുകയും ചെയ്യുക.
3. ഭവന നിർമ്മാണ വായ്പാ ഏജൻസികളുടെ വായ്പാ നിരക്ക് ഏകീകരിക്കുക. തടസ്സങ്ങൾ ഒഴിവാക്കുക. പലിശ നിരക്ക് കുറയ്ക്കുക.
4. വലിയ പാർപ്പിടങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാതെയിരിക്കുക.
5. ചെറിയ പാർപ്പിടങ്ങൾക്കും വായ്പ വാങ്ങി നിർമ്മിച്ച കെട്ടിടങ്ങൾക്കും കെട്ടിട നികുതി കുറച്ചുകൊടുക്കുക.
6. ഹൗസിംഗ് സൊസൈറ്റികൾ രൂപീകരിക്കുക.
7. പഞ്ചായത്ത് മുൻകൈയെടുത്ത് ഹൗസിംഗ് കോളനിയും ഫ്ളാറ്റും സ്ഥാപിക്കുക.
8. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവർക്ക് ചെറിയ പ്ലോട്ടുകൾ നൽകി കെട്ടിടവും മറ്റും നിർമ്മിച്ചു നല്കുക.

കെട്ടിടം സംബന്ധിച്ച വിവരങ്ങൾ (1995- 96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം*	മേൽപ്പുരയുടെ സ്വഭാവം					വിവിധ ഭവന നിർമ്മാണ പദ്ധതികളിലുടെ നിർമ്മിച്ച വീടുകളുടെ എണ്ണം
		ഒന്നിൽക്കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം		ഒരു നിലയുള്ള കെട്ടിടങ്ങൾ			
			കോൺക്രീറ്റ് കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	
I	735	10	144	388	124	69	
II	1072	23	255	564	155	75	
III	661	31	195	318	92	25	
IV	691	5	117	369	172	28	
V	627	7	114	351	133	22	
VI	858	28	262	442	63	63	
VII	692	14	177	375	78	48	
VIII	752	5	123	481	140	3	
IX	824	18	144	523	118	21	
X	894	19	156	499	162	58	
XI	770	10	270	272	200	18	
XII	638	14	175	372	49	28	
ആകെ	9214	184	2132	4954	1486	458	

* ഇതിൽ കടകൾകൂടി ഉൾപ്പെടും.

കക്കൂസ് സംബന്ധിച്ച വിവരങ്ങൾ

ആകെ വീടുകൾ	8400
കക്കൂസുള്ള വീടുകൾ	5726
കക്കൂസ് ഇനം തിരിച്ച്	
സെപ്റ്റിക് ടാങ്ക്	4408
ഇ.എസ്.പി.	903
മറ്റുള്ളവ	415
തൊഴുത്തുകൾ ഉള്ള വീടുകളുടെ എണ്ണം	3573
വൈദ്യുതീകരിച്ച വീടുകൾ	5310

C. സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി കേന്ദ്രസംസ്ഥാന സർക്കാരുകൾ ധാരാളം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പക്ഷേ അവയൊന്നും ഫലപ്രദമായി എത്തേണ്ട വിഭാഗങ്ങളിലെത്തിക്കാൻ കഴിഞ്ഞിട്ടില്ല. തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, ക്ഷയരോഗികൾക്കുള്ള പെൻഷൻ, അവശകലാകാര സാഹിത്യ പെൻഷൻ, കളരി ആശാന്മാർക്കുള്ള പെൻഷൻ എന്നിങ്ങനെയുള്ള വിവിധ പെൻഷൻ പദ്ധതികൾ നിലവിലുണ്ട്. പക്ഷേ പലരും ഈ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നില്ല. ഇത്തരം പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്നതു കൊണ്ടും ചുവപ്പു നാടകൊണ്ടും പലരും ഇക്കാര്യത്തിനു മിനക്കെടാറില്ല. പഞ്ചായത്ത് സമിതിക്കും സന്നദ്ധസംഘടനകൾക്കും ഇക്കാര്യത്തിൽ വലിയ പങ്കുവഹിക്കാൻ കഴിയും.



സമൂഹത്തിലെ സംഘടിതരും അസംഘടിതരുമായ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി ധാരാളം പദ്ധതികൾ നിലവിലുണ്ട്. പക്ഷേ ആ സൗസര്യവും ആളുകൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി, കള്ളുചെത്തുതൊഴിലാളി ക്ഷേമനിധി, കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി, തയ്യൽതൊഴിലാളി ക്ഷേമനിധി, ആർട്ടിസാൻസ് ക്ഷേമനിധി തുടങ്ങിയ ക്ഷേമപദ്ധതികളിൽ ഈ പഞ്ചായത്തിൽനിന്നും അംഗങ്ങളായവർ കുറവാണ്. ബന്ധപ്പെട്ട തൊഴിലാളികളെ ഈ പദ്ധതികളിൽ

അംഗമാക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

പൊതുമേഖലാ ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ, പോസ്റ്റ് ഓഫീസ്, എൽ.ഐ.സി. തുടങ്ങിയവ ലഘുനിക്ഷേപപദ്ധതികളിലൂടെയും മറ്റും സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അവയിൽ ചേരുന്നതിനോ നിക്ഷേപസമ്പാദ്യ പദ്ധതികളിൽ അംഗങ്ങളാകുന്നതിനോ നമ്മുടെ ആളുകൾ മുമ്പോട്ടുവരുന്നില്ല. അപകട ഇൻഷ്വറൻസ്, രോഗ ഇൻഷ്വറൻസ്, വിളഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികളിലും ലഘുനിക്ഷേപസമ്പാദ്യ പദ്ധതികളിലും ആളുകളെ ചേർക്കുന്നതിന് ബോധപൂർവമായശ്രമം നടത്തേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. സമഗ്രമായ I.R.D.P. സർവ്വേയുടെ അഭാവം നിലവിലുണ്ട്.
2. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്കുവേണ്ടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളെപ്പറ്റി ദുർബലജനവിഭാഗങ്ങൾക്കുള്ള അജ്ഞത.
3. ദേശസാൽകൃത ബാങ്കുകളിൽനിന്ന് വായ്പ ലഭ്യമാകുന്നതിനുള്ള തടസ്സങ്ങൾ.
4. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യമാക്കിയുള്ള DWCRA പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാകാത്തത്.
5. ടൂൾ കിറ്റ് പദ്ധതിയുടെ കാര്യക്ഷമമല്ലാത്ത നടത്തിപ്പ്.
6. റവന്യൂ വകുപ്പ് മുഖേനയുള്ള വാർദ്ധക്യകാല-വിധവാ പെൻഷൻ, വികലാംഗ പെൻഷൻ വിതരണ പദ്ധതികളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനുള്ള സംവിധാനമില്ലായ്മ.
7. സംഘടിത-അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളിൽ അർഹരായവർ അംഗങ്ങളായിട്ടില്ല.
8. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്കിടയിൽ ചെന്നുചേർന്നിട്ടില്ല.
9. വീട്, കിണർ, കക്കൂസ് എന്നിവ നിർമ്മിച്ചു നൽകാൻ സാമൂഹ്യ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ യോജിച്ചുള്ള പ്രവർത്തനത്തിന്റെയും പ്ലാനിംഗിന്റെയും അഭാവം.

സാദ്ധ്യതകൾ

1. I.R.D.P. ലിസ്റ്റ് വാർഷികാടിസ്ഥാനത്തിൽ പഞ്ചായത്ത് സമിതിയുടെയുംകൂടി മേൽനോട്ടത്തിൽ പുതുക്കുകയും വിവിധ ക്ഷേമപദ്ധതികൾ ലഭിക്കേണ്ടവരുടെ ലിസ്റ്റ് സൂക്ഷിച്ച് സമഗ്രമായ പദ്ധതി തയ്യാറാക്കുകയും ചെയ്യുക.
2. പഞ്ചായത്തിലെ അംഗൻവാടികൾ കേന്ദ്രമാക്കി വനിതകൾക്കായി തൊഴിൽ യൂണിറ്റുകൾ തുടങ്ങുക.
3. ദേശസാൽകൃത ബാങ്കുകളിൽനിന്ന് സ്വയം തൊഴിൽ സംരംഭകർക്ക് വായ്പ ലഭിക്കാനുള്ള തടസ്സങ്ങൾ പരിഹരിക്കുക.
4. സാമൂഹ്യ ക്ഷേമത്തിന് വിദേശ ഏജൻസികളുടെ സഹായ പദ്ധതികളുടെ സാദ്ധ്യത തേടുക.
5. റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമ-പെൻഷൻ പദ്ധതികൾ അർഹരായവർക്കുമാത്രം നൽകുക.
6. പഞ്ചായത്തിലെ ആരോഗ്യവകുപ്പ് ജീവനക്കാരെക്കൊണ്ട് വാർഷിക സർവ്വേ നടത്തി കോളനികൾ, അംഗൻവാടികൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് വാർഷിക ആരോഗ്യ സർവ്വേ നടത്തുക.
7. പഞ്ചായത്തിലെ ലൈബ്രറികൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുദ്യോഗസ്ഥന്മാരെയും ഉപഭോക്താക്കളെയും സംഘടിപ്പിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുക.
8. കൃഷി ഭവന്റെ സഹകരണത്തോടെ 'ഓരോ വീട്ടുവളപ്പിലും പച്ചക്കറികൃഷി' പരിപാടി പഞ്ചായത്തിലെ എല്ലാ വീടുകളിലും നടപ്പിലാക്കുക.
9. റേഷൻ കടകളുടെ നടത്തിപ്പിൽ പഞ്ചായത്ത് സമിതിയുടെ മേൽനോട്ടം ഉറപ്പാക്കുക.

10. അംഗവൈകല്യമുള്ളവർ, നിരാലംബർ, വൃദ്ധ ജനങ്ങൾ എന്നിവർക്കായി പ്രത്യേക ക്ഷേമ കേന്ദ്രങ്ങളും സേവന പദ്ധതികളും തുടങ്ങുക.

പൊതുവിതരണ കേന്ദ്രങ്ങൾ

ഏഴംകുളം ഗ്രാമപഞ്ചായത്തിൽ 19 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. റേഷൻ കടകളുടെ പ്രവർത്തനങ്ങളിൽ പൊതുജനങ്ങൾക്ക് നിരവധി പരാതികളുണ്ട്. പരാതികൾ സത്വരമായി പരിഹരിക്കാനുള്ള സംവിധാനം ലഭിക്കുന്നില്ല. കടയുടമകൾക്ക് ന്യായമായ ലാഭവിഹിതമോ ക്ഷേമനിധി സഹായമോ ലഭിക്കുന്നില്ലെന്ന പരാതിയുണ്ട്. പൊതുവിതരണ കേന്ദ്രങ്ങളുടെ നടത്തിപ്പിൽ പഞ്ചായത്ത് സമിതി ശ്രദ്ധിക്കുകയും പരാതികൾ പരിഹരിക്കാൻ സംവിധാനമുണ്ടാകുകയും ചെയ്യണം.

റേഷൻ കാർഡുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ട്. പഞ്ചായത്തിലെ പുതിയ റേഷൻ കാർഡ് അപേക്ഷകർക്ക് പഞ്ചായത്താഫീസിൽവച്ചുതന്നെ കാർഡ് നൽകാൻ വേണ്ട നടപടിയുണ്ടാവണം.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചുമതലയിൽ ഒരു മാവേലി സ്റ്റോർ ഏഴംകുളം ജംഗ്ഷനിൽ തുടങ്ങാൻ പഞ്ചായത്ത് സമിതി മുൻകൈയെടുക്കണം.

പെൻഷൻ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

	ഏഴംകുളം വില്ലേജ്	ഏനാത്ത് വില്ലേജ്
വിധവാ പെൻഷൻ	82	91
വികലാംഗ പെൻഷൻ	113	92
വാർദ്ധക്യകാല പെൻഷൻ	6	48
അവശകലാകാര സാഹിത്യ പെൻഷൻ	14	7
ക്യാൻസർ രോഗ പെൻഷൻ	3	6
തൊഴിലില്ലായ്മ വേതനം	226	176
കർഷകത്തൊഴിലാളി പെൻഷൻ	108	91

I.R.D.P. സർവ്വേ

സർവ്വേ പ്രകാരം കണ്ടെത്തിയവർ	2295
ഇതിൽ SC/ST കുടുംബങ്ങൾ	637
നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങൾ	290
ഇതിൽ SC/ST	130
സഹായം ലഭിച്ചതുവഴി ദാരിദ്ര്യ മേഖലയ്ക്ക് മുകളിലെത്തിയവർ	25
ദാരിദ്ര്യ മേഖലയ്ക്ക് താഴെയുള്ളവർ	1808
തൊഴിൽ പരിശീലനം, ട്രെയിനിംഗ് കഴിഞ്ഞവർ	45

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭകരുടെ വിവരം

	ആരംഭിച്ച വർഷം	പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം
റക്സിൻ വർക്സ്	1994-95	10
മെറ്റൽ നിർമ്മാണ യൂണിറ്റ്	1994-95	10

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAD)

IRDP സർവ്വേ പ്രകാരം കൈത്തൊഴിലുകാരുടെ എണ്ണം	140
സഹായം ലഭിച്ചവർ	3
സഹായത്തിനർഹതയുള്ളവർ	40

പൊതുവിതരണകേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ (1995-96)

കാർഡുകളുടെ എണ്ണം

വൈദ്യുതീകരിക്കാത്ത വീടുകൾ	3146
വൈദ്യുതീകരിച്ച വീടുകൾ	3353
ആകെ	6499

ഗുണഭോക്താക്കളുടെ എണ്ണം

മേജർ 12 വയസ്സിനുമേൽ)	22847
മൈനർ (3-12 വയസ്സ് വരെ)	5311
ആകെ	28158

പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ

	അരി (എല്ലാ ഇനവും)	663361 കി.ഗ്രാം
	ഗോതമ്പ്	1213
	പഞ്ചസാര	1225
മണ്ണെണ്ണ	ആകെ (ലിറ്റർ)	220128



3. തൃതീയ മേഖല

A. വിദ്യാഭ്യാസം

ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ എത്തിച്ചേരുന്നത് ജാതിപരമായും സാമ്പത്തികമായും ഉർന്നു നിന്ന വീടുകളിലെ സംസ്കൃതവേദ അഭ്യസനത്തിലാണ്. കേവലം വീടുകളിൽ മാത്രം നടന്നു കൊണ്ടിരുന്ന ഈ വിദ്യാഭ്യാസപ്രക്രിയ ക്രമേണ സാമൂഹ്യവല്കരിക്കപ്പെട്ടു. എഴുത്തു കളരികൾ രൂപംകൊണ്ടു. പക്ഷേ അവിടെയും ആദ്യകാലങ്ങളിൽ ജാതിപരമായി താഴെത്തട്ടിലുള്ളവർക്ക് പ്രവേശനം ഇല്ലായിരുന്നു. പക്ഷേ ഏഴംകുളം ഗ്രാമപഞ്ചായത്തിലെ ചില കളരികൾ ഭിന്നമായിരുന്നു. തീണ്ടലും തൊടീലും ജാതിപരമായ മറ്റ് അനാചാരങ്ങളും നിലനിന്നപ്പോഴും തങ്ങളുടെ കളരികളിൽ താഴ്ന്ന ജാതിക്കാരെ പ്രവേശിപ്പിക്കാനും പഠിപ്പിക്കാനും തയ്യാറായവർ ഉണ്ടായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആദ്യത്തെ കളരികളുടെ വ്യക്തമായ ചരിത്രം ലഭ്യമല്ല. സംസ്കൃത പഠനം പിന്നീട് മലയാളത്തിന് വഴിമാറി. അതിന്റെ പരിണാമ ചരിത്രവും വ്യക്തമല്ല.



മിഷ്യനറിമാരുടെയും മറ്റും പ്രവർത്തനഫലമായി കേരളത്തിലെമ്പാടും വിദ്യാഭ്യാസരംഗത്തുണ്ടായ സാമൂഹ്യ വല്കരണം ഏഴംകുളം ഗ്രാമപഞ്ചായത്തിലും പ്രതിഫലിച്ചിട്ടുണ്ട്. മിഷ്യനറിമാരുടെ പ്രവർത്തനഫലമായി ഏഴംകുളം ഗ്രാമപഞ്ചായത്തിൽ സ്ക്കൂളുകൾ ഒന്നും ആരംഭിച്ചിട്ടില്ലെങ്കിലും ആ സാമൂഹ്യവല്കരണകാറ്റ് ഇവിടെയും ആഞ്ഞടിച്ചു. അതിന്റെ നിദർശനമാണ് നൂറോടടുക്കുന്ന രണ്ട് സ്ക്കൂളുകൾ. 1903 ൽ രൂപംകൊണ്ട ശ്രീനാരായണ ധർമ്മ പരിപാലന സംഘവും 1905 ൽ അയ്യൻകാളിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട സാധുജനപരിപാലന സംഘവും അവശ സമുദായങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ ഒരു കുതിച്ചുചാട്ടംതന്നെ ഉണ്ടാക്കി. സ്ക്കൂളുകളിലെ താഴ്ന്ന ജാതിക്കാരുടെ കുട്ടികളുടെ എണ്ണം ഈ സംഘടനകളുടെ പ്രവർത്തനം മൂലം വർദ്ധിച്ചു. ഈ നവോത്ഥാന പ്രസ്ഥാനങ്ങളുടെയും, ചില ഉല്പതിഷ്ണുക്കളായ ഉന്നതകുലജാതരുടെയും, ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും, 1930 കളിൽ രൂപംകൊണ്ട് കേരളമെങ്ങും അലയടിച്ചുയർന്ന പുരോഗമന ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെയും പ്രവർത്തന ഫലമായി ഘട്ടംഘട്ടമായി വിദ്യാഭ്യാസം സാമൂഹ്യവല്കരിക്കപ്പെട്ടു. ഇന്ന് കേരളവും ഏഴംകുളം ഗ്രാമപഞ്ചായത്തും എത്തിനില്ക്കുന്ന ഉയർന്ന സാക്ഷരതാ നിരക്കിന് ഈ പ്രസ്ഥാനങ്ങൾ നല്കിയ സംഭാവന ചെറുതല്ല.

1898 ൽ സ്ഥാപിതമായ ഏഴംകുളം ഗവൺമെന്റ് എൽ.പി.സ്ക്കൂളാണ് ഈ ഗ്രാമപഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സരസ്വതീ മന്ദിരം. ഈ സ്ക്കൂൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തവരെപ്പറ്റിയും സ്ഥലം, കെട്ടിടനിർമ്മാണം തുടങ്ങിയ കാര്യങ്ങളെപ്പറ്റിയും വ്യക്തമായ അറിവില്ല. ഏതാണ്ട് ഇതിനോടടുപ്പിച്ച വർഷംതന്നെയാണ് അറുകാലിക്കൽ ചിറയിൽ പ്രൈമറി സ്ക്കൂളും സ്ഥാപിതമാകുന്നതെന്നാണ് കരുതുന്നത്. ആ സ്ക്കൂളിന്റെ പഴയകാല ചരിത്രവും വേണ്ടത്ര വ്യക്തമല്ല. കുറച്ചുകാലം ഈ സ്ക്കൂൾ പ്രവർത്തനരഹിതമായിരുന്നു. പിന്നീട് വീണ്ടും പ്രവർത്തനം ആരംഭിച്ചു. ഏഴംകുളം ഗ്രാമപഞ്ചായത്തിൽ ഇപ്പോഴുള്ള മിക്ക സ്ക്കൂളുകളും അമ്പതിലേറെ വർഷം പഴക്കമുള്ളതാണ്. ആദ്യകാലത്ത് സ്വകാര്യമേഖലയിൽ ആരംഭിച്ച ഈ സ്ക്കൂളുകൾ സി.പി. രാമസ്വാമി അയ്യരുടെ ഭരണപരിഷ്കാര ഫലമായി സർക്കാർ മേഖലയിലായിത്തീർന്നിട്ടുള്ളവയാണ്. ഏഴ് പ്രൈമറി

സ്ക്കൂളുകൾ, രണ്ട് അപ്പർ പ്രൈമറി സ്ക്കൂളുകൾ, രണ്ട് ഹൈസ്ക്കൂളുകൾ, അതിൽ ഒന്ന് വൊക്കേഷണൽ ഹയർ സെക്കന്ററിയും ഉൾപ്പെട്ടതാണ്. ഇത്രയും പാഠശാലകളാണ് ഈ പഞ്ചായത്തിലുള്ളത്. കൂടാതെ നേഴ്സറികൾ, അംഗൻവാടികൾ, കളരികൾ, ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ, പാരലൽ കോളേജുകൾ, സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ, ഡ്രൈവിംഗ് പരിശീലന കേന്ദ്രം, കംപ്യൂട്ടർ പഠന കേന്ദ്രങ്ങൾ, തയ്യൽ പരിശീലനകേന്ദ്രങ്ങൾ, ചിത്രപരിശീലന സ്ക്കൂൾ, സംഗീതസ്ക്കൂൾ എന്നിങ്ങനെയുള്ള വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങളുമുണ്ട്. കംപ്യൂട്ടർ വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്നതിൽ ബഹദൂർശാസ്ത്രി സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ മേൽനോട്ടത്തിലാണ് നെടുമൺ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളിലെ കംപ്യൂട്ടർ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നത്. ഏനാത്ത് പ്രവർത്തിച്ചുവരുന്ന കംപ്യൂട്ടർ പഠന കേന്ദ്രം സ്വകാര്യമേഖലയിലാണ്.

സാക്ഷരതാ ശതമാനത്തിൽ ഉയർന്നുനില്ക്കുന്ന ഈ പഞ്ചായത്തിൽ വേണ്ടത്ര വിദ്യാഭ്യാസ സൗകര്യമില്ല എന്നതാണ് യാഥാർത്ഥ്യം. മിക്ക വാർഡുകളിലും രണ്ട് അംഗൻവാടികൾ വീതമുണ്ട്. പക്ഷേ ചില വാർഡുകളിൽ പ്രൈമറി സ്ക്കൂളുകൾ ഇല്ല. അവർക്ക് പഠനത്തിന് മറ്റ് വാർഡുകളിലെ സ്ക്കൂളുകളേയോ അയൽ പഞ്ചായത്തുകളേയോ ആശ്രയിക്കേണ്ടിവരുന്നു. ഏനാത്ത് വില്ലേജിൽ ഒരു യു.പി.സ്ക്കൂളും ഒരു ഹൈസ്ക്കൂളും ഉണ്ട്. ഏഴംകുളം വില്ലേജിൽ ഒരു യു.പി.സ്ക്കൂളും ഒരു ഹൈസ്ക്കൂളും ഉണ്ട്. ലോവർ പ്രൈമറി കഴിയുന്ന മിക്ക കുട്ടികളും തുടർന്നുള്ള വിദ്യാഭ്യാസത്തിന് പഞ്ചായത്തിനു വെളിയിലുള്ള സ്ക്കൂളുകളെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. നെടുമൺ ഹൈസ്ക്കൂളിൽ കുട്ടികളുടെ അഭാവം ഉണ്ട്. ഏഴംകുളം വില്ലേജിലെ കുട്ടികൾ തൊട്ടടുത്ത അടൂർ മുനിസിപ്പാലിറ്റി, ഏനാദിമംഗലം പഞ്ചായത്ത് തുടങ്ങിയ പ്രദേശങ്ങളിലെ സ്ക്കൂളുകളിലേക്കും ഏനാത്ത് വില്ലേജിലെ കുട്ടികൾ കുളക്കട പഞ്ചായത്ത്, പട്ടാഴി പഞ്ചായത്ത്, ഏറത്ത് പഞ്ചായത്ത്, അടൂർ മുനിസിപ്പാലിറ്റി തുടങ്ങിയ പ്രദേശങ്ങളിലെ സ്ക്കൂളുകളിലേയ്ക്കും പോയിപഠിക്കേണ്ട സാഹചര്യമുണ്ട്. പ്രൈമറിതലം മുതൽതന്നെ പഞ്ചായത്തിനു വെളിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ കൃത്യമായ കണക്ക് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു നല്ല ശതമാനംവരാനാണു സാദ്ധ്യ. എൽ.പി.സ്ക്കൂളുകളിൽ ഇളങ്ങമംഗലം എൽ.പി.എസ്സിൽ ഒഴികെ എല്ലായിടത്തും നൂറിൽ കൂടുതൽ കുട്ടികളുണ്ട്. പത്താംതരത്തിനുശേഷമുള്ള കോളജ് വിദ്യാഭ്യാസത്തിന് ഒരു സൗകര്യവും ഈ പഞ്ചായത്തിലില്ല. ഇവിടുത്തെ വിദ്യാർത്ഥികൾ പത്തനംതിട്ട, അടൂർ, പന്തളം, കൊട്ടാരക്കര, പത്തനാപുരം എന്നീ പ്രദേശങ്ങളിലെ കലാശാലകളെയാണ് കോളേജ് വിദ്യാഭ്യാസത്തിനായിട്ട് ആശ്രയിക്കുന്നത്. ഏഴംകുളം പഞ്ചായത്തിൽ കൈതപ്പറമ്പിൽ കേരള വണിത വൈശ്യ സംഘം ഒരു സ്വാശ്രയ കോളജ് കഴിഞ്ഞവർഷം ആരംഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക്സ്, കംപ്യൂട്ടർ മേഖലകളിൽ ഡിഗ്രി ക്ലാസുകൾ ഇവിടെയുണ്ട്. രണ്ട് പാരലൽ കോളജ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രീഡിഗ്രി, ഡിഗ്രി ക്ലാസ്സുകൾ അവർ നടത്തുന്നുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷ പരാജയപ്പെട്ടവർക്കുവേണ്ടി ആവശ്യത്തിന് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഉയർന്ന വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതരായ യുവതീയുവാക്കളുടെ ഒരു ഇടത്താവളമാണ് ട്യൂട്ടോറിയൽ പാരലൽ കോളജുകൾ. ഔദ്യോഗിക സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ ഒന്നുംതന്നെയില്ലെങ്കിലും അനൗപചാരിക പരിശീലന കേന്ദ്രങ്ങളുണ്ട്. ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്, പ്രിന്റിങ്ങ്, മോട്ടോർ വയന്റിംഗ്, പ്ലംബിങ്ങ്, വയറിങ്ങ്, ഇലക്ട്രീഷ്യൻ, പെയിന്റിങ്ങ്, നേഴ്സിങ്ങ്, തയ്യൽ തുടങ്ങിയ വിഷയങ്ങളിൽ അനൗപചാരിക പരിശീലനം നല്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ധാരാളമുണ്ട്. നാല് ടൈപ്പ്റൈറ്റിങ്ങ് പരിശീലന കേന്ദ്രങ്ങളുണ്ട്.

നേഴ്സറി സ്ക്കൂളുകളുടെ ആവിർഭാവത്തോടെ ആശാൻ കളരികൾ അസ്തമിച്ച മട്ടാണ്. എന്നാലും ചില സ്ഥലങ്ങളിൽ നാമമാത്രമായി ആശാൻ കളരികൾ പ്രവർത്തിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം ഏജൻസികളുടെ ഒരു വിധം മെച്ചപ്പെട്ട പ്രവർത്തനം ഈ പഞ്ചായത്തിലുണ്ട്. കേരള ഗ്രന്ഥശാലാ സംഘം, ശാസ്ത്രസാഹിത്യ പരിഷത്ത്, കാൻഫെഡ്, സാക്ഷരതാ സമിതി, വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, അവയുടെ വിദ്യാർത്ഥി സംഘടനകൾ, അദ്ധ്യാപക സംഘടനകൾ, മറ്റ് ട്രേഡ് യൂണിയൻ സംഘട

നകൾ, മത ജാതി സംഘടനകൾ എന്നിങ്ങനെ യുള്ളവയുടെ പ്രവർത്തനം ഈ പഞ്ചായത്തി ലുണ്ട്. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റ് ലഭിക്കുന്ന 2 വായനശാലകൾ ഈ പഞ്ചായത്തി ലുണ്ട്. ഗ്രാന്റ് ലഭിക്കാത്ത 6 വായനശാലകളുണ്ട്. കൂടാതെ പഞ്ചായത്ത് സാംസ്കാരിക നിലയവു മുണ്ട്. സ്കൂൾ ലൈബ്രറികൾ പ്രവർത്തിക്കുന്ന തേയില്ല. 1990 ൽ 75 ശതമാനമായിരുന്നു ഈ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക്. 1990 ൽ ആരംഭിച്ച അക്ഷര കേരളം – സമ്പൂർണ്ണ സാക്ഷ രതാ തീവ്രയജ്ഞത്തിന്റെ ഫലമായി ഈ പഞ്ചാ യത്തിലെ സാക്ഷരതാനിരക്ക് 90 ശതമാനമായി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. മുഴുവൻ ജനങ്ങളു ടെയും പങ്കാളിത്തത്തോടെ ഏഴംകുളം പഞ്ചാ യത്ത് സാക്ഷരതാ സമിതി നടത്തിയ പ്രവർത്തനം മാതൃകാപരമായിരുന്നു. തുടർ വിദ്യാഭ്യാസപരിപാടികൾ ഫലപ്രദമല്ലാതെ പോയതിനാൽ പല നവസാക്ഷരരും പഴയ അവ സ്ഥയിലേക്കു തിരിച്ചുപോയതായി സംശയിക്കേ ണ്ടിയിരിക്കുന്നു.

ഗ്രാമസഭകളിലെ ചർച്ചകളുടെ സംക്ഷിപ്തരൂപം

1. ഏനാത്ത് -- കിഴക്കുപുറം സ്ക്കൂളുകളിൽ സ്ഥലവും കെട്ടിടവും ആവശ്യമാണ്.
2. മിക്ക വിദ്യാലയങ്ങളിലും പഠനോപകരണങ്ങ ളുടെ അഭാവം നിലവിലുണ്ട്.
3. എൽ.പി. സ്ക്കൂളുകളിൽ പാചകപ്പുരകൾ ഇല്ലാത്ത വിദ്യാലയങ്ങൾക്ക് അത് നിർമ്മി ച്ചുനൽകണം.
4. നിലവിലുള്ള ഏഴംകുളം ഗവൺമെന്റ് L.P.S., ഏഴംകുളം M.S.C.L.P.S., നെടുമൺ L.P.S., അറുകാലിക്കൽ L.P.S., ഏനാത്ത് ഗവൺമെന്റ് U.P.S. എന്നിവ അപ്ഗ്രേഡ് ചെയ്ത് യു.പി.എസ്സ്. ആക്കണം.
5. എല്ലാ വിദ്യാലയങ്ങളിലും ലാബ്/ലൈബ്രറി സൗകര്യങ്ങൾ ഏർപ്പെടുത്തണം.
6. മൂത്രപ്പുരകളും കക്കൂസുകളും ഇല്ലാത്ത സ്ക്കൂളുകൾക്ക് അത്യാവശ്യമായി നിർമ്മിച്ചു നൽകണം.
7. കുടിവെള്ളം അത്യാവശ്യമായ സ്ക്കൂളുക ളിൽ അത് ലഭ്യമാക്കണം.
8. ചുറ്റുമതിലുകൾ ഇല്ലാത്ത സ്ക്കൂളുകൾക്ക് അത് നിർമ്മിച്ചുനൽകണം.
9. കിഴക്കുപുറം H.S. വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തണം.
10. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകണം.

ഭൗതികസാഹചര്യങ്ങൾ

ഒരു സ്കൂളിലും അദ്ധ്യാപകരുടെ അഭാ വമില്ല. പക്ഷേ, ബ്ലാക് ബോർഡുകൾ, കളിസ്ഥ ലങ്ങൾ, ഫർണിച്ചർ, റേഡിയോ എന്നിവയെല്ലാം എല്ലാ സ്ക്കൂളുകൾക്കും ആവശ്യമാണ്. പി.ടി.എ. എല്ലാ സ്ക്കൂളുകളിലും സജീവമല്ല. കുട്ടികളുടെ കലാ-കായിക കഴിവുകൾ പരിപോഷിപ്പിക്കാൻ സംവിധാനമില്ല. കിഴക്കുപുറം H.S.ന് ക്ലാസ്സ് റൂമും അത്യാവശ്യമാണ്. അവിടെ ഷിഫ്റ്റ് സമ്പ്ര ദായം തുടരുന്നത് പഠനനിലവാരത്തെ ബാധി ക്കുന്നു. വാർഷിക അറ്റകുറ്റപ്പണികൾ കൃത്യ മായി നടക്കുന്നില്ല.

അക്കാദമിക് നിലവാരം

1. നിലവാരം ഉറപ്പാക്കുന്നതിന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കണം. അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നൽകണം.
2. പഠന മാധ്യമം പ്രൈമറിതലം വരെ നിർബ ന്ധമായും മാതൃഭാഷയിൽതന്നെ ആവണം.
3. അൺ-എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ സ്ഥാപിക്കുന്നത് പ്രോൽസാ ഹിപ്പിക്കരുത്.
4. പഞ്ചായത്ത് അക്കാദമിക് കൗൺസിലും പഞ്ചായത്ത്തല P.T.A. യും ആരംഭിക്കണം.
5. അംഗൻവാടികളിലെയും പ്രീപ്രൈമറി സ്ക്കൂളുകളിലെയും സിലബസ് ഏകീകരി ക്കണം.
6. കമ്പ്യൂട്ടർ പഠന സൗകര്യം ഏർപ്പെടുത്തണം.
7. പാഠ്യപദ്ധതി തൊഴിലധിഷ്ഠിതമാക്കണം.

അനൗപചാരിക വിദ്യാഭ്യാസം

1. തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ പുനരാ രംഭിക്കണം.
2. നവസാക്ഷരരെയും നിരക്ഷരരെയും കണ്ടെത്തി അഭ്യസനം നല്കി പൊതുപരീ ക്ഷയ്ക്ക് തയ്യാറാക്കണം.
3. ജനവിദ്യാകേന്ദ്രങ്ങൾ കാര്യമായി പ്രവർത്തി പ്പിക്കണം. അനുബന്ധമായി ലൈബ്രറികൾ തുടങ്ങണം.

4. സാക്ഷരതാ പ്രവർത്തകർക്കും അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും പ്രോത്സാഹനം നൽകണം.

തുടർവിദ്യാഭ്യാസം

1. എല്ലാ വാർഡുകളിലും തുടർ വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.
2. ഗ്രന്ഥശാലകളെ തുടർ വിദ്യാഭ്യാസ രംഗത്തെ ഇൻഫർമേഷൻ സെന്ററുകൾ ആക്കാൻവേണ്ട നടപടി വേണം.
3. കലാ-കായിക പ്രതിഭയുള്ളവരെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകണം.
4. പഠനോപകരണങ്ങളും സ്കോളർഷിപ്പും നൽകണം.
5. പഞ്ചായത്തിൽ ഒരു കോളേജ് ആരംഭിക്കാൻ വേണ്ടത് ചെയ്യണം.
6. അൺ എയ്ഡ്സ് കോളജുകളിൽ SC/ST പിന്നോക്ക വിഭാഗക്കാർക്ക് പ്രവേശനത്തിന് റിസർവേഷൻ നൽകണം.

വാർഷിക വരവുചെലവ് (1994- 95)

(ഏഴംകുളം പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളും ഉൾപ്പെടെ)

ഇനം	തുക (രൂപ)
കെട്ടിടത്തിന്റെ അറ്റകുറ്റപണികൾ	70,192.00
ഫർണിച്ചറിന്റെ അറ്റകുറ്റപണികൾ	11,550.00
രാസവസ്തുക്കളും ഉപകരണങ്ങളും	6,550.00
സ്പോർട്ട്സ്	4,344.00
കലാവിനോദങ്ങൾക്ക്	9,196.00
ലൈബ്രറി	9,310.00
ഉച്ചക്കഞ്ഞി	63,645.00
മറ്റിനം	10,275.00
ആകെ ചെലവ്	1,85,062.00
വരവ് A	
സർക്കാരിൽ നിന്ന്	11,280.00
പഞ്ചായത്തിൽനിന്ന്	1,250.00
ആകെ	12,530.00
വരവ് B	
ഫീസ്	3,448.00
എൻഡോവ്മെന്റ്	150.00
അദ്ധ്യാപക രക്ഷാകർത്തൃ സംഘടന	29,860.00
ആകെ	33,458.00
വരവ് A + വരവ് B	45,988.00
K.V.V.S. കോളേജ് കൈതപ്പറമ്പ്	
ഫർണിച്ചർ അറ്റകുറ്റപ്പണികൾ	5,000.00
ഉപകരണങ്ങൾ/രാസവസ്തുക്കൾ	15,000.00
സ്പോർട്ട്സ്	750.00
കലാവിനോദങ്ങൾക്ക്	12,000.00
ലൈബ്രറി	8,000.00
മറ്റിനങ്ങൾ	2,000.00
ആകെ ചെലവുകൾ	42,750.00
വരവ്	
ഫീസ്	3,25,000.00
സംഭാവന (Donation)	5,00,000.00
ആകെ വരവ്	82,5000.00

അക്കാദമിക് നിലവാരം (1994- 95)

Std	ആകെ കുട്ടികൾ	50% താഴെ മാർക്ക് നേടുന്ന കുട്ടികൾ		50% മേൽ മാർക്ക് വാങ്ങുന്ന കുട്ടികൾ	
		എണ്ണം	ശതമാനം	എണ്ണം	ശതമാനം
I	337				
II	427				
III	448	270	60	178	40
IV	449	247	55	202	45
V	255	125	49	130	51
VI	264	173	58	91	42
VII	263	158	60	106	40
VIII	198	110	55	88	45
IX	234	117	50	117	50
X	147	111	80	36	20

ഏഴംകുളം പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലും പഠനനിലവാരം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതാണ്. 23 വിദ്യാർത്ഥികൾ മെരിറ്റ് സ്കോളർഷിപ്പും 1 കുട്ടി L.S.S. സ്കോളർഷിപ്പും 8 പേർ U.S.S. സ്കോളർഷിപ്പും വാങ്ങുന്നുണ്ട്. ലംപ്സം ഗ്രാന്റ് വാങ്ങുന്ന 896ഉം മുസ്ലീം സ്കോളർഷിപ്പ് വാങ്ങുന്ന 34ഉം വികലാംഗ സ്കോളർഷിപ്പ് വാങ്ങുന്ന 13ഉം ജവാന്റെ ആനുകൂല്യം വാങ്ങുന്ന 10ഉം വിദ്യാർത്ഥികളും ഈ പഞ്ചായത്തിലുണ്ട്. കലാകായിക രംഗത്ത് കൂടുതൽ ശ്രദ്ധിക്കണം.

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ വിദ്യാലയങ്ങൾ

അംഗൻവാടികൾ – 23

നഴ്സറി സ്ക്കൂൾ – 3

പ്രൈമറി സ്ക്കൂളുകൾ – 7

ഗവ: എൽ.പി.എസ്സ്. ഏഴംകുളം

M.S.C. L.P.S. ഏഴംകുളം

Govt. L.P.S. അറുകാലിക്കൽ

Govt. L.P.S. നെടുമൺ

Govt. L.P.S. ഇളംഗമംഗലം

Govt. വെൽഫെയർ L.P.S. ഇളംഗമംഗലം

Govt. S.V.L.P.S. ഏനാത്ത്

ബാപ്പുജി ഇംഗ്ലീഷ് മീഡിയം ജൂനിയർ സ്ക്കൂൾ തൊടുവക്കാട്

അപ്പർ പ്രൈമറി സ്ക്കൂളുകൾ – 2

ഗവ: യു,പി.എസ്സ്. ഏനാത്ത്

സെന്റ് ജോർജ് യു.പി.എസ്സ്. നെടുമൺ

ഹൈസ്ക്കൂളുകൾ – 2

ഗവ: ഹൈസ്ക്കൂൾ കിഴക്കുപുറം

ഗവ: വി.എച്ച്.എസ്സ്. നെടുമൺ

അൺ–എയിഡഡ് കോളേജ് – 1


K.V.V.S. കോളേജ് കൈതപ്പറമ്പ്.

സ്ക്കൂളുകളുടെ ഉടമസ്ഥാവകാശം

ആകെയുള്ള പ്രൈമറി സ്ക്കൂളുകളിൽ 6 എണ്ണം സർക്കാർ സ്ക്കൂളുകളും ഒരെണ്ണം കാതലിക് മാനേജ്മെന്റിന്റെയും ആണ്. ഒരു യു.പി. സർക്കാർ മേഖലയിലും മറ്റൊന്ന് സ്വകാര്യ മാനേജ്മെന്റുമാണ്. ഹൈസ്ക്കൂൾ രണ്ടും സർക്കാർ ഉടമയിലുള്ളതും കൈതപ്പറമ്പിലുള്ള ഗ.ഡ.ഡ്.ട. അൺ എയ്ഡ്സ് കോളേജ് വണിക വൈശ്യരുടെ ഉടമസ്ഥതയിലുള്ള സ്വകാര്യകോളേജാണ്.

പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ കണക്ക് (1995-96)

സ്റ്റാൻഡാർഡ്	ആൺ	പെൺ	ആകെ	SC/ST		
				ആൺ	പെൺ	ആകെ
I	172	165	337	28	31	59
II	212	215	427	32	50	82
III	244	204	448	50	30	80
IV	233	216	449	53	41	94
ആകെ	861	800	1661	163	152	315
അപ്പർ പ്രൈമറി						
V	121	134	255	40	19	59
VI	140	124	264	32	19	51
VII	139	124	263	32	27	59
ആകെ	400	382	782	104	65	169
ഹൈസ്കൂൾ						
VIII	113	85	198	24	32	56
IX	114	120	234	35	33	68
X	74	73	147	12	18	30
ആകെ	301	278	579	71	83	154
ഹയർ സെക്കണ്ടറി						
XI	26	25	51	2	4	6
XII	18	29	47	2	3	5
ആകെ	44	54	98	4	7	11
K.V.V.S. College കൈതപ്പറമ്പ്						
ഡിഗ്രി	47	20	67	NIL		
S.S.L.C. തോറ്റു പഠിക്കുന്നവർ 254						



B. പൊതുജനാരോഗ്യം, കുടിവെള്ളം

ഗ്രാമപ്രദേശത്തിന്റെ പ്രത്യേകതകളായ ശുദ്ധവായു, സുഭിക്ഷമായ ശുദ്ധജലം, പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന ജീവിത പശ്ചാത്തലം എന്നിവയൊക്കെക്കൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിൽ വലിയ പകർച്ചവ്യാധികളോ ജലജന്യ രോഗങ്ങളോ ഈയടുത്തകാലംവരെ ഉണ്ടായിരുന്നില്ല. എന്നാൽ ഈ സ്ഥിതിക്ക് ഇപ്പോൾ വളരെ മാറ്റം വന്നിട്ടുള്ളതായാണ് ആരോഗ്യകേന്ദ്രങ്ങളിൽനിന്നുള്ള വിവരങ്ങൾ കാണിക്കുന്നത്. ആരോഗ്യം = ശുദ്ധവായു + ശുദ്ധജലം + പോഷകാഹാരം + പരിസര ശുചിത്വം എന്ന സങ്കല്പം മാറി ആരോഗ്യം = ഡോക്ടർ + മരുന്ന് എന്നായി മാറിക്കൊണ്ടിരിക്കുന്നു. ശാസ്ത്രീയമായ ഒരു ആരോഗ്യ സർവ്വേ ഈ പഞ്ചായത്തിൽ നടത്തിയിട്ടില്ല.

8345 വീടുകളിലായി 30606 ആളുകൾ അധിവസിക്കുന്ന ഈ പഞ്ചായത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ഒറ്റ സർക്കാർ സ്ഥാപനംപോലുമില്ല. കൈതപ്പറമ്പിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ സുരക്ഷിതമല്ലാത്ത ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യമായ മരുന്നുകളോ ഫർണിച്ചറുകളോ വൈദ്യുതിപോലുമോ ഇവിടെയില്ല.

ഏനാത്ത് ഈ.എസ്.ഐ. സെന്ററിന്റെയും പ്രവർത്തനം ഒരു വാടകക്കെട്ടിടത്തിലാണ്. തൊഴിൽ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന നിരവധി തൊഴിലാളികൾ നിത്യവും രോഗചികിത്സക്കായി എത്തിച്ചേരുന്ന ഈ സ്ഥാപനം തുടങ്ങിയ അവസ്ഥയിൽത്തന്നെ നിലനിൽക്കുന്നു.

ഏഴംകുളം 9ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഗവണ്മെന്റ് ആയുർവ്വേദ ആശുപത്രിയും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ദിവസവും നൂറിലധികം രോഗികൾ മരുന്നു വാങ്ങാനെത്തുന്ന ഇവിടെയും ആവശ്യത്തിന് ജീവനക്കാരോ മരുന്നോ ഇല്ല.

പഞ്ചായത്തിലെ 1, 6, 9, 11 വാർഡുകളിൽ ഫാമിലി വെൽഫെയർ സെന്ററുകളുണ്ട്. മറ്റ് വാർഡുകളിൽ പൊതുജനാരോഗ്യ കേന്ദ്രങ്ങൾ ഒന്നുംതന്നെയില്ല.

സ്വകാര്യ മേഖലയിൽ അലോപ്പതി, ആയുർവ്വേദ, ഹോമിയോ ചികിത്സാ സ്ഥാപനങ്ങൾ 13 എണ്ണം നിലവിലുണ്ട്.

വൈറൽ ഫീവർ, വയറുകടി, മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, ചൊറി എന്നിവയാണ് പൊതുവേ പഞ്ചായത്തിൽ കാണുന്ന പകർച്ച വ്യാധികൾ.

പ്രമേഹം, രക്തസമ്മർദ്ദരോഗങ്ങൾ, നേത്ര രോഗം, ദന്തരോഗങ്ങൾ, സന്ധിരോഗങ്ങൾ എന്നിവയും പൊതുവേ കാണുന്നു.

പഞ്ചായത്തിലെ കോളനികളിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യമില്ല. ശരിയായ ആരോഗ്യ- ശുചിത്വബോധത്തിന്റെ അഭാവം പല പകർച്ചവ്യാധികൾക്കും വഴിവയ്ക്കുന്നു. പല ഭാഗങ്ങളിലും വെള്ളം കെട്ടിക്കിടന്ന് കൊതുകുകൾ വളർന്നു പെരുകുകയും പകർച്ചവ്യാധികൾക്ക് അത് കാരണമാകുകയും ചെയ്യുന്നു. പോഷകാഹാരക്കുറവും കോളനിനിവാസികൾക്കിടയിൽ കണ്ടെത്തിയിട്ടുണ്ട്.

കക്കൂസ്സില്ലാത്ത വീടുകളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ 1639 ആണെങ്കിലും (22.25 ശതമാനം) വാർഡ്തല റിപ്പോർട്ടുകൾ പ്രകാരം 26 ശതമാനത്തിലധികം വീടുകൾക്ക് കക്കൂസുകൾ ഇല്ല എന്നു കാണുന്നു. 2, 3, 4, 6, 9 എന്നീ വാർഡുകളിൽ കക്കൂസില്ലാത്ത വീടുകൾ 20%ത്തിൽ താഴെയാണ്. 1, 5, 7, 8, 10, 11, 12 വാർഡുകളിൽ 25%വും. 5-ാം വാർഡിൽ 50% വീടുകൾക്കും കക്കൂസില്ല.

ആരോഗ്യപരിപാലനത്തെക്കുറിച്ച് പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെക്കഴിയുന്നവർ ബോധവാന്മാരല്ല. അംഗൻവാടികളും മഹിളാസമാജങ്ങളും കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ വേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്തെ 10ാം വാർഡിലുള്ള എല്ലുപൊടി ഫാക്ടറിയും അറുകാലിക്കൽ പടിഞ്ഞാറ് 12-ാം വാർഡിലും കൈതപ്പറമ്പ് വാർഡിലും, ഏഴംകുളം 7ാം വാർഡിലുമുള്ള അറ

വുശാലകളുടെ പ്രവർത്തനവും പരിസരമലിനീകരണം വരുത്തിവയ്ക്കുന്നു. ഏനാത്ത് ജംഗ്ഷനിലും പബ്ലിക് മാർക്കറ്റിലും മാലിന്യങ്ങളും വിസർജ്ജ്യവസ്തുക്കളും നീക്കംചെയ്യാൻ സംവിധാനമില്ല.

നിർദ്ദേശങ്ങൾ

1. കൈതപ്പറമ്പിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിന് സ്വന്തമായി കെട്ടിടം പണിയണം. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം, ആവശ്യമായ മരുന്ന്, ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ കാലതാമസംകൂടാതെ ലഭ്യമാക്കണം.
2. കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന ആയിരത്തിലധികം സ്ത്രീകൾ പഞ്ചായത്ത് പ്രദേശത്തുണ്ട്. അവർക്ക് മാസത്തിൽ ഒരിക്കലെങ്കിലും രോഗപരിശോധന ഏർപ്പെടുത്തണം. ഹെൽത്ത് കാർഡ് നൽകണം.
3. ഏഴംകുളത്തുള്ള ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.
4. കോളനികളിലും പൊതുസ്ഥലങ്ങളിലും ഉള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനും കൊതുകു നശീകരണം നടത്താനും നടപടി സ്വീകരിക്കണം. പുകവലി, മദ്യപാനം, വെറിലമുറുക്ക് എന്നിവയുടെ ദോഷഫലങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തണം.
5. കക്കൂസില്ലാത്ത വീടുകൾക്ക് അടിയന്തിരമായി കക്കൂസ് നിർമ്മിച്ചുനൽകാൻ വേണ്ട ധനസഹായം നൽകണം.
6. പേവിഷബാധയ്ക്കെതിരെ വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് നടത്തണം. ലൈസൻസ് നിർബ്ബന്ധിതമാക്കണം.
7. ഗവണ്മെന്റ് ഹോമിയോ ആശുപത്രി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.
8. പഞ്ചായത്ത് പ്രദേശത്തെ ഹോട്ടലുകളിലും ചായക്കടകളിലും ശുചിത്വ പരിപാലനത്തിന് കർശന നടപടിയുണ്ടാവണം. മാസത്തിൽ ഒരിക്കലെങ്കിലും പരിശോധന വേണം.
9. രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് രക്തദാനത്തിന് പ്രോത്സാഹനവും പ്രേരണയും നൽകണം.
10. അറവുശാലകളുടെ പ്രവർത്തനം ആരോഗ്യകരമാക്കണം. പരിസര മലിനീകരണം വരുത്തുന്ന ഫാക്ടറികളും ഇതര സ്ഥാപനങ്ങളും പരിശോധിച്ച് നിയന്ത്രണം ഏർപ്പെടുത്തണം.

കുടിവെള്ളം

ഏഴംകുളം പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളുണ്ട്. ചെറിയ വരൾച്ച അനുഭവപ്പെട്ടാൽത്തന്നെ കിണറുകൾ വറ്റുന്ന അവസ്ഥയുണ്ട്. ഒരു കിലോമീറ്ററും അതിലധികവും നടന്ന് കുടിവെള്ളം തേടേണ്ട അവസ്ഥയാണ് ഉള്ളത്.

ശുദ്ധജലക്ഷാമംമൂലം ഏഴംകുളം വാർഡ് 1, വാർഡ് 8, വാർഡ് 7, വാർഡ് 9, വാർഡ് 11 എന്നിവിടങ്ങളിൽ പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്തിരുന്നു.

കുടിക്കാനും കുളിക്കാനും വസ്ത്രങ്ങൾ കഴുകുവാനും പഞ്ചായത്തിലെ 85% കുടുംബങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ആറ്, പത്ത്, പതിനൊന്ന്, ഒൻപത്, എട്ട്, പന്ത്രണ്ട് എന്നീ വാർഡുകളിൽക്കൂടി കടന്നുപോകുന്ന കനാലിലെ ജലം പ്രസ്തുത വാർഡുകളിലെ നിവാസികൾക്ക് കുളിക്കാനും വസ്ത്രങ്ങൾ കഴുകാനും ഒരു പരിധിവരെ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ വെള്ളം വറ്റിപ്പോകാതെ സംരക്ഷിക്കാനും ഉപകരിക്കുന്നു.

കുടിവെള്ളക്ഷാമ പരിഹരിക്കുന്നതിനായി ചിരണിക്കൽ ശുദ്ധജല വിതരണ പദ്ധതിയിൽനിന്ന് അടിയന്തിരമായി പഞ്ചായത്തിലെ സമീപ വാർഡുകളിൽ വെള്ളം എത്തിക്കാൻ വേണ്ട നടപടിക്ക് പഞ്ചായത്തിൽനിന്നുകൂടി അടിയന്തിര ശ്രമം ആവശ്യമാണ്.

പഞ്ചായത്ത് കോളനികളിൽ പൊതുകിണറുകൾ ആവശ്യത്തിനില്ല. ഉള്ള കിണറുകൾതന്നെ മലിനീകരണഭീഷണിയുള്ളതും വെള്ളം വറ്റിപ്പോകുന്നതുമാണ്. പ്രസ്തുത കിണറുകൾ ആഴം കൂട്ടി ശുചീകരിക്കുകയും കൂടുതൽ കിണറുകൾ കോളനികളിൽ ഏർപ്പെടുത്തുകയും വേണം.

ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

വാർഡ്	സ്ഥലം	പരിഹാര നിർദേശം
1	കൊയ്പ്പള്ളിമല ജംഗ്ഷൻ, കരിപ്പാൽപടി, പ്രിയദർശിനി കോളനി, മരോട്ടിമൂട്ടിൽപടി, തുണ്ടത്തിൽപടി, കാത്താട്ടുകുള ജംഗ്ഷൻ, മലയിടത്ത് ജംഗ്ഷൻ	കിണറുകളുടെ ആഴം കൂട്ടണം. ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെടുത്തി പൈപ്പ്ലൈൻ എത്തിക്കണം.
2	ദേശക്കല്ലുംമൂട്, മണ്ടച്ചൻപാറ, ഉൾപ്രദേശങ്ങൾ	കിണർ ഇല്ലാത്തവർക്ക് നിർമ്മിക്കാൻ ധനസഹായം നൽകണം. പൊതുകിണർ വേണം. കുഴൽക്കിണർ വേണം.
3	കൊയ്പള്ളിമല, പോളച്ചിറ കോളനി	ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെടുത്തി പൈപ്പ്ലൈൻ എത്തിക്കണം. ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം വേണം.
4	കുന്നത്തുമല, വെള്ളാരംകുന്ന്	പൈപ്പ്ലൈൻ എത്തിക്കണം. കൂടുതൽ കിണറുകൾ വേണം. കുഴൽക്കിണറും മോട്ടോറും സ്ഥാപിക്കണം.
5	കൈതപ്പറമ്പ്, പൂവത്തിനാൽ, കുലശ്ശേരി, വട്ടയം, മൂലേമുക്ക്, ഇളംശൂരനാട്	കിണറുകളുടെ ആഴം കൂട്ടണം, കുഴൽക്കിണറുകൾ സ്ഥാപിക്കണം. കൂടുതൽ പൊതുകിണറുകൾ വേണം.
6	പടിക്കമുരുപ്പ്, മാങ്കോട്ട് മുരുപ്പ്, കിളിക്കോട്	ചിരണിക്കൽ ശുദ്ധജല പദ്ധതിയിൽനിന്ന് പൈപ്പ്ലൈൻ വഴി വെള്ളം എത്തിക്കുക.
7	മുരുകൻകുന്ന് കോളനി, അയനിക്കാ മുകൾ	കിണറില്ലാത്ത വീടുകൾക്ക് നിർമ്മിച്ചു നൽകണം. ഉള്ള കിണറുകൾക്ക് ആഴം കൂട്ടി ചുറ്റുമതിൽ കെട്ടണം.
8	വെള്ളപ്പാറ മുരുപ്പ്, കാടൻകുഴി, ദർഭക്കുഴി, മഹാത്മാ ഹരിജൻ കോളനി	പൊതുക്കിണർ വേണം. കിണർ ഇല്ലാത്തവർക്ക് നിർമ്മിച്ചു നൽകണം. പൈപ്പ്ലൈൻ സ്ഥാപിക്കണം.
9	പനയ്ക്ക മുരുപ്പ്, ചിരണിക്കൽ ലക്ഷംവീട് കോളനി	ആവശ്യത്തിന് കിണറുകൾ വേണം. ശുചീകരണം ആവശ്യമാണ്.
10	മാങ്കുട്ടംതെക്ക്, കുഴിക്കോട്ട്മല	എല്ലാ കുടുംബത്തിനും കിണറില്ല. പൊതുക്കിണർ വേണം.
11	പഞ്ചായത്ത് കോളനി, പൊടിവിള	പൈപ്പ്ലൈൻ സ്ഥാപിച്ച് വെള്ളം എത്തിക്കണം. കൂടുതൽ കിണറുകൾ വേണം.
12	ഉടയാൻകാവ്, കൊച്ചുതുണ്ടിൽപടി	കിണറുകൾ ആഴം കൂട്ടണം. കൂടുതൽ കിണറുകൾ കുഴിക്കണം.

പകർച്ചവ്യാധിവിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1993-94	160	23	15	17
1994-95	210	31	26	15
1995-96	230	38	29	12

ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച വിവരങ്ങൾ

വർഷം	ഇൻ പേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം)					
			ത്വക്ക് രോഗം	വാതരോഗം (എല്ലാ വിഭാഗവും)	പകർച്ച വ്യാധികൾ	വിഷചികിത്സ (പാമ്പുകടി etc.)	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	ഇല്ല	3068	56	144	165	ഇല്ല	2703	3068
1993-94	ഇല്ല	5038	67	123	215	ഇല്ല	4633	5038
1994-95	ഇല്ല	4719	103	218	282	ഇല്ല	4116	4719
1995-96	ഇല്ല	5470	83	183	309	ഇല്ല	4895	5470
ആകെ	ഇല്ല	18,295	309	668	971	ഇല്ല	16,347	18,295



8. സംസ്കാരം, കല

കേരളത്തിന്റെ വളരെ സമ്പന്നമായ സാംസ്കാരിക ചരിത്രത്തിൽ പ്രത്യേക ഏടുകൾ ഒന്നും എഴുതിച്ചേർക്കാൻ ഏഴംകുളത്തിനു കഴിഞ്ഞിട്ടില്ലെങ്കിലും ഉദാത്തമായ ആ സാംസ്കാരിക ധാരയിൽ അലിഞ്ഞു ചേരുവാനും, അതുൾക്കൊള്ളുവാനും അല്പം ചില്പം സംഭാവനകൾ നല്കുവാനും ഈ പഞ്ചായത്തിലെ ജനങ്ങൾക്കുകഴിഞ്ഞിട്ടുണ്ട്.

ഏഴംകുളം പ്രദേശത്ത് എന്നുമുതലാണ് മനുഷ്യവാസം ആരംഭിച്ചതെന്നതിനെപ്പറ്റി വ്യക്തമായ അറിവില്ല. പക്ഷേ ദ്രാവിഡ സംസ്കാരത്തിന്റെ ഒരു തുടർച്ചയുടെ പല ശേഷിപ്പുകളും ഏഴംകുളം പ്രദേശത്തുണ്ട്. പലസ്ഥലങ്ങളിലും കാണപ്പെടുന്ന ദേവീക്ഷേത്രങ്ങൾ അതിനുദാഹരണങ്ങളാണ്. പ്രത്യേകിച്ച് ഏഴംകുളം ദേവീക്ഷേത്രം ദ്രാവിഡ സംസ്കാരത്തിൽ കൃഷിയ്ക്ക് വലിയ പ്രാധാന്യമുണ്ടായിരുന്നതിനാൽ മനുഷ്യൻ നവീന ശിലായുഗത്തിലേയ്ക്കു പരിണമിക്കുകയും കൃഷിയിൽ കാൽവെപ്പുകൾ നടത്തുകയും ചെയ്തപ്പോൾ ദേവിയുടെ പ്രാധാന്യം വർദ്ധിച്ചു. ഓരോ വിളവെടുപ്പുത്സവങ്ങളും ഭൂമിദേവി ക്ഷീണിക്കുമെന്ന ദ്രാവിഡർ വിശ്വസിച്ചു. അതിനാൽ പുതിയ ജീവരക്തം നല്കി ദേവിയെ ഓജസ്വിനിയാക്കണം. ഇതിനുവേണ്ടിയാണ് മനുഷ്യരക്തം ബലിനല്കിയിരുന്നത്. അതിന്റെ തുടർച്ച ഇന്നും ഏഴംകുളം ക്ഷേത്രത്തിന്റെ ഉത്സവചടങ്ങുകളിൽ കാണാവുന്നതാണ്. തൂക്കവഴിപാട് ഏഴംകുളം ക്ഷേത്രത്തിലെ ഒരു പ്രധാന ചടങ്ങാണ്.

കേരളത്തിൽ ഇന്നും നടപ്പുള്ള നാടൻകളികളുടെയും കലകളുടെയും ഉറവിടം മദ്ധ്യശിലായുഗത്തിൽനിന്നാണെന്നാണ് പണ്ഡിതന്മാർ പറയുന്നത്. പുലികളി, കുമ്മാട്ടിക്കളി, കോൽകളി, വേലകളി, കുറവർകളി, വില്ലടിച്ചാൻപാട്ട്, കടുവാകളി തുടങ്ങിയവ ഉദാഹരണങ്ങളാണ്. ഈ കളികളിലും കലകളിലും നിഷ്ണാതരായവർ ഏഴംകുളം ഗ്രാമപഞ്ചായത്തിൽ ഉണ്ടായിരുന്നു. ചില ആശാന്മാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. നാടൻ കലാരൂപങ്ങളാൽ സമ്പന്നമാണ് ഈ പ്രദേശം. വേലകളി, കുറവർകളി, വില്ലടിച്ചാൻ പാട്ട്, കളവും പാട്ടും, പഞ്ചവാദ്യം, പാക്കനാരുകളി, മുടിയാട്ടം, കമ്പടികളി, രാമായണം പാട്ടുകളി, പരിചമുട്ട്, മാർഗ്ഗംകളി, കോൽകളി, തിരുവാതിര, കുമ്മിയടി പൂപ്പടതുള്ളൽ, സീതകളി, കടുവാകളി തുടങ്ങിയ കലകളിൽ പ്രവീണരായ ആളുകൾ ഈ പഞ്ചായത്തിലുണ്ട്. ഒരു കാലത്ത് വളരെ സജീവമായി അരങ്ങേറിയിരുന്ന നാടൻ കലാരൂപങ്ങൾ ഇപ്പോൾ ഓണക്കാല അരങ്ങുകളിൽ ഒതുങ്ങുന്നതുകൊണ്ട് പലരും ഈ രംഗം വിട്ടുകഴിഞ്ഞു. ആരും മുഴുവൻ സമയകാലപ്രവർത്തകരല്ല. കുലപരമായ പരമ്പരാഗത തൊഴിലിലോ അതല്ലെങ്കിൽ കാർഷിക, നിർമ്മാണ, വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് ഏർപ്പെടേണ്ടിവരുന്നു. അത് കലാപ്രവർത്തനത്തെ ബാധിക്കുന്നു. നാടൻ കലാരൂപങ്ങൾ വേണ്ടത്ര ഗൗരവത്തിൽ അഭ്യസിക്കാൻ പുതുതലമുറ രംഗത്തുവരാതിരിക്കുന്നതുമൂലം പല കലാരൂപങ്ങളും ഇപ്പോഴത്തെ ആശാന്മാരോടെ അവസാനിക്കാനുള്ള സാധ്യത ആധുനിക സംഗീത ഉപകരണങ്ങളുടെ കടന്നുവരവോടെ അവതരിപ്പിക്കപ്പെടുന്ന സംഗീതത്തിലാണ് യുവജനങ്ങൾക്ക് താല്പര്യം. ഇത് സാംസ്കാരിക അധഃപതനത്തിന്റെ ലക്ഷണമാണ്.

ഏഴംകുളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഭൂവുടമാ ബന്ധങ്ങൾക്കും ജാതിവ്യവസ്ഥയ്ക്കും സാമൂഹ്യ പരിഷ്കരണങ്ങൾക്കും വലിയ സ്ഥാനമുണ്ട്. മാറിമറിഞ്ഞ ഭൂവുടമാ ബന്ധങ്ങളുടെ ഒരു വലിയ ചിത്രം ഇവിടെ ദൃശ്യമല്ല. കാരണം ഇവിടെ മറ്റു പ്രദേശങ്ങളിലെപ്പോലെ ജന്മിമാർ ഒരു കാലത്തും ഉണ്ടായിരുന്നില്ല. പണ്ടുകാലത്തുണ്ടായിരുന്ന ജാതിവ്യവസ്ഥയുടെ കെടുതികളൊന്നും ചേരാതെ ഇവിടെയും നിലനിന്നിരുന്നു. പക്ഷേ അതിലും ഉല്പതിഷ്ണുക്കളായ ഉയർന്ന ജാതിക്കാർ ഉണ്ടായിരുന്നു. അവർ അവർണ്ണരെ തങ്ങളുടെ കൂടെയിരുന്നു പഠിക്കാൻ വരെ അനുവദിച്ചിരുന്നു. ഹോയ് ഹോയ് വിളിയില്ലാതെ പൊതുനിരത്തിൽ ഇറങ്ങി നടക്കാൻ കഴിയാതിരുന്ന കാലത്താണ് ഇതെന്നോർക്കണം. മുൻ എം.എൽ.എ. ആയ രാമലിംഗംസ്വാമിയുടെ അച്ഛനും അനുജന്മാരും ആ കുടുംബവുമാണ് അക്കാലത്തുതന്നെ വിപ്ലവകരമായ ഈ മാറ്റത്തിനു കളമൊരുക്കിയത്. ഹോയ്

ഹോയ് വിളികൾ ഇന്നും ചെവികളിൽ മുഴങ്ങി കേൾക്കുന്ന പ്രായമായവർ ഇവിടെയുണ്ട്. എഴുത്തുകളരികളിൽ അവർണ്ണരെ പ്രവേശിപ്പിച്ചിരുന്നില്ല. 1903 ൽ രൂപംകൊണ്ട ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെയും 1905 ൽ പുലയനായ അയ്യൻകാളിയുടെ നേതൃത്വത്തിൽ രൂപംകൊണ്ട സാധുജന പരിപാലന സംഘത്തിന്റെയും ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെയും ശ്രമഫലമായി ഈ സ്ഥിതിക്ക് പതുക്കെ പതുക്കെ മാറ്റങ്ങളുണ്ടായി. അതിന്റെ അല ഏഴംകുളം പ്രദേശത്തും ഉണ്ടായി. സാധുജന പരിപാലന സംഘത്തിന്റെ പ്രവർത്തനം വളരെ സജീവമായി ഉണ്ടായിരുന്ന ഒരുപ്രദേശമാണ് ഏഴംകുളം എന്നാണ് അതുമായി ബന്ധപ്പെട്ടിരുന്ന പഴമക്കാർ പറയുന്നത്. സാധുജന മിത്രാശ്രമം എന്നൊരു ആശ്രമംതന്നെ അവർ ഈ പ്രദേശത്ത് നടത്തിയിരുന്നു.

വിദ്യാഭ്യാസ രംഗത്ത് മിഷനറിമാർ നടത്തിയ പ്രവർത്തനങ്ങൾ എസ്.എൻ.ഡി.പി., സാധുജന പരിപാലന സംഘം, എൻ.എസ്.എസ്.,യോഗക്ഷേമ സഭ, സ്വാതന്ത്ര്യ പ്രസ്ഥാനം, കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ പ്രചരണം എന്നിവ സാംസ്കാരിക രംഗത്ത് ഒരു നവോത്ഥാനത്തിന് കളമൊരുക്കി. അതിന്റെ പ്രതിഫലനവും ഏഴംകുളത്ത് ദൃശ്യമായി. തീണ്ടൽ തൊടീൽ ഇല്ലാതായി. അവർണ്ണർക്കും സ്ക്കൂളുകളിൽ പ്രവേശനം ലഭിച്ചു. വിദ്യാഭ്യാസം സാമൂഹ്യവല്കരിക്കപ്പെടുകയും ചെയ്തു.

1957 ലെ ഇ.എം.എസ്. സർക്കാർ കൊണ്ടുവന്ന ഭൂപരിഷ്കരണംമൂലം കുടികിടപ്പുകാർക്ക് കൈവശാവകാശം ലഭിച്ചത് ഭൂമിയുടെ മേൽ അവകാശമില്ലാതിരുന്നവർക്കും അവർണ്ണ ജനവിഭാഗങ്ങൾക്കും സ്വന്തം ഭൂമി എന്ന സങ്കല്പത്തിന് സാക്ഷാത്കാരമായി. അത് സാംസ്കാരിക രംഗത്തും പ്രതിഫലിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ഇപ്പോൾ ഏറ്റവും കൂടുതൽ അരങ്ങേറപ്പെടുന്ന കലാപരിപാടികൾ നാടകം, കഥാപ്രസംഗം, ഗാനമേള എന്നിവയാണ്. പ്രധാനപ്പെട്ട വേദികളെല്ലാം നാടകം കയ്യേറിയിട്ടുണ്ട്. നാടകരംഗത്തും, കഥാപ്രസംഗരംഗത്തും, ഗാനമേളരംഗത്തും പ്രവർത്തിക്കുന്ന കലാകാരന്മാർ ഈ പഞ്ചായത്തിലുണ്ട്.

ദൃശ്യശ്രവ്യ കലാരൂപമെന്ന നിലയിൽ സിനിമ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകളും ഇഷ്ടപ്പെടുന്നു. രണ്ടു തീയറ്ററുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഉയർന്ന ഇടത്തരം വീടുകളിൽ ടെലിവിഷനും, വീഡിയോകാസറ്റ് പ്ലെയറും ഉണ്ട്. ടി.വി. യിൽ വരുന്ന സിനിമയും സീരിയലുകളും കാണാൻ വൻതിരക്കാണ്. ടി.വി. ഇല്ലാത്ത വീടുകളിലെ ആളുകൾ തൊട്ടടുത്ത് ടി.വി.യുള്ള വീട്ടിൽപോയി സിനിമ കാണാറുണ്ട്.

ഈ പഞ്ചായത്തിൽ 8 ഗ്രന്ഥശാലകളുണ്ട്. ഗ്രന്ഥശാലാ സംഘം ഗ്രാന്റ് ലഭിക്കുന്നത് 4 എണ്ണത്തിനു മാത്രമാണ്. ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമല്ലെങ്കിലും ഓരോഗ്രാമത്തിന്റെയും സാംസ്കാരിക കേന്ദ്രമായി അവ നിലകൊള്ളുന്നു. മിക്ക പ്രദേശങ്ങളിലും ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളുണ്ട്. ഓണക്കാലത്ത് മാത്രമായി അവയുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങൾ പൊതുവെ വായനാശീലമുള്ളവരാണ്. ഉയർന്ന ഇടത്തരം വീടുകളിൽ ദിനപത്രം വരുത്തുന്നുണ്ട്. ദിനപത്രം വരുത്താൻ കഴിവില്ലാത്തതിൽ കുറേപേർ മറ്റു രീതിയിൽ പത്രപാരായണം നടത്തുന്നുണ്ട്.

ഓണം ഇവിടുത്തെ മുഴുവൻ ജനവിഭാഗങ്ങളും ഇന്നും ആർഭാടമായിത്തന്നെ കൊണ്ടാടിവരുന്നു. ഏഴംകുളം ദേവീക്ഷേത്രത്തിലെ പ്രശസ്തമായ കുംഭഭരണി മഹോത്സവം, ഏനാത്ത് കളമല പള്ളിയിലെ ചന്ദനക്കുടം, മറ്റു ക്ഷേത്ര ഉത്സവങ്ങൾ, പള്ളിപെരുന്നാളുകൾ എന്നിവയിൽ സർവമതസ്ഥരും സജീവമായി പങ്കെടുക്കുന്നുണ്ട്.

പ്രമുഖരായ പല സംസ്കൃത പണ്ഡിതരും ഈ പഞ്ചായത്തിലുണ്ട്. ചെറുകഥ, കവിത, സംഗീതം, സിനിമ എന്നീ മേഖലകളിൽ കഴിവു തെളിയിച്ചവർ ഈ പഞ്ചായത്തിലുണ്ട്.

കായികരംഗം

ഈ പ്രദേശത്തെ യുവജനങ്ങൾക്ക് തങ്ങളുടെ കായികമായ കഴിവ് തെളിയിക്കാനുള്ള വേദികൾ ലഭിക്കുന്നത് ഓണക്കാലത്താണ്. കൂടാതെ, കേരളോത്സവം, ജില്ലാ അമച്വർ മീറ്റ് തുടങ്ങിയവയും ഉണ്ട്. കായികരംഗത്ത് യുവജനങ്ങൾക്ക് ഒരു പ്രോത്സാഹനവും ലഭിക്കുന്നില്ലെന്നതാണ് വാസ്തവം. അമച്വർ മീറ്റിൽ അഖിലേന്ത്യാതലത്തിൽ നടത്തത്തിന് മൂന്നാം സ്ഥാനം നേടിയ മത്തായി സഖറിയ ഈ പഞ്ചായത്തിന്റെ ഒരു പ്രതീക്ഷയാണ്. വനിതകളുടെ വിഭാഗത്തിൽ സംസ്ഥാന മീറ്റിൽ വരെ പങ്കെടുത്തവരും ഈ പഞ്ചായത്തിലുണ്ട്. അവരും ഈ പഞ്ചായത്തിന്റെ പ്രതീക്ഷകളാണ്.

പ്രശ്നങ്ങൾ

1. എല്ലാ വാർഡിലും ലൈബ്രറികൾ പ്രവർത്തിക്കുന്നില്ല. ഉള്ളവയുടെതന്നെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിലല്ല.
2. പ്രാചീന കലാരൂപങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല. കലാകാരന്മാർക്ക് അംഗീകാരം ലഭിക്കുന്നല്ല.
3. കലാകായിക സംഘടനകളുടെ പ്രവർത്തനം ഓണക്കാലത്ത് മാത്രമായിട്ടൊതുങ്ങുന്നു.
4. യുവജനങ്ങളുടെയും മുതിർന്നവരുടെയും കലാകായിക ശേഷി പ്രകടിപ്പിക്കാൻ വേണ്ടത്ര വേദികൾ ലഭിക്കുന്നില്ല.
5. പാഠ്യപദ്ധതിയിൽ കലയ്ക്കും സംസ്കാരത്തിനും വേണ്ടത്ര പ്രാധാന്യം ഇല്ല.

പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ വാർഡിലും ലൈബ്രറികൾ സ്ഥാപിക്കുക, ആവശ്യമായ പുസ്തകം ലഭ്യമാക്കുക, ഉള്ള ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
2. കലാ-കായിക-സാംസ്കാരിക സംഘടനകൾക്ക് ധനസഹായം നല്കുക.
3. പ്രാചീന കലാരൂപങ്ങൾ സംരക്ഷിക്കാൻ നടപടികളെടുക്കുക. കലാകാരന്മാർക്ക് സാമ്പത്തിക സഹായം നല്കുക.
4. കേരളോത്സവം പോലുള്ള പരിപാടികൾ ഭംഗിയായും ചിട്ടയായും സംഘടിപ്പിക്കുക.
5. പാഠ്യപദ്ധതിയിൽ കല, സംസ്കാരം, എന്നിവയ്ക്ക് നല്ല പ്രാധാന്യം നല്കുക.
6. കായിക താരങ്ങൾക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നല്കുക.
7. പഞ്ചായത്തിന്റെ ചുമതലയിൽ ഒരു നാടൻ കലാ കളരി സ്ഥാപിക്കുക.



ലൈബ്രറികളെ സംബന്ധിച്ച വിവരങ്ങൾ

പേര്	സ്ഥാപിച്ച വർഷം	ഗ്രേഡ്
ഏഴംകുളം പബ്ലിക് ലൈബ്രറി & റീഡിംഗ് റും	1952	A
ഏഴംകുളം പഞ്ചയത്ത് ലൈബ്രറി & റീഡിംഗ് റും	1952	B
ദേശീയ ജനതാ വായനശാല, ഏനാത്ത് (രജി.ന. 1299)	1954	
പഞ്ചായത്ത് സാംസ്കാരിക നിലയം, കൈതപ്പറമ്പ്	1994	
പട്ടികജാതി വെൽഫെയർ ലൈബ്രറി, പുതുമല		
പട്ടികജാതി വെൽഫെയർ ലൈബ്രറി അറുകാലിക്കൽ പടിഞ്ഞാറ്		
ജനകീയ വായനശാല, പാലമുക്ക് (രജി.ന. 5330)	1978	

അധികാരം ജനങ്ങളിലേക്ക്

D. സഹകരണം

ഏഴംകുളം ഗ്രാമപഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് 72 വർഷത്തെ ചരിത്രം അവകാശപ്പെടാനുണ്ട്. 1924ൽ (മലയാളവർഷം - 1100) ഏഴംകുളം, പറക്കോട് പ്രദേശങ്ങളിലെ സഹകാരികൾ ചേർന്ന് തുടക്കം കുറിച്ച പറക്കോട് സർവ്വീസ് സഹകരണബാങ്കാണ് ഈ മേഖലയിലെ ആദ്യത്തെ പ്രസ്ഥാനം. അടൂർ മുനിസിപ്പാലിറ്റി പ്രദേശത്താണ് ബാങ്ക് സ്ഥിതി ചെയ്യുന്നതെങ്കിലും ഏഴംകുളം 7,8,9,11,12 വാർഡുകൾ സംഘത്തിന്റെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നു.

ഏഴംകുളം പട്ടികജാതി സർവ്വീസ് സഹകരണസംഘം 1925ൽ ഈ പ്രദേശത്തെ പട്ടികജാതിക്കാർ ചേർന്ന് ആരംഭിച്ചതാണ്. കേരളത്തിലും പത്തനംതിട്ട ജില്ലയിൽ തന്നെയും സഹകരണമേഖലരൂപംകൊണ്ടുതുടങ്ങിയകാലത്ത് ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ ഇത്തരം ഒരു പ്രസ്ഥാനം തുടങ്ങാൻ മുൻകൈ എടുത്തു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

1945ൽ രൂപംകൊണ്ട ഏനാത്ത് സർവ്വീസ് സഹകരണബാങ്ക് 1947ൽ രൂപംകൊണ്ട നെടുമൺ സർവ്വീസ് സഹകരണബാങ്ക് എന്നിവയും ഈ പഞ്ചായത്തിന്റെ സഹകരണ ചരിത്രത്തെ ധന്യമാക്കുന്നു.

വിവിധ മേഖലയിൽ പ്രവർത്തിച്ചുവരുന്ന 10 സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുണ്ട്.

നെടുമൺ സർവ്വീസ് സഹകരണബാങ്ക്.

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ നെടുമൺ അറുകാലിയ്ക്കൽ കിഴക്ക് പ്രദേശങ്ങൾ പ്രവർത്തനപരിധിയിൽ ഉൾപ്പെടുന്ന ഈബാങ്കിന്റെ ആദ്യത്തെ പേര് നെടുമൺ ദേശോദ്ധാരണ സംഘം എന്നായിരുന്നു. 1971ൽ സഹകരണബാങ്കായി അംഗീകാരം ലഭിച്ചു. 5502 ആംഗങ്ങളുള്ള ബാങ്കിന് 27216100 രൂപ പിരഞ്ഞുകിട്ടിയ ഓഹരിമൂലധനമുണ്ട്. 54110792 രൂപ സ്ഥിരനിക്ഷേപമുള്ള ബാങ്ക് 375896142 രൂപ വായ്പ നൽകിയിട്ടുണ്ട്. തുടർച്ചയായി 27 വർഷം ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. രണ്ട് കൺസ്യൂമർ സ്റ്റോറുകൾ, രണ്ട് റേഷൻ ഡിപ്പോ, ഒരു ടെക്സ്റ്റൈൽ, രണ്ടു വളം ഡിപ്പോകൾ എന്നിവ ബാങ്കിന്റെ അനുബന്ധപ്രവർത്തനങ്ങളായി നടന്നു വരുന്നു.

ഏനാത്ത് സർവ്വീസ് സഹകരണബാങ്ക്

ഏനാത്ത് രണ്ടും, മൂന്നും വാർഡുകൾ ഇളംഗമംഗലം, കടിക എന്നീ പ്രദേശങ്ങളാണ് ബാങ്കിന്റെ പ്രവർത്തന മേഖല. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 1488406 രൂപയാണ്. 23256810 രൂപ നിക്ഷേപമുള്ള ബാങ്ക് 15644892 രൂപ വായ്പ നൽകിയിട്ടുണ്ട്. ടെക്സ്റ്റൈൽ, വളംഡിപ്പോ, മാവേലിസ്റ്റോർ എന്നിവകൾ അനുബന്ധപ്രവർത്തനങ്ങളായി നടന്നുവരുന്നു.

പറക്കോട് സർവ്വീസ് സഹകരണ ബാങ്ക്

അടൂർ മുനിസിപ്പാലിറ്റി പ്രദേശത്താണ് ബാങ്ക് സ്ഥിതിചെയ്യുന്നതെങ്കിലും ഏഴംകുളം 7,8,9,11,12 വാർഡുകൾ ബാങ്കിന്റെ പ്രവർത്തന മേഖലയിൽ പെടുന്നു. പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം 189677375 രൂപയാണ്. 6185542945 രൂപയുടെ നിക്ഷേപമുണ്ട്. 40517838265 രൂപ വായ്പയായി നൽകിയിട്ടുണ്ട്. ബാങ്കിന്റെ ചുമതലയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ, വളം-കീടനാശിനി വില്പനശാല എന്നിവ പ്രവർത്തിച്ചുവരുന്നു.

ഏഴംകുളം ക്ഷീരോല്പാദകസംഘം

1978ൽ പ്രവർത്തനമാരംഭിച്ച ഏഴംകുളം ക്ഷീരോല്പാദകസംഘം തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു. 496 അംഗങ്ങൾ ബാങ്കിനുണ്ട്. ദിനംപ്രതി 650 ലിറ്റർ പാൽ ശേഖരിച്ച് വില്പന നടത്തിവരുന്നു. പാലൻ അനുബന്ധ ഉല്പന്നങ്ങളുടെ ഉല്പാദനവും ആരംഭിച്ചിട്ടുണ്ട്.

ഏനാത്ത് ക്ഷീരോല്പാദകസംഘം

1979ൽ പ്രവർത്തനമാരംഭിച്ച ഏനാത്ത് ക്ഷീരോല്പാദകസംഘം 175 ലിറ്റർ പാൽ സംഭരിച്ച് വിതരണം ചെയ്യുന്നു.

ജനകീയാസൂത്രണം 1996 68 ഏഴംകുളം ഗ്രാമപഞ്ചായത്ത്

ഏനാത്ത് കൺസ്യൂമേഴ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി

1974ൽ പ്രവർത്തനം തുടങ്ങിയസംഘത്തിൽ 542 അംഗങ്ങളുണ്ട്. 51100 രൂപ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനമുള്ള സംഘം കൺസ്യൂമർസ്റ്റോർ, തുണിക്കട എന്നിവ നടത്തിവരുന്നു.

എക്സ് സർവ്വീസ് മെൻസ് സൊസൈറ്റി

അടൂർ താലൂക്ക് പ്രവർത്തന പരിധിയിലുള്ള എക്സ് സർവ്വീസ് മെൻസ് സൊസൈറ്റി ഏഴംകുളം പഞ്ചായത്ത് ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്നു. 1961ൽ പ്രവർത്തനമാരംഭിച്ച സംഘത്തിന് 20037345 രൂപ നിക്ഷേപമുണ്ട്. 18500 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനമുള്ള സൊസൈറ്റി റബ്ബർ വ്യാപാരം, വളം വ്യാപാരം എന്നിവ അനുബന്ധപ്രവർത്തനങ്ങളായി നടത്തിവരുന്നു.

ഏഴംകുളം പട്ടികജാതി സർവ്വീസ് സഹകരണ സംഘം

735 അംഗങ്ങളുള്ള ഏഴംകുളം പട്ടികജാതി സർവ്വീസ് സഹകരണ ബാങ്കിന് 14000 രൂപ പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനവും 64000 രൂപ വായ്പയായും നൽകിയിട്ടുണ്ട്. ടൈപ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട്, ഹയറിംഗ് സെന്റർ, പവർ ട്രില്ലർ വാടകയ്ക്ക് നൽകൽ എന്നിവ അനുബന്ധപ്രവർത്തനങ്ങളായി നടന്നു വരുന്നു.

പട്ടികജാതി സർവ്വീസ് സഹകരണ സംഘം – അറുകാലിയ്ക്കൽ പടിഞ്ഞാറ്.

ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ സജീവമല്ല.

സാദ്ധ്യതകളും നിർദ്ദേശങ്ങളും സഹകരണ ബാങ്ക്മേഖല.

1. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷികവായ്പ്പാപരിധി ഉയർത്തി നൽകേണ്ടിയിരിക്കുന്നു.
2. കാർഷികാവശ്യത്തിനായി നബാഡിൽനിന്നും കൺസഷനൽ ഫിനാൻസ് യഥാസമയം അനുവദിക്കുവാൻ നടപടിയുണ്ടാവണം.
3. നെൽക്കൃഷി നാമമാത്രമായി മാറുന്ന പശ്ചാത്തലത്തിൽ നെൽക്കൃഷിക്കാരെ സഹായിക്കുവാൻ ബാങ്കുകൾ യോജിച്ച പദ്ധതികൾ ആസൂത്രണം ചെയ്യണം.
4. സ്വയം തൊഴിൽ സംരംഭകരെ സഹായിക്കുവാൻ സഹകരണബാങ്കുകൾ പ്രവർത്തനപദ്ധതി തയ്യാറാക്കണം.
5. എല്ലാ സൗകര്യങ്ങളോടുകൂടിയ ഒരു ഹോസ്പ്പിറ്റൽ, കോളേജ് എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കാനുള്ള സാദ്ധ്യതകൾ ആരായണം.
6. ഭവന നിർമ്മാണ മേഖലയിൽ പുതിയ സംഘം ആരംഭിക്കുന്നതുവരെ സഹകരണബാങ്കുകൾ കെട്ടിടനിർമ്മാണം, പുതുക്കിപ്പണി എന്നിവയ്ക്ക് ആവശ്യമായ വായ്പ ലഭ്യമാക്കണം.
7. സ്ത്രീകളുടെ അംഗത്വം സഹകരണബാങ്കുകളിൽ പൊതുവേ കുറവായി കാണുന്നു. കൂടുതൽ സ്ത്രീകളെ അംഗങ്ങളായി ചേർക്കുകയും സ്ത്രീകൾക്കായി കുടിൽവ്യവസായാടിസ്ഥാനത്തിൽ തുടങ്ങാവുന്ന റെഡിമെയ്ഡ് വസ്ത്രനിർമാണം, മെഴുകുതിരിനിർമാണം, അലങ്കാരവസ്തുനിർമാണം എന്നിവയ്ക്ക് വായ്പനൽകുകയും, വിൽപനമേളകൾ നടത്തുകയും വേണം.
8. കൃഷിവകുപ്പുമായി യോജിച്ച് കാർഷികവിളകൾ സംഭരിച്ച് കർഷകർക്ക് ന്യായമായ വിലലഭിക്കുവാൻ വഴിയൊരുക്കണം.
9. സർക്കാർ തലത്തിൽ അനുവദിക്കുന്ന പലിശസബ്സിഡി വായ്പ എടുത്തിട്ടുള്ളവർക്കും യഥാസമയം അനുവദിച്ചുകിട്ടാൻ നടപടിവേണം.
10. നിക്ഷേപസമാഹരണത്തിന് സഹകരണബാങ്കുകൾ കൂടുതൽ പ്രവർത്തനങ്ങൾ നടത്തണം.
11. കാലാവധികഴിഞ്ഞ നിക്ഷേപങ്ങൾ തിരികെ ഈടാക്കാൻ അടിയന്തിരനടപടി വേണം.
12. സഹകരണ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങളെയും സാദ്ധ്യതകളും ചർച്ച ചെയ്യുവാൻ പൊതുവേദിയൊരുക്കണം.

ഏഴംകുളം ഗ്രാമപഞ്ചായത്ത് 69 ജനകീയാസൂത്രണം 1996

ക്ഷീരവ്യവസായ സംഘങ്ങൾ സാദ്ധ്യതകൾ നിർദ്ദേശങ്ങൾ

1. നല്ലയിനം പശുക്കളെ വാങ്ങാനും തൊഴുത്ത് നിർമ്മിക്കാനും അംഗങ്ങൾക്ക് ഉദാരമായി വായ്പനൽകണം.
2. ഗുണമേന്മയുള്ള പാൽ ലഭ്യമാക്കുന്നതിൽ കൂടുതൽ ശ്രദ്ധവേണം.
3. കൂടുതൽ പാൽസംഭരണ കേന്ദ്രങ്ങൾ തുറക്കണം.
4. കന്നുകാലിത്തീറ്റയും നിയന്ത്രിത വിലയ്ക്ക് കൃത്യമായി നൽകണം.
5. കന്നുകാലി സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥന്മാരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കുകയും കന്നുകാലി രോഗങ്ങൾക്കുള്ള മരുന്നുകൾ ലഭ്യമാക്കാനും നടപടിവേണം.
6. ചത്തുപോകുന്ന കന്നുകാലികളുടെ ഉടമസ്തർക്ക് ഉടൻ നഷ്ടപരിഹാരം നൽകണം.
7. പാൽ കവറിലാക്കിവിൽക്കാനും പാൽ ഉല്പന്നങ്ങൾ നിർമ്മിക്കാനും ആധുനിക യന്ത്രോപകരണങ്ങൾ സ്ഥാപിക്കണം.
8. എല്ലാ അംഗങ്ങൾക്കും സ്റ്റീൽ ക്യാനുകൾ നൽകണം.

കൺസ്യൂമർ സഹകരണസംഘങ്ങൾ – സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. ഉപഭോക്തൃസഹകരണ സെക്ടറിലേയ്ക്ക് ഒരു പ്രത്യേക ഫണ്ട് സംസ്ഥാന സഹകരണബാങ്ക് നീക്കിവയ്ക്കുകയും ജില്ലാസഹകരണബാങ്ക് മുഖേന ലഭ്യമാക്കുകയും ചെയ്യുക..
2. ഉല്പാദന കേന്ദ്രങ്ങളിൽനിന്ന് സാധനങ്ങൾ നിശ്ചിത കോട്ടാ സംസ്ഥാന ഉപഭോക്തൃ സഹകരണ ഫെഡറേഷൻ സംഭരിച്ച് ജില്ലാ സ്റ്റോറുകൾവഴി പ്രാഥമിക സ്റ്റോറുകൾക്ക് വിതരണം ചെയ്യുക.
3. സഹകരണ ബാങ്കുകൾ ഏജൻസി വ്യവസ്ഥയിൽ നടത്തുന്ന ഉപഭോക്തൃ ശാഖകൾമാറ്റി സർവ്വീസ് സംഘങ്ങളുടെ പൂർണ്ണമായ നിയന്ത്രണത്തിൽതന്നെ ശാഖകൾ കാര്യക്ഷമമായി നടത്തുക.
4. ഉപഭോക്തൃ സംഘങ്ങൾ അനുബന്ധമായി പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയും സംഭരിച്ച് വിൽക്കുക.
5. ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനമൂലധനം പരിമിതമായതിനാൽ വർദ്ധിപ്പിക്കണം.

എക്സ് സർവ്വീസ്മെൻസ് സൊസൈറ്റി – സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. സംഘത്തിന്റെ പ്രവർത്തനം ഇപ്പോൾ റബ്ബർ, വളം എന്നിവയുടെ വ്യാപാരത്തിൽമാത്രം ഒതുങ്ങിനിൽക്കുന്നു. വിമുക്ത ഭടന്മാരുടെ ക്ഷേമത്തിനായി പൊതുപരിരാടികൾ നടപ്പിലാക്കണം.
2. താലൂക്കിൽ സ്ഥിരതാമസക്കാരായ എല്ലാ വിമുക്തഭടൻന്മാരെയും സംഘത്തിൽ അംഗങ്ങളാക്കിചേർക്കുക.
3. സംഘത്തിന്റെ ചുമതലയിൽ ഒരു ഡ്രൈവിംഗ്സ്ക്കൂൾ ആരംഭിക്കുക.
4. ടാക്സി, ഓട്ടോറിക്ഷാ തുടങ്ങിയവ വാങ്ങുന്നതിന് ആവശ്യമായ വായ്പനൽകുക.
5. പല സ്വകാര്യസ്ഥാപനങ്ങളും വിമുക്ത ഭടന്മാരെ സെക്യൂരിറ്റി സ്റ്റാഫായി ആവശ്യപ്പെടുന്നുണ്ട്. അംഗങ്ങളിൽനിന്ന് സെക്യൂരിറ്റി സ്റ്റാഫിനേയും ഡ്രൈവർമാരെയും തെരഞ്ഞെടുത്ത് ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് ശുപാർശചെയ്യുന്നതിന് ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആയി പ്രവർത്തിക്കുക.
6. പ്രവർത്തന സമിതികൾക്കായി വേണ്ട മൂലധനം ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ചെറിയ പലിശനിരക്കിൽ ലഭ്യമാക്കുക.

സാദ്ധ്യതകൾ നിർദ്ദേശങ്ങൾ – പിന്നോക്ക വിഭാഗക്കാർക്കായുള്ള സൊസൈറ്റികൾ.

1. ഏഴംകുളം പട്ടികജാതി സർവ്വീസ് സഹകരണ സംഘവും അറുകാലിക്കൽ പടിഞ്ഞാറ് പട്ടികജാതി സർവ്വീസ് സഹകരണ സംഘവുമാണ് ഏഴംകുളം പഞ്ചായത്തിൽ ഈ

മേഖലയിൽ നിലവിലുള്ളത്. ഇതിൽ അറുകാലിക്കൽ പടിഞ്ഞാറ് സംഘം ഇപ്പോൾ സജീവാവസ്ഥയിലല്ല. സംഘം പുനരുദ്ധീകരിക്കാൻ ശ്രമിക്കണം.

2. ഏഴംകുളം പട്ടികജാതി സംഘത്തിന്റെ പ്രവർത്തനങ്ങൾ വായ്പാ ഇതര മേഖലകളിൽ കൂടുതൽ സജീവമാകണം.
3. അംഗങ്ങളുടെ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം ചെയ്യുന്നതിന് ഏഴംകുളം അഗ്രികൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഏജൻസിയായി പ്രവർത്തിക്കുക.
4. അംഗങ്ങൾക്ക് ചെറുകിട വ്യവസായപദ്ധതികൾ ആരംഭിക്കുന്നതിന് ആവശ്യമായ ധനസഹായവും സേവനവും നൽകുക.
5. പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക.

കാർഷിക വിപണനസംഘങ്ങൾ

1. പറക്കോട് ബ്ലോക്ക് പ്രദേശം പ്രവർത്തനപരിധിയായ പറക്കോട് അഗ്രികൾച്ചർ മാർക്കറ്റിംഗ് സൊസൈറ്റിയാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. പഞ്ചായത്ത് പ്രദേശത്ത് സൊസൈറ്റിക്ക് ഭരണ കേന്ദ്രങ്ങളില്ല. സംഭരണകേന്ദ്രം തുടങ്ങണം.
2. നാളികേരം, കുരുമുളക്, കശുവണ്ടി, അടയ്ക്ക, റബ്ബർ എന്നിവസംഭരിച്ച് കർഷകർക്ക് ന്യായമായ വില ലഭിക്കത്തക്കരീതിയിൽ ഏഴംകുളം തൊടുവക്കാട് പ്രദേശത്ത് ഒരു ഡിപ്പോ തുടങ്ങാൻ ആവശ്യമായ സ്ഥലം ഉള്ളത് ഉപയോഗിക്കണം.
3. സംഘത്തിന്റെ ഓഹരി വിലകുറവായികാണുന്നു. ഓഹരി വില വർദ്ധിപ്പിക്കണം.
4. കാർഷികോപകരണങ്ങൾ അംഗങ്ങൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
5. കൃഷിവകുപ്പുമായി യോജിച്ച് ഭഷ്യവിളകൾ ഉല്പാദിപ്പിക്കുന്നവർക്ക് ആവശ്യമായ സഹായം നൽകണം.

സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	പ്രവർത്തന മേഖല	അംഗസംഖ്യ
1. നെടുമൺ സർവ്വീസ് സഹകരണസംഘം (No. 2720)	1947	നെടുമൺ, അറുകാലിക്കൽ കിഴക്ക്	5502
2. ഏനാത്ത് സർവ്വീസ് സഹകരണബാങ്ക് (No. 2529)	1945	ഏനാത്ത്, ഇളംഗമംഗലം കടിക	5731
3. പറക്കോട് സർവ്വീസ് സഹകരണ സംഘം (No. 821)	1924	ഏഴംകുളം പഞ്ചായത്തിലെ 7, 8, 9, 11, 12 വാർഡുകൾ	8679
4. ഏഴംകുളം ക്ഷീരോല്പാദക സഹകരണ സംഘം Q 41 (D)	1978	ഏഴംകുളം, നെടുമൺ	496
5. ഏനാത്ത് ക്ഷീരോല്പാദക സഹകരണ സംഘം (Q 57.D)	1979	ഏനാത്ത്, ഇളംഗമംഗലം	
6. ഏനാത്ത് കൺസ്യൂമേഴ്സ് സഹകരണസംഘം	1974	ഏഴംകുളം പഞ്ചായത്ത്	542
7. അടൂർ എക്സ്-സർവ്വീസ്മെൻസ് സഹകരണ സംഘം Q 205	1961	അടൂർ താലൂക്ക്	264
8. ഏഴംകുളം പട്ടികജാതി സർവ്വീസ് സഹകരണസംഘം ചിരണിക്കൽ (No.1277)	1925	ഏഴംകുളം പഞ്ചായത്ത്	735
9. ഏഴംകുളം അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണസംഘം (No. 2205)	1969	പറക്കോട് ബ്ലോക്ക്	1458
10. പട്ടികജാതി സർവ്വീസ് സഹകരണ സംഘം അറുകാലിക്കൽ പടിഞ്ഞാറ്			

E. വനിതാക്ഷേമം

കേരളത്തിലെ പൊതുസ്ഥിതിപോലെ തന്നെ ഏഴംകുളം ഗ്രാമപഞ്ചായത്തിലും ജനസംഖ്യയിൽ സ്ത്രീകളാണ് മുൻപന്തിയിൽ നില്ക്കുന്നത്. 15651 സത്രീകളുള്ളപ്പോൾ 14925 പുരുഷന്മാരാണ് ഉള്ളത്. അതായത് ജനസംഖ്യയിൽ 51.2% സ്ത്രീകളാണ്.

കേരളത്തിലെ സ്ത്രീകൾക്ക് ഇന്ന് പൊതുവേ അനുഭവപ്പെടുന്ന പ്രശ്നങ്ങൾതന്നെയാണ് ഇ[illegible] സ്ത്രീകളുടെ മുമ്പിലുള[illegible]ന സ്ത്രീപീഡനങ്ങൾ, രൂ[illegible]ല്ലായ്മ, സ്ത്രീ [illegible] പ്രശ്നങ്ങ[illegible]വില്ലായ്മ, രീ[illegible] ജോലിക്ക[illegible]വേതന മില്ലായ്മ [illegible] ആരോഗ്യ കുടുംബ പ്രശ്നങ്ങൾ [illegible] സാംസ്കാരിക മേഖലകളിൽ [illegible]ടെ പങ്കാളിത്തമില്ലായ്മ [illegible] ത്തിൽത്തന്നെ ശ്രദ്ധിക്കേണ്ട പ്രശ്നങ്ങൾ [illegible] യാസുത്രണ പ്രക്രിയയിൽ സ്ത്രീകളുടെ [illegible] പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ ഒരു [illegible] വരെ പരിഹരിക്കാൻ കഴിഞ്ഞേക്കും. [illegible] ബോധപൂർവ്വമായ ശ്രമം നടത്തേണ്ടിയിരിക്കുന്നു.

1996ൽ നടത്തിയ കേരള സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ ഈ പഞ്ചായത്തിൽ നേതൃത്വം നല്കിയവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. എല്ലാ വാർഡുകളിലും സ്ത്രീകളുടെ ഒരു ഉയർന്ന പങ്കാളിത്തം ആ പ്രസ്ഥാനത്തിനുണ്ടായിരുന്നു. അവയെ ചെറിയ ചെറിയ സഹകരണ പ്രസ്ഥാനങ്ങളായി വളർത്തിയെടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ സ്ത്രീകൾ അനുഭവിയ്ക്കുന്ന ചില പ്രശ്നങ്ങൾക്ക് പരിഹാരം അതിലൂടെ ഉണ്ടാക്കിയെടുക്കാൻ കഴിയുമായിരുന്നു.

ഏഴംകുളം പഞ്ചായത്തിലെ വിവിധ ചെറിയ വ്യവസായ യൂണിറ്റുകളിലും മറ്റ് കാർഷിക തൊഴിലുകളിലും ധാരാളം സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ട്. കശുവണ്ടി, സോപ്പ് ഫാക്ടറികളിൽ പണിയെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. ഏതാണ്ട് രണ്ടായിരത്തോളം സ്ത്രീകളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. വലിയ ചൂഷണത്തിന് വിധേയരാണ് ഈ സ്ത്രീകൾ. തൊഴിൽ ദിനങ്ങളുടെ കുറവ്, തൊഴിൽശാലയിൽ അനാരോഗ്യകരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യേണ്ടിവരിക, അസംഘടിതരായതിനാൽ കുറഞ്ഞ കൂലിക്ക് അദ്ധ്വാനം വില്ക്കേണ്ടിവരിക തുടങ്ങിയ പ്രശ്നങ്ങൾ ഗൗരവാവഹംതന്നെയാണ്.

കാർഷിക തൊഴിൽ മേഖലയിൽ ഏതാണ്ട് ആയിരത്തോളം പേർ ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. തൊഴിൽദിനങ്ങളുടെ കുറവും തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കാത്തതും ഇവർ നേരിടുന്ന പ്രശ്നങ്ങളാണ്. റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം, കെട്ടിട നിർമ്മാണം തുടങ്ങിയ മറ്റ് തൊഴിൽ മേഖലകളിലും പ്രവർത്തിയെടുക്കുന്നവരിൽ [illegible]തലും സ്ത്രീകളാണ്. [illegible]തണ്ട് ആയിരത്തോളം സ്ത്രീകൾ ഇത്തരം [illegible]തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ടെന്നാണ് കണക്ക്. [illegible]ക്കും സ്ഥിരമായി തൊഴിൽ ലഭിക്കാറില്ല. [illegible]പുരുഷന്മാരേക്കാൾ കുറഞ്ഞ കൂലിയാണ് ഇവർക്ക് നിശ്ചയിച്ചിട്ടുള്ളത്. തൊഴിൽ ലഭ്യമല്ലാതാവുമ്പോൾ ഇവരുടെ കുടുംബഭദ്രതയാകെ [illegible] തന്നെയും തെയിൽ മേഖലയിൽ നൂറോളം സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ട്.

അദ്ധ്യാപകവൃത്തി, വിവിധ സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ, ഗ്രാമസേവകർമാർ, എൻജിനീയർമാർ, മറ്റ് സാങ്കേതിക മേഖലകളിൽ പ്രവർത്തിക്കുന്നവർ എന്നിങ്ങനെയുള്ള സ്ത്രീകളുടെ കൃത്യമായ കണക്ക് ലഭ്യമല്ലെങ്കിലും ഇരുന്നൂറിൽ താഴെ മാത്രമേ വരൂ. ആരോഗ്യ (നഴ്സിംഗ്) മേഖലയിൽ കുറെ സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ട്. കേരളത്തിന് വെളിയിലും, ഗൾഫിലും കുറെ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. സ്വയം തൊഴിൽ കണ്ടെത്തിയ കുറെ സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. ഒരു വനിതാ സഹകരണസംഘവും ഇവിടെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. മഹിളാ സമാജങ്ങൾ, രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വനിതാ വിഭാഗങ്ങൾ



എന്നിവയുടെ പ്രവർത്തനം സജീവമല്ലെങ്കിലും തൃപ്തികരമാണ്. വിദ്യാഭ്യാസരംഗത്ത് സ്ത്രീകൾ പിന്തള്ളപ്പെടുന്നു എന്ന് പരാതിയുണ്ടെങ്കിലും എല്ലാ പെൺകുട്ടികളേയും സ്കൂളിൽ ചേർക്കുന്നുണ്ട്. സ്കൂളിൽ ചേർക്കാതെ വിട്ടുപോകുന്ന പെൺകുട്ടികൾ ഈ പഞ്ചായത്തിലില്ല. പെൺകുട്ടികളുടെ കൊഴിഞ്ഞുപോകലിന്റെ ശതമാനവും കുറവാണ്. മിക്ക പെൺകുട്ടികളും പ്രീഡിഗ്രി വിദ്യാഭ്യാസവും അതിലുപരിയും കഴിഞ്ഞവരാണ്. പക്ഷേ, സാങ്കേതിക വിദ്യാഭ്യാസമേഖലയിലും തൊഴിൽരംഗത്തും ഇവർ പിന്തള്ളപ്പെടുന്നു. ടൈപ്പ് റൈറ്റിംഗും ഷോർട്ട് ഹാന്റും ധാരാളം സ്ത്രീകൾ പഠിക്കുന്നുണ്ടെങ്കിലും ആ മേഖലയിലേക്ക് പുരുഷന്മാർ കടന്നുകയറിയത് ഇവരുടെ തൊഴിൽ സാദ്ധ്യതയ്ക്ക് മങ്ങലേൽപ്പിച്ചിട്ടുണ്ട്.

ഇലക്ട്രോണിക്സ്, കംപ്യൂട്ടർ മേഖലയിലും ധാരാളം സ്ത്രീകൾ പരിശീലനം നേടുന്നുണ്ട്. പക്ഷേ ആ മേഖലയിലെ തൊഴിൽരംഗത്തും അവർ പിന്തള്ളപ്പെടുന്നു. അത് സ്ത്രീകളുടെ സാമൂഹ്യ സാഹചര്യം ഉയരാത്തതുകൊണ്ടും സ്ത്രീകൾക്ക് സമൂഹത്തിൽ പല വിലക്കുകളും നിലനില്ക്കുന്നതുകൊണ്ടുമാണ്. അത് മാറ്റാൻ കൂട്ടായ പരിശ്രമം ആവശ്യമാണ്. ജനകീയാസൂത്രണ പരിപാടിയിലൂടെ ഈ പ്രശ്നങ്ങൾക്ക് കാലാന്തരത്തിൽ പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളത്തിലെ സ്ത്രീകളുടെ പൊതുസ്ഥിതി മെച്ചപ്പെടുന്നതിലൂടെ മാത്രമേ ഈ പഞ്ചായത്തിലേയും സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരമാവൂ. ഈ പഞ്ചായത്തിന്റെ വിവിധ ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ഏറെ ശ്രദ്ധ ആവശ്യപ്പെടുന്നവതന്നെയാണ്.

പ്രശ്നങ്ങൾ

1. സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ അഥവാ തൊഴിൽ പങ്കാളിത്തക്കുറവ്.
2. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ നാമമാത്രമായ പങ്കാളിത്തം.
3. ആർഭാടങ്ങൾ, ആർഭാടവസ്തുക്കൾ എന്നിവയ്ക്കായി വീട്ടമ്മമാർ അനാവശ്യമായി ധനം വിനിയോഗിക്കുന്നു.
4. വ്യാജമദ്യം, മയക്കുമരുന്ന് എന്നിവമൂലം കുടുംബ സമാധാനം നഷ്ടപ്പെടുന്നു.
5. സ്ത്രീകളുടെ ക്ഷേമകാര്യങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും പരസ്പര പൂരകമായിത്തീരുന്ന തരത്തിലുള്ള സമഗ്ര ബോധവൽക്കരണത്തിലുള്ള അഭാവം.
6. സത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പഞ്ചായത്തുതലത്തിലുള്ള സെല്ലുകളുടെ അഭാവം.
7. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം.
8. പ്രധാന ജംഗ്ഷനുകളിലും ബസ് സ്റ്റോപ്പുകളിലും സ്ത്രീകൾക്കായുള്ള കംഫർട്ട് സ്റ്റേഷനുകളുടെ അഭാവം.
9. പരിസര ശുചിത്വം, പകർച്ചവ്യാധികൾ എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണത്തിന്റെ അഭാവം.
10. വനിതാ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ഇല്ലാത്ത അവസ്ഥ.
11. വായനാശീലക്കുറവ്.
12. സ്ത്രീധന സമ്പ്രദായം, സ്ത്രീപീഢനം, അശ്ലീല പോസ്റ്ററുകളുടെ പ്രദർശനം.
13. തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് താമസ സൗകര്യങ്ങൾ (ഹോസ്റ്റൽ) ഇല്ല.
14. വേതനത്തിലുള്ള വ്യത്യാസങ്ങൾ.
15. വനിതാ പോലീസിന്റെ അഭാവം.
16. തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അവഗണനയും ചൂഷണവും.
17. അനാഥ സ്ത്രീകൾക്ക് താമസിക്കാനുള്ള സൗകര്യമില്ലായ്മ.
18. പാർപ്പിടങ്ങളുടെ അഭാവം.
19. അഗതികൾ, വിധവകൾ, വികലാംഗർ, ഇവർക്കുള്ള ക്ഷേമ നടപടികളുടെ അഭാവം.
20. സ്ത്രീകളെ പൊതുവേദികളിൽ ഇറക്കുന്നതിൽ പുരുഷന്മാരിലുള്ള അപകർഷതാബോധം.

21. വനിതകളുടെ അമിതമായ ജോലിക്കൂടുതൽ.
22. കുടിവെള്ളപ്രശ്നം.
23. പ്രൈമറി ഹെൽത്ത് സെന്റർ, മാതൃ, ശിശു സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം പര്യാപ്തമല്ല.
24. സ്ത്രീവിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന ഇല്ല.

സാദ്ധ്യതകൾ

1. വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടികൾ ഉണ്ടാകണം. കാർഷിക-വ്യാവസായിക മേഖലയിൽ സ്ഥിരമായ ജോലി ഉറപ്പാക്കണം.
2. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അനുബന്ധമായി തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയും വേണം. പ്രത്യേകിച്ച് ചെറുകിട ഇലക്ട്രോണിക്സ് അസംബ്ലിംഗ് യൂണിറ്റുകൾ.
3. മദ്യവും മയക്കുമരുന്നും നിരോധിക്കുകയും നിരന്തരമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.
4. വനിതാവ്യവസായ സംരംഭകർക്ക് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും ടാക്സ് ഇളവും നല്കി സഹായിക്കുക.
5. സ്ത്രീകൾക്കായി സമ്പാദ്യപദ്ധതി പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പാക്കുക.
6. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
7. വിവാഹം, ജന്മദിനം ചടങ്ങുകളിൽ ആർഭാടം ഒഴിവാക്കുക.
8. ലൈബ്രറിയോടുചേർന്ന് സ്ത്രീകൾക്കായി പ്രത്യേക വായനാവിഭാഗം ഏർപ്പെടുത്തുകയും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും ചെയ്യുക.
9. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പാക്കുക.
10. അബല-വൃദ്ധമന്ദിരം എന്നിവ തുടങ്ങുക. വിധവകൾ, അന്ധർ, വികലാംഗർ, ആലംബഹീനർ എന്നിവരെപ്പറ്റി പൂർണ്ണമായ വിവരം ശേഖരിക്കുക, അവർക്കായി ക്ഷേമപദ്ധതികൾ പഞ്ചായത്ത് ആരംഭിക്കുക.
11. കോളനികളിൽ കിണറുകൾ നിർബ്ബന്ധമായും സ്ഥാപിക്കുക.
12. സ്ത്രീപീഡനത്തിനെതിരെ കർശനമായ നടപടികൾ കൈക്കൊള്ളുകയും ഓരോ പോലീസ് സ്റ്റേഷനിലും പ്രത്യേക സെൽ രൂപീകരിക്കുകയും ചെയ്യുക.
13. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകളുടെ വാൾപോസ്റ്ററുകൾ നിരോധിക്കണം.
14. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലും ക്ഷേമത്തിലും പ്രത്യേകം ശ്രദ്ധക്കുക.
15. അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. അംഗൻവാടി ജീവനക്കാർക്ക് പ്രൈമറി സ്കൂൾ അദ്ധ്യാപകരുടേതിന് തുല്യമായ സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുക.
16. വിവാഹ ധനസഹായം നല്കുക. ചട്ടങ്ങളിൽ ഇളവുവരുത്തി അത് വ്യാപകമാക്കുക.
17. വനിതകളെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കാനുതകുന്ന പരിപാടികൾ ആവിഷ്കരിക്കുക.
18. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മഹിളാ സംഘങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ വനിതാ വിഭാഗങ്ങൾ എന്നിവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.



F. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ആകെ ജനസഖ്യ 5352 ആണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 15.8% പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ ഈ പഞ്ചായത്തിൽ 41 പേരുണ്ട്. 925 പട്ടികജാതി കുടുംബങ്ങൾ പഞ്ചായത്തിലെ 12 വാർഡുകളിലായി താമസിച്ചുവരുന്നു. ഇവരിൽ 2426 പേർ പുരുഷന്മാരും 2926 പേർ സ്ത്രീകളുമാണ്. പരമ്പരാഗതമായ കുലത്തൊഴിലിലും വിവിധ ഇനം നാടൻ കലകളിലും വിദഗ്ദ്ധരായവർ ഈ പഞ്ചായത്തിലുണ്ട്.



കോളനികൾ കേന്ദ്രീകരിച്ചാണ് പ്രധാനമായും വികസനപ്രവർത്തനങ്ങൾ നടക്കുന്നത്. പഞ്ചായത്തിൽ ആകെ 38 കോളനികൾ നിലവിലുണ്ട്. ഇതിൽ 20 കോളനികൾ അംഗീകാരമുള്ളതും 18 കോളനികൾ പുതിയതായി രജിസ്റ്റർ ചെയ്യേണ്ട അനുബന്ധ കോളനികളുമാണ്. കോളനികളുടെ ലിസ്റ്റ് ഇതോടൊപ്പം കൊടുത്തിട്ടുണ്ട്. അംഗീകാരമില്ലാത്ത കോളനികൾ സമഗ്രവികസന പദ്ധതിയിൽപ്പെടുത്തി അംഗീകരിക്കേണ്ടതാണ്.

നിരവധികാലം ചൂഷണത്തിന് വിധേയരായിക്കഴിഞ്ഞിരുന്ന ഇവർക്ക് സാധുജന പരിപാലന സംഘം, വിവിധ നവോത്ഥാന പ്രസ്ഥാനങ്ങൾ, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിവയുടെ പ്രവർത്തനങ്ങളുടെ ഫലമായും കുടികിടപ്പ് അവകാശത്തിന്റെയും ഭൂപരിഷ്ക്കരണത്തിന്റെയും ഫലമായും അനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സാമൂഹ്യനീതി പൂർണ്ണമായിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനായി സർക്കാർ കാലാകാലങ്ങളിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. അതിന്റെ ഒന്നും പൂർണ്ണമായ ഗുണം ഈ വിഭാഗത്തിന് ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള അലംഭാവവും അജ്ഞതയും ഒരു പരിധിവരെ ഇതിന് കാരണമാണ്.

പട്ടികജാതി വിഭാഗത്തിലെ വനിതകളെ സ്വാശ്രയബോധമുള്ളവരാക്കി മാറ്റുന്നതിന് സഹായകരമായ വിധത്തിൽ പ്രവർത്തിക്കുന്ന ബഹുജന സംഘടനകളോ സന്നദ്ധ സംഘടനകളോ ഈ പഞ്ചായത്തിൽ വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നില്ല. പരിസര ശുചീകരണത്തിനും ആരോഗ്യ പരിപാലനത്തിനും വ്യക്തിത്വ വികസനത്തിനും ഉതകുന്ന തരത്തിലുള്ള ബോധവൽക്കരണ പരിപാടികൾ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും നടത്തേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസം

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ കാര്യത്തിൽ വലിയ പുരോഗതി ആർജ്ജിച്ചു എന്നു പറഞ്ഞുകൂടാ. ഏതാണ്ട് 50% ആളുകൾ പ്രവർത്ത്യനുഖ സാക്ഷരരല്ല. സ്കൂളിൽ ചേരുന്ന ഭൂരിപക്ഷം കുട്ടികളും 10ാം ക്ലാസ്സിനുമുമ്പ് പഠിത്തം നിർത്തുന്നു. ഉന്നത വിദ്യാഭ്യാ മേഖലയിൽ, വിശേഷിച്ച് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഇവരുടെ അംഗസംഖ്യ പരിമിതമാണ്.

1991ലെ സാക്ഷരതാ പദ്ധതിയിൽ ബഹു ഭൂരിപക്ഷം നിരക്ഷരായ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാരെയും കൊണ്ടുവരാൻ കഴിഞ്ഞെങ്കിലും തുടർവിദ്യാഭ്യാസത്തിന്റെ അപാകത ഒരു പോരായ്മയായി നിൽക്കുന്നു.

തൊഴിൽ

ഭൂരിപക്ഷം ആളുകളും കാർഷിക മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. പനമ്പ്, വട്ടി, കുട്ട ഇവയുടെ നിർമ്മാണം, തുന്നൽപ്പണി എന്നിങ്ങനെ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ നിർമ്മാണ മേഖലകളിലേക്ക് കുടിയേറുന്ന പ്രവണതയും കണ്ടുവരുന്നു.

കർഷകത്തൊഴിലാളികൾക്കും മറ്റ് കൂലിവേലക്കാർക്കും വർഷത്തിൽ നൂറു ദിവസത്തോളം മാത്രമേ ജോലി ലഭിക്കുന്നുള്ളു. തെങ്ങുകയറ്റത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികൾക്കും ഇത്രയും തൊഴിൽ ദിനങ്ങൾപോലും കിട്ടുന്നില്ല. ഇവർക്കായി പല ക്ഷേമനിധികളും നിലവിലുണ്ടെങ്കിലും ഭൂരിപക്ഷംപേരും ഇതിലൊന്നും അംഗങ്ങളല്ല.

പാർപ്പിടം

രണ്ട് മുറികളുള്ള ഓടു മേഞ്ഞ കുറെ വീടുകൾ സർക്കാർ ലോൺ ഉപയോഗിച്ച് പല വാർഡുകളിലും നിർമ്മിച്ചിട്ടുണ്ട്. അതും സ്വന്തമായി ഭൂമി ഉള്ളവർക്കുമാത്രം. ഭൂരിപക്ഷം പേർക്കും ഉറപ്പുള്ള വീടുകൾ ഇല്ല. ഉള്ളത് ചോർന്നൊലിക്കുന്ന കുടിലുകളാണ്. കൂലി മിച്ചം വച്ച് വീട് നിർമ്മിക്കാൻ കഴിയില്ല. വീടില്ലാത്ത മുഴുവൻ പട്ടികജാതിക്കാർക്കും സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കണം. കോളനി നിവാസികളല്ലാത്തവർക്കും ഒറ്റപ്പെട്ട (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക്) താമസക്കാർക്കും വീട് നിർമ്മിച്ചുകൊടുക്കാൻ സമയബന്ധിത നടപടി വേണം.

ആരോഗ്യം

പോഷകാഹാരക്കുറവുകൊണ്ട് പല രോഗങ്ങളും ഇവർക്ക് പിടിപെടുന്നു. ശുചിത്വ പാലിക്കുന്നതിലുള്ള അജ്ഞത്കൊണ്ട് പലതരത്തിലുള്ള പകർച്ചവ്യാധികളും ഉണ്ടാകുന്നുണ്ട്. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ, കക്കൂസ് ഉപയോഗിക്കേണ്ടതിന്റെ ആവശ്യം എന്നീ കാര്യങ്ങളിൽ വ്യാപകമായ ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. രജിസ്റ്റർ ചെയ്ത കോളനികൾക്ക് അനുവദിച്ചിട്ടുള്ള വികസനത്തിന്റെ ആനുകൂല്യ ലഭിക്കുന്നില്ല. രജിസ്റ്റർ ചെയ്യേണ്ട കോളനികൾ രജിസ്റ്റർ ചെയ്തിട്ടില്ല.
2. തൊഴിലവസരങ്ങൾ കുറയുന്നു. അതുമൂലം ദാരിദ്ര്യവും പട്ടിണിയും വർദ്ധിക്കുന്നു.
3. വിദ്യാഭ്യാസം തക്കസമയത്ത് ലഭിക്കുന്നില്ല. രക്ഷാകർത്താക്കൾ ജോലിക്കു പോകുമ്പോൾ ഇളയകുട്ടികളെ സംരക്ഷിക്കുന്നതിനും രക്ഷാകർത്താക്കളെ സഹായിക്കുന്നതിനുംവേണ്ടി കുട്ടികൾ പഠനം അവസാനിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.
4. പകർച്ചവ്യാധികൾ ഉണ്ടാകുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് അജ്ഞരാണ്. രോഗചികിത്സയ്ക്കുതന്നെ ഇന്നും അന്ധവിശ്വാസങ്ങൾ പലരും പരിഹാരമായി സ്വീകരിച്ചുകാണുന്നു.
5. സാമൂഹ്യവും സാംസ്കാരികവുമായ ഉച്ചനീചത്വങ്ങൾ നിലനില്ക്കുന്നു.
6. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്കുകളിൽനിന്ന് വായ്പ അനുവദിക്കുന്നതിനുള്ള തടസ്സങ്ങൾ.
7. പരമ്പരാഗത തൊഴിലിനാവശ്യമായ അസംസ്കൃതവസ്തുക്കൾ ലഭ്യമല്ല.
8. സാമ്പത്തിക സ്ഥാപനങ്ങളിൽനിന്ന് അർഹ

മായ സഹായം ലഭിക്കാത്ത സ്ഥിതിയുണ്ട്. ലഭ്യമാകുന്നതുതന്നെ പലപ്പോഴും ഇടനിലക്കാർ തട്ടിയെടുക്കുക, അനുവദിച്ച ഫണ്ടു തന്നെ ലാപ്സാകുന്നു, വഴിമാറിപ്പോകുന്നു തുടങ്ങിയ പ്രശ്നങ്ങൾ.

9. അവകാശങ്ങളെക്കുറിച്ചുള്ള അജ്ഞത ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇടയാക്കുന്നു.
10. സ്വന്തമായി ഭൂമി ഇല്ലാത്ത കുടുംബങ്ങൾ.
11. നിരക്ഷരത
12. ശവശരീരങ്ങൾ മറവുചെയ്യാൻ പൊതുശ്മശാനങ്ങളില്ലാത്ത അവസ്ഥ.

സാദ്ധ്യതകൾ

1. പനമ്പ്, വട്ടി, കൊട്ട തുടങ്ങിയ പരമ്പരാഗത തൊഴിലാളികൾക്കായി സഹകരണ സംഘങ്ങൾ രൂപീകരിച്ച് വിപണന മേഖല ശക്തിപ്പെടുത്തണം. അത് അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തും.
2. കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, പരമ്പരാഗത തൊഴിലാളികൾ എന്നിവർക്ക് വർഷത്തിൽ 300 ദിവസം ജോലി ലഭ്യമാക്കി മനുഷ്യശക്തി പ്രയോജനപ്പെടുത്തണം. അതിനുള്ള സാദ്ധ്യത ഈ പഞ്ചായത്തിലുണ്ട്.
3. മിച്ചഭൂമി വിതരണം കാര്യക്ഷമമാക്കി കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണം.
4. തരിശുനിലങ്ങളിൽ കൃഷി ആരംഭിക്കണം. കൃഷിഭവൻ മുഖേന ശാസ്ത്രീയ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം.
5. പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി അവരുടെ പഠനം നിലയ്ക്കാതിരിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കണം.
6. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി നൽകി കാർഷിക മേഖലയിൽ പുത്തൻ ഉണർവ്വ് ഉണ്ടാക്കണം.
7. ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ അവരിൽ എത്തിക്കുന്നതിന് വൈദ്യുതി ആവശ്യമാണ്. ആയതിനാൽ എല്ലാ പട്ടികജാതി വീടുകളിലും വൈദ്യുതി എത്തിക്കണം.
8. ബഹുജന സംഘടനകളുടെയും സന്നദ്ധ സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്തി സാക്ഷരത, ആരോഗ്യ പരിപാലനം എന്നിവയിൽ വ്യാപകമായ ബോധവൽക്കരണം നടത്തണം.
9. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന പട്ടികജാതി പിന്നോക്ക വിഭാഗങ്ങളെ മുഴുവൻ രജിസ്റ്റർ ചെയ്ത് തൊഴിൽ നിയമങ്ങൾ നടപ്പാക്കണം.
10. എല്ലാ വാർഡുകളിലും വാർത്താവിനിമയ സൗകര്യങ്ങൾ, വായനശാലകൾ, ബാലവാടികൾ, അംഗൻവാടികൾ, ആശുപത്രികൾ എന്നിവ സ്ഥാപിക്കണം.
11. വനിതാ ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.
12. കർഷകത്തൊഴിലാളികൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള ക്ഷേമനിധിയിൽ എല്ലാവരെയും അംഗങ്ങളാക്കണം.
13. അസംഘടിത പരമ്പരാഗത തൊഴിൽ മേഖലയിലുള്ളവർക്കും ക്ഷേമനിധി ഏർപ്പെടുത്തണം.



പഞ്ചായത്തിലെ നിലവിലുള്ള രജിസ്റ്റർ ചെയ്യപ്പെട്ട കോളനികൾ

വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
I	പ്രിയദർശിനി H.C. ഇളംഗമംഗലം (ചൂരക്കോട്)	18	56
I	പൂന്തോട്ടത്തിൽ കോളനി, ഇളംഗമംഗലം	42	225
II	അംബേദ്ക്കർ മെമ്മോറിയൽ H.C. ഏനാത്ത്	14	73
II	മണ്ടച്ചാൻ പാറ H.C.	48	262
II	ഉത്തശ്ശേരി H.C. ഏനാത്ത് പടിഞ്ഞാറേക്കര	16	78
III	പോളച്ചിറ H.C. ഏനാത്ത്	27	118
III	പയറ്റുംവിള H.C.	15	73
IV	വെള്ളാരംകുന്ന് H.C. കിഴക്കുപുറം	35	175
IV	കിഴക്കുപുറം H.C.	28	152
IV	ഉദയ H.S.C.	11	50
V	കുലശ്ശേരി H.C. കുലശ്ശേരി ജംഗ്ഷൻ	50	265
VI	മാട്ടുമുരുപ്പേൽ, നെടുമൺ	62	324
VI	മാങ്കോട്ട് മുരുപ്പ് H.C.	31	145
VII	മുരുകൻകുന്ന് H.C. തൊടുവക്കാട് ജംഗ്ഷനു കിഴക്ക്	35	178
VIII	വെള്ളപ്പാറമുക്ക് തൊടുവക്കാട് ജംഗ്ഷന് പടിഞ്ഞാറ്	82	413
VIII	മരുതിനിക്കാലാ (തൊടുവക്കാട്) അംബേദ്ക്കർ മെമ്മോറിയൽ H.C.	13	51
VIII	കല്ലുംമുകൾ മഹാത്മാ H.C. Near പാറയിൽപടി	23	115
IX	പുതുമല പനക്കമുരുപ്പ് H.C. പുതുമല ജംഗ്ഷനു തെക്ക്	68	343
XI	കുടുക്കാച്ചിറ കോളനി	17	92
XII	കാപ്പിൽഭാഗം, അറുകാലിക്കൽ പടിഞ്ഞാറ്	18	96

പഞ്ചായത്തിൽ പുതുതായി രജിസ്റ്റർ ചെയ്യേണ്ട അനുബന്ധ കോളനികൾ

വാർഡ് നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
I	പൊന്നിട്ടവിള കോളനി, ഇളംഗമംഗലം	18	100
I	കുറവൻവിള കോളനി, ഇളംഗമംഗലം	22	120
I	കാഞ്ഞാട്ടുവിള കോളനി, ഇളംഗമംഗലം	30	150
II	വെള്ളാംകോട്ടു കോളനി, ഏനാത്ത്	35	175
II	തോട്ടത്തിൽപടി കോളനി, ഏനാത്ത്	20	105
II	പട്ടുകുന്നിൽ കോളനി, ഏനാത്ത് വടക്ക്	25	150
III	കൊയ്പ്പള്ളിമല കോളനി, ഏനാത്ത് കിഴക്ക്	35	155
III	പറങ്കിമാംവിള കോളനി, ഏനാത്ത് കിഴക്ക്	18	100
IV	മല്ലിവിള ഹരിജൻ കോളനി	12	45
IV	ഓലികുളങ്ങര കോളനി, കടിക	22	120
VII	സാംബവമന്ദിരം കോളനി	17	85
VII	തൊടുവക്കാട് കോളനി	21	118
VIII	പുലരി കോളനി	28	140
IX	പനയ്ക്കമുരുപ്പ് വട്ടമുരുപ്പ് കോളനി	35	180
IX	നെല്ലിക്കാമുരുപ്പ് മുളങ്ങോട്ട് കോളനി	10	40
X	പറങ്കാംവിള കോളനി	16	60
X	മാങ്കൂട്ടം കോളനി	15	50
XI	ആലുവിള കോളനി	20	110
XI	മുകളുവിള കോളനി	22	120

വിഭവ സമാഹരണം

ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രധാനമായും ഒരു കാർഷിക പ്രദേശമാണ്. ബഹുഭൂരിപക്ഷവും ഉപജീവനത്തിനായി കൃഷിയെ ആശ്രയിക്കുന്നവരാണ്. നാമമാത്രമായ ആളുകൾ ചെറുകിട വ്യവസായ മേഖലയിലും, പരമ്പരഗത വ്യവസായ മേഖലയിലും, കച്ചവടത്തിലും, ഏർപ്പെട്ടിട്ടുണ്ട്. ഒരു ചെറിയ ശതമാനം സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യസർവ്വീസ് മേഖലകളിലും, കേരളത്തിനു വെളിയിലും, ഗൾഫിലും ജോലിചെയ്യുന്നുണ്ട്. ഇവരുടെയൊക്കെ കൃത്യമായ കണക്കോ വരുമാനത്തിന്റെ തോതോ ശേഖരിക്കുന്നതിന് ശാസ്ത്രീയമായ ഒരു ശ്രമവും നടത്തിയിട്ടില്ല. ഒരു ഏകദേശ കണക്കു മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഒരു സമ്പൂർണ്ണ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ വിഭവസമാഹരണത്തിന് വ്യക്തമായ ഒരു രൂപരേഖ തയ്യാറാക്കാൻ കഴിയുകയുള്ളു.

കൃഷി മേഖലയിൽ നാണ്യവിളകൾ ഒരു പ്രധാന സ്ഥാനം അലങ്കരിക്കുന്നുണ്ട്. റബ്ബർ, തെങ്ങ്, കുരുമുളക്, അടയ്ക്ക എന്നിവ വ്യാപകമായി കൃഷിചെയ്യുന്നുണ്ട്. വൻകിട, ചെറുകിട റബ്ബർ എസ്റ്റേറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. കൂടാതെ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കൊച്ചുകൊച്ചു റബ്ബർ തോട്ടങ്ങൾ കാണാവുന്നതാണ്. ഒരേക്കറിൽ താഴെ ഭൂമിയുള്ള കർഷകരും റബ്ബർകൃഷിയിലേക്കു തിരിഞ്ഞിരിക്കുന്നു. അതുകൊണ്ട് റബ്ബർകൃഷി വളരെ വ്യാപകമായിരിക്കുന്നു. മറ്റ് കാർഷികവിളകളുടെ സ്ഥാനം റബ്ബർ കയ്യടക്കിയിരിക്കുന്നു. റബ്ബറിന് പറ്റിയ മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. റബ്ബർ കൃഷി ഒരു പരിധിവരെ ശാസ്ത്രീയമായി നടത്താനുള്ള ശ്രമങ്ങൾ റബ്ബർ ബോർഡിന്റെ മേൽനോട്ടത്തിൽ നടക്കുന്നുണ്ട്. അതുമൂലം റബ്ബർ ഉല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പലരും സ്വയം തൊഴിൽ കണ്ടെത്തൽ എന്ന നിലയിൽ റബ്ബർ വിപണന രംഗത്തേക്കുകടന്നിട്ടുമുണ്ട്. റബ്ബർ ടാപ്പിങ്, തടിവെട്ട് മേഖലയിൽ ധാരാളം ആളുകൾ ജോലി ചെയ്യുന്നുമുണ്ട്.

റബ്ബർ കൃഷി കുറേക്കൂടി ശാസ്ത്രീയമാക്കുകയും വ്യാപകമാക്കുകയും ചെയ്താൽ അത് തൊഴിൽ സൃഷ്ടിക്കുകയും വരുമാന വർദ്ധനവിന് ഇടയാക്കുകയും ചെയ്യും. റബ്ബറോ റബ്ബർതടി അധിഷ്ഠിതമായതോ ആയ ഒരു വ്യവസായപദ്ധതിക്ക് എല്ലാ സാദ്ധ്യതയുമുണ്ട്.

നേരത്തെ വളരെ വ്യാപകമായിരുന്ന തെങ്ങ് കൃഷി ഇപ്പോൾ ഏതാണ്ടസ്തമിച്ചമട്ടാണ്. തെങ്ങുതോട്ടങ്ങൾ റബ്ബർ കയ്യേറിയിരിക്കുന്നു. തെങ്ങിനുണ്ടാകുന്ന രോഗങ്ങളും, തേങ്ങയുടെ വിലയിടിവുമാണ് ഇതിനൊരുകാരണം. കേരളത്തിന്റെ പ്രാനപ്പെട്ട ഒരു നാണ്യവിളയായ തെങ്ങിന്റെ കൃഷിവ്യപകമാക്കാനും തേങ്ങയുല്പാദനം വർദ്ധിപ്പിക്കാനും ശ്രദ്ധിച്ചാൽ ആ തരത്തിൽ വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിയും.

മറ്റൊരു പ്രധാന കാർഷികവിള നെല്ലാണ്. നെൽകർഷകർ നെൽകൃഷി ലാഭകരമല്ലാത്തതിനാൽ മറ്റ് മാർഗ്ഗങ്ങളിലേക്കു തിരിയുന്നത് സ്ഥിരം കാഴ്ചയാണ്. വർദ്ധിച്ച ഉല്പാദന ചെലവും നെല്ലിന് വിലയില്ലാത്തതുമാണ് ഇതിനു പ്രധാനകാരണം. അതുകൊണ്ട് കൃഷിയോഗ്യമായ പാടശേഖരങ്ങൾ പലതും തരിശായികിടക്കുകയാണ്. നെൽകർഷകർക്ക് വേണ്ട പ്രോത്സാഹനം നല്കി നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. നമ്മുടെ പ്രധാന ഭക്ഷ്യ ധാന്യമായ അരിക്കുവേണ്ടി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഇന്നത്തെ അവസ്ഥയ്ക്കു മാറ്റംവരാതെ കേരളത്തിനു മുന്നേറാൻ കഴിയില്ല. അതിന്റെ ഭാഗമായി നെൽകർഷകരുടെ സഹകരണ സംഘങ്ങളും മറ്റും ഉണ്ടാക്കി നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കി നെല്ലുല്പാദനം വർദ്ധിപ്പിച്ചാൽ അത് ചെറുകിട കർഷകർക്കും കാർഷികമേഖലയിൽ തൊഴിൽ ചെയ്യുന്നവർക്കും വരുമാന വർദ്ധനവിന് ഇടയാക്കുകയും ഭക്ഷ്യ സ്വയം പര്യാപ്തതയിലേക്ക് നമ്മുടെ പഞ്ചായത്തും സംസ്ഥാനവും നീങ്ങുകയും ചെയ്യും.

മറ്റ് കാർഷിക വിളകളുടെ കാര്യത്തിൽ –

പ്രത്യേകിച്ച് പച്ചക്കറി – ശാസ്ത്രീയ കൃഷിരീതിയും സമീപനവും ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞാൽ അത് പഞ്ചായത്തിന്റെയും പഞ്ചായത്തിലെ ജനങ്ങളുടെയും വരുമാനം വർദ്ധിപ്പിക്കും.

പഞ്ചായത്തിൽ കൂടുതൽ വ്യവസായശാലകൾ തുടങ്ങി തൊഴിൽ സൗകര്യങ്ങൾ ലഭ്യമാക്കുകയും അതിലൂടെ ഇപ്പോൾ പാഴായിപ്പോകുന്ന മനുഷ്യശക്തി പ്രയോജനപ്പെടുത്തുകയും ചെയ്താൽ അത് പഞ്ചായത്തിന് വലിയ മുതൽക്കൂട്ടായിരിക്കും.

ഗൾഫ് മേഖലയിൽനിന്നുള്ള വരുമാനത്തിന്റെ വ്യക്തമായ കണക്ക് ലഭ്യമല്ല. എങ്കിലും ഈ ഗ്രാമപഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഗൾഫ് പണത്തിന്റെ കൊഴുപ്പ് പ്രകടമാണ്. പ്രത്യുല്പാദനപരമല്ലാത്ത മേഖലകളിലേക്കാണ് ആ പണം ഒഴുകുന്നത്. അതിന് തടയിട്ടുകൊണ്ട് അവരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ചെറുകിട വ്യവസായങ്ങളും അതുപോലെ പ്രത്യുല്പാദനപരമായ മേഖലകളിലും പണം നിക്ഷേപിക്കാൻ അവരെ പ്രേരിപ്പിച്ചാൽ അത് നാടിന്റെ വികസനത്തിനും വിഭവ സമാഹരണത്തിനും വലിയ സംഭാവന നല്കും.

പഞ്ചാത്തിൽ ഒരു പൊതുമേഖലാ ധനകാര്യസ്ഥാപനവും സഹകരണ മേഖലയിൽ രണ്ടു ധനകാര്യസ്ഥാപനങ്ങളും സ്വകാര്യമേഖലയിൽ ഏതാണ്ട് പത്തോളം ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. സഹകരണ ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപവായ്പാ അനുപാതം കുറേക്കൂടി മെച്ചപ്പെടുത്താവുന്നതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിക്ഷേപവായ്പാ അനുപാതം പഞ്ചായത്തിന്റെ താല്പര്യങ്ങൾക്ക് തീരെ അനുഗുണമല്ല.

പഞ്ചായത്തിന്റെ ഏറ്റവും വലിയ വിഭവം മനുഷ്യശക്തിയാണ്. അത് ശരിയായി പ്രയോജനപ്പെടുത്താൻ കഴിയണം. അതിന് കാർഷിക, വ്യാവസായിക മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഇപ്പോൾ പാഴായിപ്പോകുന്ന മനുഷ്യശക്തി ശാസ്ത്രീയമായി ഉപയോഗപ്പെടുത്തിയാൽ അത് മനുഷ്യരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുകയും ഒപ്പം പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കാനിടയാവുകയും ചെയ്യും. സ്വയം തൊഴിൽ കണ്ടെത്താൻ യുവാക്കളെ സഹായിക്കുകയും സ്വയം തൊഴിൽ കണ്ടെത്തിയ യുവതിയുവാക്കളുടെ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് വിപണി കണ്ടെത്തുകയും ന്യായമായ വില ഉറപ്പാക്കുകയും ചെയ്യാൻ പഞ്ചായത്തുകൾക്ക് മുൻകൈ എടുക്കാൻ കഴിയും.

പാഴായിപ്പോകുന്ന യുവജനശക്തി ക്രിയാത്മക നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് വഴിതിരിച്ചുവിടാൻ ഈ പഞ്ചായത്തിൽ ധാരാളം സാദ്ധ്യതകളുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാലകൾ, വിവിധ ക്ലബ്ബുകൾ, യുവജന സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ ഇത് പ്രാവർത്തികമാക്കാൻ കഴിയും.

മറ്റു സാദ്ധ്യതകൾ

1. ഭരണപരമായ ദുർചെലവുകുറയ്ക്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഇടപെടൽകൊണ്ടു കഴിയുന്നതാണ്. ആ പണം മറ്റ് വികസന മേഖലകളിലേക്കു തിരിച്ചുവിടാൻ കഴിയും.
2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പകൾ ലഭ്യമാക്കി വ്യവസായ മേഖലയിലും കാർഷിക മേഖലയിലും നിക്ഷേപിക്കുക. പ്രത്യേകിച്ച് സഹകരണ ബാങ്കുകളിലെ വായ്പകളുടെ തോത് വർദ്ധിപ്പിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്യേണ്ടതാണ്.
3. കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും കാർഷികവിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക. കർഷകത്തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുക.
4. ഗൾഫ് പണം പ്രത്യുല്പാദനപരമായ മേഖലയിലേക്ക് തിരിച്ചുവിടുന്നതിന് റബ്ബർ/നെല്ല് അധിഷ്ഠിതമായ ചെറുകിട വ്യവസായ യൂണിറ്റിന് പ്രോത്സാഹനം നൽകുക. അതല്ലെങ്കിൽ വളരെ സാദ്ധ്യതയുള്ള ഇലക്ട്രോണിക്സ് മേഖലയിൽപ്പെടുന്ന ഒരു വ്യവസായ സംരംഭം ആരംഭിക്കുക.
5. ഗ്രാമപഞ്ചായത്തിൽ ധാരാളം ഗ്രാനൈറ്റ് പാറകളുണ്ട്. അത് ഉപയോഗപ്പെടുത്തി കെട്ടിട നിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്ന ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.
6. ഏഴംകുളം ഗ്രാമപഞ്ചായത്തിലെ കുളങ്ങൾ

കേന്ദ്രീകരിച്ച് മത്സ്യസഹകരണ സംഘങ്ങൾ ഉണ്ടാക്കുകയും മത്സ്യകൃഷി ആരംഭിക്കുകയും ചെയ്യുക.

7. പഞ്ചായത്തിലെ വൻ കെട്ടിടങ്ങൾക്ക് ഇന്നുള്ളതിലും ഉയർന്ന നികുതി ചുമത്തുക.
8. വൻകിട റബ്ബർ എസ്റ്റേറ്റുകൾക്ക് പ്രത്യേക നികുതി ചുമത്തുക.

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിട നികുതി	3,50,073.60	~~3,50,774.10~~ 350073.60	~~1,779.30~~
സർവ്വീസ് ചാർജ്ജ് (ലൈബ്രറി സെസ്സ്)	~~17~~,622.80	17622.80 ~~17,834.30~~	~~127.70~~
തൊഴിൽ നികുതി	1,90,190.00	190190 ~~1,89,315.00~~	~~3025.00~~
വിനോദ നികുതി	57,780.00	57,780.00	
അഡി. വിനോദ നികുതി	3,4637.00	34,637.00	
പ്രദർശന നികുതി	5,144.00	5,144.00	
പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്ജ്	1,286.00	1,286.00	
ചന്ത വരവ്	8,450.00	11,660.00	
ലാന്റ് സെസ്സ്			
ലൈസൻസ് ഫീസ്	9,043.00	9,043.00	
കെട്ടിട നികുതി സർചാർജ്ജ്			
വസ്തു കൈമാറ്റ നികുതി 75%	2,57,506.00	2,57,506.00	
വസ്തു കൈമാറ്റ നികുതി 25%			
സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	4,66,117.70	4,66,117.70	
സംഭാവന			
ഡെപ്പോസിറ്റ്	19,800.00	19,800.00	
മറ്റുള്ളവ		1417650.10	
ആകെ	14,17,650.10	~~14,20,897.10~~	~~4,932.00~~

ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

ഇനം	തുക
ഭരണം	6,09,904.00
പൊതുമരാമത്ത്	6,11,729.00
വിദ്യാഭ്യാസം	61,962.00
ജല്വിതരണം, ഓടകൾ, പൊതുജനാരോഗ്യം	29,589.00
തെരുവു വിളക്കുകൾ കത്തിക്കുന്നത്	1,13,064.00
മറ്റുള്ളവ	14,349.00
ആകെ	14,40,597.00

പൊതു സാമ്പത്തിക നില

	പൊതു കണക്ക്	മൂലധന കണക്ക്	കടംസംബന്ധിച്ച കണക്ക്
വരവ്	16,42,704.30	3,10,000.00	39,323.55
ചെലവ്	13,55,338.00	5,27,072.00	8,187.00

പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക (95-96)	യഥാർത്ഥ ചെലവ് ഗ്രാന്റ് തുക	പഞ്ചാ. ഫണ്ട്	ആകെ
റോഡ്	6,10,000	5,97,716		5,97,716
കെട്ടിടം	15,500	12,920		12,920
ആകെ	6,25,500	6,10,636		6,10,636



ഉപസംഹാരം

ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളെപ്പറ്റിയുള്ള ഒരേകദേശ ധാരണ ഈ രേഖകളിൽകൂടി കടന്നുപോകുന്നവർക്കു കിട്ടിക്കാണും എന്നുകരുതുന്നു. സമഗ്രവും കൃത്യവുമായ ഒരു രേഖ ചുരുങ്ങിയ കാലംകൊണ്ടും നിലവിലുള്ള സാദ്ധ്യതകൊണ്ടും തയ്യാറാക്കുക ദുസാദ്ധ്യമാണ്. ആസൂത്രണം താഴെതട്ടിൽനിന്നു തുടങ്ങുക എന്നുള്ളത് അതിന്റെ യഥാർത്ഥ അർത്ഥത്തിൽ പ്രാവർത്തികമാകണമെങ്കിൽ അതതു പ്രദേശത്തിന്റെ വിവധ മേഖലകളെപ്പറ്റിയുള്ള സമഗ്രവും കൃത്യവുമായ പഠനവും വിവരശേഖരണവും അനിവാര്യമാണ്. ശാസ്ത്രീയ വിവരശേഖരണത്തിന്റെയും ക്രോഡീകരണത്തിന്റെയും ആവശ്യകത കൂടുതൽ കൂടുതൽ ബോദ്ധ്യപ്പെട്ടുവരുകയാണ്.

വരും കാലങ്ങളിൽ അതിനുള്ള ശ്രമം ചെയ്യുകയും പുതിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള രേഖ പുതുക്കുകയും ചെയ്യുകയെ മാർഗ്ഗമുള്ളൂ.

ഒൻപതാം പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കുന്ന മൂന്നാംഘട്ടത്തിലേക്കു നാം കടന്നിരിക്കുകയാണ്. ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന ഈ രേഖയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനും ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുമുതകുന്ന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടഗ്രദ്ധ പഞ്ചായത്തു സമിതിയുടെ ഭാഗത്തു നിന്നുണ്ടാകുന്നതാണ്.

വിവിധ മേഖലകളെ അവലകനം ചെയ്യുന്നതിൽ ജനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ള നല്ല പ്രതികരണം പദ്ധതി തയ്യാറാക്കുന്നതിലും നിർവ്വഹണത്തിന്റെ കാര്യത്തിലും ഉണ്ടായെമതിയാവൂ എങ്കിലേ നാം ആഗ്രഹിക്കുന്നതരത്തിൽ പദ്ധതികളുടെ ഗുണം ലഭിക്കുകയുള്ളൂ. നമ്മുടെ എല്ലാഗ്രാമസഭകളിലും ജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. പദ്ധതി നിർവ്വഹണഘട്ടത്തിലും വർദ്ധിച്ച ഒരു പങ്കാളിത്തം ഉറപ്പാക്കാൻ നമുക്കു കഴിയണം.

ഏഴംകുളം പഞ്ചായത്തിൽ റബ്ബർ, റബ്ബർതടി, നെല്ല്, ഇലക്ട്രേണിക്സ് ഇതിലേതെങ്കിലും മേഖലയിൽ ഒരു ചെറുകിട വ്യവസായയൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ട മുൻകൈ പഞ്ചായത്ത് സമിതി കൈക്കൊള്ളുന്നതാണ്. വ്യവസായ സംരംഭങ്ങളിൽ മൂതൽ മുടക്കാൻ തയ്യാറാകുന്നവർക്ക് എല്ലാവിധ സഹായസഹകരണങ്ങളും നല്കുന്നതുമാണ്. നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനുവേണ്ടി ഗൾഫ് മലയാളികൾ പണം നിക്ഷേപിക്കാൻ തയ്യാറാകുമെന്ന് പ്രത്യാശിക്കുന്നു.

ഓരോ മേഖലയെപ്പറ്റിയും വിവിധ ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളുടെയും പരിഹാരനിർദ്ദേശങ്ങളുടെയും സാദ്ധ്യതകളുടെയും സംക്ഷിപ്തരൂപമാണ് ഇവിടെ ചേർത്തിട്ടുള്ളത്, ഒപ്പം ചില അടിസ്ഥാന വിവരങ്ങളും. വിവരങ്ങളൊക്കെ വിവിധ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, ജനകീയസംഘടനകൾ, ഗ്രാമസഭ തുടങ്ങിയവ ശേഖരിച്ചു നല്കിയതാണ്.

ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന ഈ രേഖ പൂർണ്ണമാണെന്നവകാശപ്പെടുന്നില്ല. ധാരാളം കാര്യങ്ങൾ വിട്ടുപോയിട്ടുണ്ടാവാം. കൂട്ടിച്ചേർക്കാൻ ധാരാളം കാര്യങ്ങളുണ്ടാവുകയും ചെയ്യാം. അതൊക്കെ ചൂണ്ടിക്കാണിച്ച് ഈ രേഖ സമഗ്രമാക്കാനും കേരളത്തിലെ ഇടതുപക്ഷ ജനാതിപത്യമുന്നണി മന്ത്രിസഭയുടെ നേതൃത്വത്തിൽ സമാരംഭിച്ചിരിക്കുന്ന ഈ മഹത്തായ യജ്ഞം അതിന്റെ ശരിയായ രൂപത്തിൽ നടപ്പിലാക്കുന്നതിനുംവേണ്ടി തുടർന്നും വർദ്ധിത വീര്യത്തോടെ സഹകരിക്കണമെന്നും രംഗത്തിറങ്ങണമെന്നും എല്ലാവരോടും അഭ്യർത്ഥിക്കുന്നു. കേരളം ഇന്ത്യയ്ക്കു മാതൃകയാവുന്നതുപോലെ ഏഴംകുളം മറ്റു പഞ്ചായത്തുകൾക്ക് മാതൃകയാകത്തക്കവണ്ണം നമുക്ക് ഒത്തൊരുമിച്ചു യത്നിക്കാം.

ഇ.എ. റഹിം
പ്രസിഡന്റ്

അടൂർ താലൂക്കിലെ ഗ്രാമപഞ്ചായത്തുകൾ

ഏഴംകുളം
ഏനാദിമംഗലം
ഏറത്ത്
കടമ്പനാട്
പള്ളിക്കൽ
കലഞ്ഞൂർ
പന്തളം
പന്തളം തെക്കേക്കര
തുമ്പമൺ
കൊടുമൺ

അയൽ പഞ്ചായത്തുകൾ

കൊടുമൺ
ഏനാദിമംഗലം
ഏറത്ത്
പട്ടാഴി
കടമ്പനാട്
കുളക്കട

പഞ്ചായത്ത് ജീവനക്കാർ

എസ്. അരവിന്ദാക്ഷൻ ഉണ്ണിത്താൻ (സെക്രട്ടറി)
എൻ. ഓമന (സെക്രട്ടറി – 1996 ഡിസംബർ 21 മുതൽ)
ഇ. ജോയിക്കുട്ടി (സുപ്രണ്ട്)
ജി. രവീന്ദ്രൻ-(യു.ഡി. ക്ലാർക്ക്)
കെ. ജയദേവൻ പിള്ള (യു.ഡി. ക്ലാർക്ക്)
ജി. ചെല്ലപ്പൻ ഉണ്ണിത്താൻ (യു.ഡി. ക്ലാർക്ക്)
ഇ. അമ്മിണിയമ്മ (എൽ.ഡി.ക്ലാർക്ക്)
സി. കനകമ്മ (എൽ.ഡി.ക്ലാർക്ക്)
ടി.എൻ. രാധാമണി അമ്മാൾ (എൽ.ഡി.ക്ലാർക്ക്)
ആർ. രാജേന്ദ്രകുമാർ ഫുൾ ടൈം ലൈബ്രേറിയൻ
കെ. സരസമ്മ (പ്യൂൺ)
കെ.കെ. പൊടിയൻ (പ്യൂൺ)
ജെ. ഇന്ദിരാദേവി

ഏഴംകുളം ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റുമാരും വൈസ്പ്രസിഡന്റുമാരും

1951

സി.പി. നാണുനായർ *(പ്രസിഡന്റ്)*
കാവനാൽ ഐ. ജോസഫ് *(വൈസ്പ്രസിഡന്റ്)*

1964

കെ.എം.വി. പണ്ടാല *(പ്രസിഡന്റ്)*
മീരാസാഹിബ് *(വൈസ്പ്രസിഡന്റ്)*

1979

അഡ്വ. കെ. വിശ്വനാഥൻനായർ *(പ്രസിഡന്റ്)*
ഹാജി പി.എൽ.വി. റാവുത്തർ *(വൈസ്പ്രസിഡന്റ്)*

1987

പി.എസ്സ്. മുരളീധരൻ *(പ്രസിഡന്റ്)*
എൻ. മുരളീധരൻ *(വൈസ്പ്രസിഡന്റ്)*

ആദ്യകാല വനിതാമെമ്പർ

മണ്ണിക്കരോട്ട് ആച്ചിയമ്മ ലൂക്കോസ്,

Published by: Ezhamkulam Grama Panchayat
Year of Publishing: 1996
Number of Copies: 600
Type Setting & Printing: Darsana, Adoor Phone: 047441-2153

അക്കാഡമിക് കമ്മിറ്റി

ബാബു ജോൺ
പ്രതാപചന്ദ്രൻ

ജില്ലാ പരിശീലനത്തിൽ പങ്കെടുത്തവർ

1. മുരളീധരൻ നായർ
2. കലാനിലയം രാമചന്ദ്രൻ നായർ
3. ഏഴംകുളം മോഹനൻ
4. കുട്ടപ്പൻ നായർ
5. രമേശദാസൻ നായർ
6. ഏഴംകുളം അജു
7. പി.എസ്. മുരളീധരൻ
8. കെ.പി. രാജലക്ഷ്മി

പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺസ്

1. കെ. ജോൺ ജോൺ
2. മുഹമ്മദാലി റാവുത്തർ
3. വി. ശശിധരൻ
4. അയ്പ് മാത്യൂ
5. സലിരാജൻ
6. എൻ. ശ്രീധരപ്പണിക്കർ
7. ശാമുവേൽ
8. ആർ. നടരാജൻ
9. ആർ. മോഹനൻ
10. എൻ. രവീന്ദ്രൻപിള്ള
11. ജി. ജനാർദ്ദനൻ
12. തെക്കടത്ത് രാജേന്ദ്രൻ
13. ടി.ഡി. മത്തായി
14. ശാമുവേൽ മത്തായി
15. ബേബിക്കുട്ടി എം.
16. പി.എൻ. പോറ്റി
17. പി. മധു
18. ഗോപിക്കുട്ടൻ നായർ
19. ടി. സുലൈമാൻ
20. ആർ. കമലാസനൻ
21. എം. ശാന്തകുമാർ
22. ഗോപാലകൃഷ്ണൻ പി.
23. സോമശേഖരൻ നായർ
24. ശശിധരൻ ആർ.
25. കെ.കെ. രവീന്ദ്രൻ പിള്ള
26. ദേവദാസ് വി.എസ്.
27. കെ. ഗോപിനാഥൻ
28. എൻ. ഗോപാലപിള്ള
29. കെ. ദിവാകരൻ
30. കെ.ആർ. രാമചന്ദ്രൻ
31. റോയി തോമസ്
32. കെ.ആർ. രഘുനാഥ്
33. തങ്കച്ചൻ, തേപ്പുപാറ
34. ആർ.ജി. നായർ
35. കെ. ഭാസ്ക്കരൻ
36. കെ. രാമചന്ദ്രൻ പിള്ള
37. വി.ഒ. മത്തായി
38. കെ.സി. ശാമുവൽ
39. എം.എം. തോമസ്
40. കെ. മുരളീധരൻ പിള്ള
41. ആർ. ബാലകൃഷ്ണൻ നായർ
42. സുരേഷ്കുമാർ
43. സുദർശനൻ കെ.എൻ.
44. കെ.പി. ബാലകൃഷ്ണൻ ഉണ്ണിത്താൻ
45. എ. തങ്കപ്പൻ ആചാരി
46. കെ. കുട്ടപ്പൻ നായർ
47. എം. ശാമുവൽ
48. ജി. മനുവൽ
49. എൻ. രാഘവൻ നായർ
50. എൻ. വിദ്യാധരൻ
51. സി.കെ. ചെല്ലപ്പൻ പിള്ള
52. ജി. ഭാർഗ്ഗവൻ നായർ
53. .സി.കെ. സൈമൺ
54. ജോസഫ് പി.എം.
55. സി.പി. സുഭാഷ്
56. സി. മോഹനൻ
57. പി. പരശുരാം
58. ജി. ബാലകൃഷ്ണപിള്ള
59. രാജു ജോർജ്ജ്
60. ഗോപാലൻ
61. ഡൊമിനിക് ദാസ്
62. സർവ്വദീൻ
63. ടി. കോശി
64. കെ. ബാലകൃഷ്ണൻ നായർ
65. കെ. അജികുമാർ
66. മധുസൂദനൻ പിള്ള
67. കെ.എം. എബ്രഹാം
68. പി. ബാലകൃഷ്ണൻ നായർ
69. തുളസീധരൻ
70. കെ.എസ്. ബാബുരാജ്
71. വൈ. തോമസ്
72. ജി. രാധാകൃഷ്ണൻ
73. ശ്രീലത ജെ.
74. ബി. രാധമ്മ
75. ജയകുമാർ
76. സി. രജിഷ്
77. റജിമോൻ
78. കെ.എൻ. സോമൻ
79. മത്തായി സക്കറിയ
80. ഇ.കെ. ശശിധരൻ
81. ധനപാൽ

രേഖ തയ്യാറാക്കാൻ സഹായിച്ചവർ

1. ഈ.കെ. ശശിധരൻ
2. ജി. രാധാകൃഷ്ണൻ
3. ഉഴവത്ത് സോമശേഖരൻ പിള്ള
4. ധർമ്മ പ്രസാദ്
5. രാധമ്മ
6. നടരാജൻ
7. ഡാനിയൽ പി.കെ.
8. എൻ ഹരിദാസ്
9. ബേബി
10. എ. തങ്കപ്പനാചാരി
11. കീരത്തിൽ ദിവാകരൻ പിള്ള
12. വൈ. പാപ്പച്ചൻ
13. സതീദേവി
14. വിവിധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ

കേരളത്തിന്റെ ഒൻപതാം പദ്ധതി ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്

ഏഴംകുളം ഗ്രാമപഞ്ചായത്ത്

ഏഴംകുളം ഗ്രാമപഞ്ചായത്ത് വികസനത്തിന്റെ പാതയിൽ...
കൃഷിക്ക് മുന്തിയ പരിഗണന
വ്യവസായവല്ക്കരണത്തിന് ഊന്നൽ
പട്ടികജാതി പട്ടികവർഗ്ഗ ദുർബ്ബല വിഭാഗങ്ങൾക്ക്
ആശ്വാസ പദ്ധതികൾ
ദുർബ്ബല വിഭാഗങ്ങൾക്ക് പാർപ്പിടം, കക്കൂസ്, കിണർ
എന്നിവയ്ക്ക് സഹായം
തൊഴിലാളി ക്ഷേമത്തിന് പ്രത്യേക പരിഗണന
സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് മുൻഗണന
ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി
വനിതാ ശിശു ക്ഷേമത്തിന് ഊന്നൽ
പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ക്ഷേമത്തിന്
വിവിധ പദ്ധതികൾ...
അതെ, അധികാര വികേന്ദ്രീകരണത്തിലൂടെയും
വികേന്ദ്രീകൃതാസൂത്രണത്തിലൂടെയും
ഏഴംകുളം ഗ്രാമപഞ്ചായത്തും കേരളവും
ഒരു പുതിയ വികസന സംസ്കാരത്തിലേക്ക്...
പ്രത്യാശയുടെ ഒരു പുതിയ പ്രഭാതത്തിലേക്ക്